لا إله إلا الله محمد رسول الله

# സത്യദൂതൻ

വജ്ര ജൂബിലി പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

**പുസ്തകം 71**
**ലക്കം 5**

മെയ് 2003
ഹിജ്റത്ത് 1382
സഫർ-റ.അവ്വൽ 1424



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)
കെ. വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. സലിം
പി. എം. ബഷീർ അഹ്മദ്

**സെക്രട്ടറി പീരിയോഡിക്കൽസ്**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം. കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



**വരിസംഖ്യ – 100 ക.**
**ഒറ്റപ്രതി – 10 ക**



വിലാസം
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail: sathyadoothan@ahmadiyya.com


## ഉള്ളടക്കം


4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

**പ്രഭാഷണം**

6 ***ഞങ്ങളുടെ പ്രതിജ്ഞ ഞങ്ങളുടെ സാക്ഷ്യം***
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് ഹാമിസ്

**അനുസ്മരണം**

13 ***ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ***
എ. പി. കഞ്ഞാമു

17 ***ആ ദിവ്യജ്ഞാനി നിശ്ചേതനനായി***
മുഹമ്മദ് ഉമർ എച്ച്. എ.

21 ***ഖലീഫാ തിരുമനസ്സ്***
എ. എം.

**ലേഖനം**

7 ***ദ്വിതീയ ദിവ്യശക്തി***
ഹസ്റത്ത് അഹ്മദ് (അ)

30 ***മഹാജ്ഞാനിയുടെ മഹദ് ഗ്രന്ഥം***
എം. ആലിക്കോയ

34 ***'വരണ്ട കളിമണ്ണിൽ" നിന്നുള്ള മനുഷ്യ സൃഷ്ടിപ്പ്***
കെ. വി. ഈസക്കോയ

**ജീവിതരേഖ**

9 ***ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് അഞ്ചാം ഖലീഫ***

**ഖുത്ബാ സീരീസ്**

10 **സുവിശേഷങ്ങൾ നിറഞ്ഞ ഒരു ഖുത്ബ**
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**സംഭവ വിവരണം**

27 **ഒരു പലായനത്തിന്റെ ദിവ്യാത്ഭുത മുഹൂർത്തങ്ങൾ**
കെ. പി. അഹ്മദ്

**കവിത**

37 ***എന്റെ ആത്മ നിശ്വാസത്തിൽ വസിക്കുന്നവരേ***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്മഹു)

38 ***കുറിപ്പുകൾ, വാർത്തകൾ, അനുസ്മരണം***


***മുഖചിത്രം: ഖലീഫത്തുൽ മസീഹ് IV (റഹ്),***
***ഖലീഫത്തുൽ മസീഹ് V (അയ്യദഹു)***


Printed & Published by A.P. Kunhamoo, for The Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Carrot, Calicut

## ഖുർആനിൽ നിന്ന്

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തി കൊടുക്കുകയം അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരുക്കുന്നു. (24:56)

## നബിവചനം


അബുഹുറൈറയിൽ നിന്നു നിവേദനം: തിരുമേനി അരുളി: ബനു ഇസ്റാഈൽക്കാരെ പ്രവാചകന്മാരാണ് ഭരിച്ചിരുന്നത്. ഓരോ പ്രവാചകൻ മരിക്കുമ്പോഴും അദ്ദേഹത്തിന്റെ പിൻഗാമിയായി മറ്റൊരു പ്രവാചകൻ വരും. എന്നാൽ എനിക്ക് ശേഷം ഉടനെ പ്രവാചകന്മാരുണ്ടാവില്ല. എന്നാൽ ഖലീഫമാരായിരിക്കും ഉണ്ടാവുക. അവർ ധാരാളം പേരുണ്ടാകും. അനുചരന്മാർ ചോദിച്ചു. 'അങ്ങനെ വരുമ്പോൾ അവിടുന്ന് ഞങ്ങളോടെന്താണ് കല്പിക്കുന്നത്?' തിരുമേനി അരുളി: 'ആദ്യമാദ്യം വന്ന ഖലീഫമാരോട് നിങ്ങൾ ചെയ്തിട്ടുള്ള അനുസരണ പ്രതിജ്ഞ നിറവേറ്റുക. അങ്ങിനെ അവരുടെ അവകാശങ്ങൾ അവർക്ക് നിങ്ങൾ വകവെച്ചു കൊടുക്കുക.

*(ബുഖാരി)*

**യുഗശബ്ദം**

# ഖിലാഫത്ത് ഖിയാമം നാൾവരെ നിലനിൽക്കും

**ഹസ്റത്ത് അഹ്മദ് (അ)**



നിങ്ങളും രണ്ടാമത്തെ ദിവ്യ തേജസ്സിനെ ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. നിങ്ങൾക്ക് ഗുണകരമാണ് അതിന്റെ ആഗമനം..... അല്ലാഹു പറയുന്നു "നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന് അന്യരുടെ മേൽ അന്ത്യദിനം വരെ ഞാൻ വിജയം തന്നരുളുന്നതാണ്." അതിനാൽ എന്റെ വേർപാടിന്റെ ദിനം നിങ്ങളിൽ പ്രകടമാകേണ്ടതും അനന്തരം ശാശ്വത വാഗ്ദാനത്തിന്റെ ദിനം വെളിപ്പെടേണ്ടതും നിർബന്ധമാകുന്നു. നമ്മുടെ ദൈവം സത്യസന്ധനും വിശ്വസ്തനും വാഗ്ദാനപാലകനുമാണ്. അവൻ വാഗ്ദാനം ചെയ്യുന്നതെന്തോ അതെല്ലാം നിങ്ങൾക്ക് പൂർത്തിയാക്കിക്കാണിക്കും. ഈ ദിവസം ലോകാവസാനത്തിന്റെ ദിനമായാലും, വലിയ ആപത്തുകൾ ഇറങ്ങേണ്ട സമയമായാലും അവൻ വിവരമറിയിച്ച കാര്യങ്ങളെല്ലാം പൂർത്തിയാകുന്നത് വരെ ഈ ലോകം നിലനിൽക്കുക തന്നെ ചെയ്യും.

(അൽവസിയ്യത്ത്)

മുഖക്കുറിപ്പ്

# ആ ദിവ്യ വിസ്മയം ഒരു സ്മരണമാത്രമായി

ആ അധരത്തിൽ നിന്നുമുള്ള മൊഴിമുത്തുകളാൽ ഒരു പ്രപഞ്ചമാകെ പ്രഭാമയമായിരുന്നു. ധിഷണയുടെ മിന്നൽ പിണറുകളും ജ്ഞാനത്തിന്റെ ഇടിമുഴക്കങ്ങളും ആത്മീയ ഹർഷത്തിന്റെ തേൻമഴയുമായിരുന്നു ആ വാങ്മയം. ആ അധരങ്ങളിൽ നിന്നും പുറപ്പെട്ട ക്രോധത്തിന്റെ വചസ്സുകളേറ്റ് ഫിർഔൻ ചമഞ്ഞ സേഛ്വാധിപതികൾ ധൂളിക്കപ്പെട്ടുപോയി. വിശ്വവ്യോമമണ്ഡലത്തിൽ നിറഞ്ഞുനിന്ന ആ കർമ്മ യോഗിയുടെ കരചലനത്താൽ മണൽ തരികൾ പോലെ അഹ്മദികൾ പെരുകിപ്പരന്നു. ഒരു യുഗത്തിന്റെ സംഭവ പരമ്പരകളും ദിവ്യഭാഗധേയങ്ങളും ഒരു വ്യക്തിയിൽ സാന്ദ്രീകരിക്കപ്പെടുകയായിരുന്നു. ഒരു ദിവ്യ വിസ്മയമായിരുന്നു ആ മഹിതജീവിതം. ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഖലീഫത്തുൽ മസീഹ്, ഞങ്ങളുടെ പ്രിയപ്പെട്ട ഹുസൂർ 2003 ഏപ്രിൽ 19ന് ഭൂമിയിലെ ദൗത്യം പൂർത്തിയാക്കി അല്ലാഹുവിന്റെ സവിധത്തിലേക്കുയർന്നു. അല്ലാഹു ഭൂമിയിൽ കൊളുത്തിയ ആ അലൗകിക പ്രദീപം എന്നെന്നേക്കുമായി അണഞ്ഞു. ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ

നമ്മുടെ യജമാനനായ ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ)യുടെ ദീനുൽ ഇസ്‌ലാമിന്റെ സന്ദേശവുമായി താഴ്‌വാരങ്ങളും, മഹാസമുദ്രങ്ങളും, കൊടുമുടികളും, മരുസ്ഥലികളും താണ്ടി ലോകത്തിന്റെ കോണായ കോണുകളിലെല്ലാം മസീഹിന്റെ ഖലീഫയായ താങ്കൾ സഞ്ചരിച്ചു. രാവും പകലും എന്തെന്നറിയാതെ കഠിനാദ്ധ്വാനത്തിന്റെ കർമ്മകാണ്ഡങ്ങൾ തീർത്തു. വിശ്വമാനവ സ്നേഹത്തിന്റെ ആൾരൂപമായ താങ്കൾ സ്വന്തം ദേശത്തിന്റെ തിരസ്കൃത പുത്രനായിരുന്നു. ദിവ്യാത്മാക്കളുടെ കുലപാരമ്പര്യമതായിരുന്നല്ലോ. പീഡിതരായ ഒരു ജനതയുടെ ഹൃദയ നൊമ്പരങ്ങൾ താങ്കളുടെ കണ്ണുകളിൽ കണ്ണീരായൊഴുകി. ദൈവ സവിധത്തിൽ പ്രാർത്ഥനകളായർപ്പിച്ച ആ ബാഷ്പാഞ്ജലികൾ അല്ലാഹു വ്യർത്ഥമാക്കില്ലെന്ന് ഞങ്ങൾക്കുറപ്പുണ്ട്. വാക്കുകൾ അശക്തമാകുന്നതുപോലെ ഒരു മഹിത ജീവിതത്തിന്റെ മഹാസമുദ്രം താണ്ടാൻ വെറുമൊരു തുഴവള്ളവുമായി നിൽക്കുന്ന നിസ്വനായ ഈ യാത്രികൻ തൂലിക താഴെ വെക്കുന്നു.

ആരുടെ മുഖദർശനത്തിലാണോ അഹ്മദികൾ അവരുടെ സമസ്ത ദുഃഖങ്ങളും വേദനകളും മറന്നുപോകുന്നത്, ആ തിരുമുഖം ഇന്ന് സ്മരണ മാത്രമായി. എളിയവരിൽ എളിയവരായ ഞങ്ങൾ ചരിത്രത്തിന് വേണ്ടി സാക്ഷ്യം വഹിക്കുന്നു, എല്ലാ അർത്ഥത്തിലും ഉത്തരവാദിത്വം നിർവ്വഹിച്ച മസീഹിന്റെ ജയശാലിയായ ഖലീഫയായിരുന്നു ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്. അൽഹംദുലില്ലാഹ്.

തിരുനബി(സ) ദിവംഗതനായപ്പോൾ ദുഃഖഭാരത്താൽ ബോധശൂന്യനായിപ്പോയ ഹസ്റത്ത് ഉമറി(റ)നെ മരണമെന്ന അലംഘനീയ നിയതി ഓർമ്മിപ്പിച്ച വിശുദ്ധ ഖുർആൻ നമ്മുടെ മുമ്പിലുണ്ട്. സത്യവിശ്വാസികൾക്ക് ദുഃഖത്തിനും ഭയത്തിനും ശേഷം ആശ്വാസം വാഗ്ദാനം ചെയ്ത അല്ലാഹുവിന്റെ ഖുർആൻ.! ആ ഗ്രന്ഥം പറയുന്നു. "നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ടിക്കുകയും ചെയ്യുന്നവരെ അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ നിശ്ചയമായും ഭൂമിയിൽ ഖലീഫമാരാക്കുകയും, അവർക്കുവേണ്ടി അവർക്കായി അല്ലാഹു തൃപ്തിപ്പെട്ട മതത്തെ പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം അവർക്ക് ശാന്തി പകരം നൽകുകയും ചെയ്യുന്നതാണ് എന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. (ഖുർആൻ 24:56) ഖലീഫത്തുൽ മസീഹ് നാലാമന്റെ വഫാത്തിനു ശേഷം അല്ലാഹു ഇസ്‌ലാമിന്റെ ഖലീഫയായി, ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ നൽകി അഹ്മദികളെ അനുഗ്രഹിച്ചിരിക്കുന്നു. അല്ലാഹു ഖലീഫാ തിരുമനസ്സിന് സർവ്വവിധ സൗഭാഗ്യങ്ങളും വിജയങ്ങളും നൽകി അനുഗ്രഹിക്കട്ടെ.

# ഞങ്ങളുടെ പ്രതിജ്ഞ ഞങ്ങളുടെ സാക്ഷ്യം

ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

## ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമന്റെ പ്രഥമ പ്രഭാഷണം.



ഹസ്റത്ത് വാഗ്ദത്ത മഹ്ദീമസീഹിന്റെ ജമാഅത്തേ, അദ്ദേഹത്തിന്റെ അസ്തിത്വമാകുന്ന വൃക്ഷത്തിന്റെ ഫലസമൃദ്ധമായ ശാഖകളേ! അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു.

നമ്മുടെ ഹൃദയങ്ങൾ വ്യാകുലമാണ്. കണ്ണുകൾ അശ്രുകണങ്ങൾ പൊഴിക്കുന്നു. നമ്മുടെയെല്ലാം പ്രിയങ്കരനായ വ്യക്തി നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. എന്നാലും 'കുല്ലുമൻ അലൈഹാ ഫാൻ' എന്ന ദൈവിക നീതിക്ക് മുമ്പിൽ നമ്മൾ തലകുനിക്കുകയാണ്. ജമാഅത്തിന്റെ ബഹുമുഖമായ പുരോഗതിയുടെ ദൃശ്യങ്ങൾ ഒരു വിശദീകരണവും ആവശ്യമില്ലാത്ത നിലയിൽ നാം നാലാം ഖിലാഫത്തിൽ കണ്ടു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ പോകുന്നയാൾക്ക് വിടപറയുകയും വരുന്നയാളെ സ്വാഗതം ചെയ്യുകയും ചെയ്യേണ്ട മാർഗം നമുക്ക് പറഞ്ഞുതന്നതനുസരിച്ച് ഇന്ന് ഇവിടെ നിന്നുകൊണ്ട് ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. 'അല്ലയോ ഞങ്ങളെ വിട്ട് പിരിയുന്ന ദേഹമേ, എത്രയധികം വേഗതയോടുകൂടിയാണോ അങ്ങുന്ന് ഹസ്റത്ത് മുഹമ്മദ് നബി(സ) കൊണ്ട് വന്ന മതത്തെ ലോകത്തെങ്ങും വിജയിപ്പിക്കുന്നതിനായി ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ ദൗത്യ സംഘത്തെ മുന്നോട്ട് നയിച്ചിരുന്നത് അതേ പ്രകാരം ഞങ്ങൾ എപ്പോഴും ഈ ദൗത്യ സംഘത്തെ മുന്നോട്ട് നയിക്കുവാനായി എല്ലാവിധ ത്യാഗങ്ങൾക്കും സന്നദ്ധരാണ്. (ഇ.അ.) തീർച്ചയായും അങ്ങുന്ന് ഈ മഹത്തരമായ ഉത്തരവാദിത്തം നിറവേറ്റിയിരിക്കുന്നുവെന്ന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. അങ്ങയുടെ ആത്മാവിന്മേൽ അല്ലാഹുവിന്റെ ആയിരക്കണക്കിനുള്ള റഹ്മത്തും ബർക്കത്തും ഉണ്ടായിത്തീരുമാറാകട്ടെ. ആഗതനായിരിക്കുന്ന വ്യക്തിയെ ഇപ്രകാരം സ്വാഗതം ചെയ്യുക.

'അല്ലാഹു ഉള്ളവനാണെന്ന ദൃഢ വിശ്വാസത്തോടുകൂടി ഞങ്ങൾ ഹസ്റത്ത് മുഹമ്മദു മുസ്തഫാ(സ) കൊണ്ടുവന്ന ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം ലോകത്തെങ്ങും എത്തിക്കുന്നതിന്നായും മുഴുലോകത്തെയും നബിതിരുമേനി(സ)യുടെ കൊടിക്കീഴിൽ ഒന്നായി ചേർക്കുന്നതിന്നായും അതേ പ്രകാരം ഖിലാഫത്തെ അഹ്മദിയ്യായെ നിലനിറുത്തുന്നതിന്നായും എല്ലാവിധ ത്യാഗങ്ങൾക്കും തയ്യാറായിരിക്കുന്നതാണ്, ഇൻശാ അല്ലാഹ്. ഇതിന്നായി ഞങ്ങൾ എപ്പോഴും ദുആ മുഖേന താങ്കളെ സഹായിക്കാൻ സന്നദ്ധരാണ്. അല്ലാഹുത്തആല തന്റെ സഹായ ദൃശ്യങ്ങൾ എപ്പോഴും കാണിച്ചു തന്നിരുന്നത് പോലെ, അതിനേക്കാളുപരി ഞങ്ങൾക്കു കാണിച്ചു തരേണമേ! ഞങ്ങളുടെ തെറ്റുകുറ്റങ്ങളെ മറച്ചുപിടക്കേണമേ നിന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രം. നിന്റെ റഹ്മത്തിന്റെ കരങ്ങൾ ഞങ്ങളിൽ നിന്നൊരിക്കലും എടുത്തു കളയരുതേ! ഒരിക്കലും ഞങ്ങളിൽ നിന്നെടുത്തു കളയരുതേ! ഒരിക്കലും ഞങ്ങളിൽ നിന്നെടുത്തു കളയരുതേ! ആമീൻ യാ റബ്ബൽ ആലമീൻ.

ലേഖനം

# ദ്വിതീയ ദിവ്യശക്തി

ഹസ്റത്ത് അഹ്മദ് (അ)

## നുബുവ്വത്തി(പ്രവാചകത്വം)നുശേഷം വെളിപ്പെടുന്ന രണ്ടാം ദിവ്യശക്തി പ്രകടനമാണ് ഖിലാഫത്ത്. ആ അത്ഭുത പ്രതിഭാസത്തെ സംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ)

ഈ ഖുർആൻ വചനത്തിൽ പറഞ്ഞപ്രകാരം "ഭയത്തിന് ശേഷം നാം അവരുടെ കാൽപാദങ്ങളെ സുദൃഢമാക്കു"മെന്ന വാഗ്ദാനം അല്ലാഹു പൂർത്തിയാക്കി കാണിച്ചു. ഇങ്ങനെ തന്നെയാണ് ഹസ്റത്ത് മൂസാനബിയുടെ കാലത്തും സംഭവിച്ചത്. വാഗ്ദാനപ്രകാരമുള്ള ലക്ഷ്യസ്ഥാനത്ത് ബനു ഇസ്റാഈല്യരെ എത്തിക്കുന്നതിനു മുമ്പേ തന്നെ ഹസ്റത്ത് മൂസാ (അ) ഈജിപ്റ്റിന്റെയും ഫലസ്തീനിന്റെയും മാർഗ്ഗമധ്യേ വഫാത്തായി. ആ മഹാത്മാവിന്റെ വിയോഗം ഇസ്റാഈൽ മക്കളിൽ വലിയ ദുഃഖഭാരമുണ്ടാക്കി. എത്രത്തോളമെന്നാൽ, ഇസ്റാഈൽ സന്തതികൾ ഹസ്റത്ത് മൂസാ നബിയുടെ അകാല ചരമത്തിലും, സഹിക്കാനാവാത്ത വേർപാടിലും, മനം നൊന്ത് 40 ദിവസം കണ്ണുനീർ വാർത്തിരുന്നതായി തൗറാത്തിൽ എഴുതിയിരിക്കുന്നു. ഹസ്റത്ത് ഈസാ നബിയുടെ കാര്യത്തിലും ഇതു തന്നെ സംഭവിച്ചു. കുരിശു സംഭവസമയത്ത് ശിഷ്യന്മാരെല്ലാം ഛിന്നഭിന്നമാവുകയും ആ കൂട്ടത്തിൽ ഒരാൾ മതം ഉപേക്ഷിക്കുകയും ചെയ്തു.

അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ, എതിരാളികളുടെ നിരർത്ഥകങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനു വേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് ഇപ്രകാരം അല്ലാഹു രണ്ടു വിധം ദിവ്യശക്തികൾ പ്രകടമാക്കുന്നു. അതുകൊണ്ട് ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമത്തെ ഉപേക്ഷിച്ച് കളയുമെന്നത് സംഭവ്യമല്ല. തന്മൂലം ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യങ്ങൾകൊണ്ട് നിങ്ങൾ കുണ്ഠിതരും മനഃക്ലേശമുള്ളവരും ആകരുത്. കാരണം നിങ്ങളും രണ്ടാമത്തെ ദിവ്യ തേജസ്സിനെ ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. നിങ്ങൾക്ക് ഗുണകരമാണ് അതിന്റെ ആഗമനം! എന്തുകൊണ്ടെന്നാൽ അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾവരെ മുറിഞ്ഞുപോകാത്തതുമാണ്. ഞാൻ പോകാഞ്ഞാൽ ദ്വിതീയ ദിവ്യശക്തി വരികയില്ല. എന്നാൽ ഞാൻ പോയാൽ, അല്ലാഹു നിങ്ങൾക്ക് വേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും. "ബറാഹീനെ അഹ്മദിയ്യ"യിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. ആ വാഗ്ദാനം എന്നെക്കുറിച്ചുള്ളതല്ല മറിച്ച് അത് നിങ്ങളെപ്പറ്റിയുള്ളതാകുന്നു. അല്ലാഹു പറയുന്നു "നിന്നെ പിൻപറ്റുന്ന ഈ ജമാഅത്തിന് അന്യരുടെ മേൽ അന്ത്യദിനം വരെ ഞാൻ വിജയം തന്നരുളുന്നതാണ്." അതിനാൽ എന്റെ വേർപാടിന്റെ ദിനം നിങ്ങളിൽ പ്രകടമാകേണ്ടതും അനന്തരം ശാശ്വത വാഗ്ദാനത്തിന്റെ ദിനം വെളിപ്പെടേണ്ടതും നിർബന്ധമാകുന്നു. നമ്മുടെ ദൈവം സത്യസന്ധനും വിശ്വസ്തനും വാഗ്ദാനപാലകനുമാണ്. അവൻ വാഗ്ദാനം ചെയ്യുന്നതെന്തോ അതെല്ലാം നിങ്ങൾക്ക് പൂർത്തിയാക്കിക്കാണിക്കും. ഈ ദിവസം ലോകാവസാനത്തിന്റെ ദിനമായാലും, വലിയ ആപത്തുകൾ ഇറങ്ങേണ്ട സമയമായാലും അവൻ വിവരമറിയിച്ച കാര്യങ്ങളെല്ലാം പൂർത്തിയാകുന്നത് വരെ ഈ ലോകം നിലനിൽക്കുക തന്നെ ചെയ്യും. ഞാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ദൈവികമായ ഒരു ശക്തി പ്രഭാവവുമാകുന്നു. എനിക്കുശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തി

യുടെ പ്രതീകങ്ങളായിരിക്കും. അതിനാൽ, നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ രണ്ടാംദിവ്യശക്തിയെ പ്രതീക്ഷിച്ചുകൊണ്ട് പ്രാർത്ഥനയിൽ നിരതരാവുക. കൂടാതെ, ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തുനിന്നു വെളിവാകുകയും നിങ്ങളുടെ ദൈവം കഴിവുറ്റവനാണെന്നു കാണിച്ചുതരുമാറാവുകയും ചെയ്യുന്നതുവരെ മുഴുവൻ ജമാഅത്തുകളിലെയും സുകൃതവാന്മാർ ഓരോ നാട്ടിലും ഒരുമിച്ചുകൂടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. നിങ്ങളുടെ മരണം സമീപസ്ഥമാണെന്ന് കരുതിക്കൊള്ളുക. ആ നിമിഷം ഏത് സമയത്താണ് ആസന്നമാകുകയെന്ന് നിങ്ങൾ അറിയുന്നില്ല.

എനിക്കുശേഷം എന്റെ ജമാഅത്തിലെ വിശുദ്ധനായ ഒരു മഹത്‌വ്യക്തി എന്റെ നാമത്തിൽ ജനങ്ങളിൽ നിന്ന് ബയ്അത്ത് വാങ്ങട്ടെ. ലോകത്തിന്റെ വിവിധ ജനസമൂഹങ്ങളിൽ നിവസിക്കുന്ന സൽപ്രകൃതക്കാരായ ആളുകൾ അവർ ഏഷ്യയിലായാലും, യൂറോപ്പിലായാലും അവരെയെല്ലാം തൗഹീദിലേക്ക് (ദൈവത്തിന്റെ ഏകത്വത്തിലേക്ക്) ആകർഷിക്കുകയും തന്റെ ദാസന്മാരെ ഏകമതത്തിൽ ഒരുമിച്ചുകൂട്ടുകയുമെന്നതാണ് അല്ലാഹു ഇച്ഛിക്കുന്നത്.

ഈ ഉദ്ദേശ്യത്തിനുവേണ്ടിയാണ് ഞാൻ ഭൂതലത്തിൽ അയക്കപ്പെട്ടിരിക്കുന്നത്. അതിനാൽ, സൗമ്യതയിലും സൽസ്വഭാവത്തിലും പ്രാർത്ഥനയിലും ഊന്നിക്കൊണ്ട് നിങ്ങൾ ഈ ഉദ്ദേശ്യത്തെ പ്രാവർത്തികമാക്കുക. അല്ലാഹുവിന്റെ ദിവ്യഭാഷണത്താൽ അനുഗൃഹീതനായ ഒരു മഹാത്മാവ് എഴുന്നേൽക്കുന്നതുവരെ എനിക്കുശേഷം നിങ്ങളെല്ലാവരും യോജിച്ച് പ്രവർത്തിക്കുക.

കൂടാതെ, അനുകമ്പ കാണിച്ചുകൊണ്ടും സ്വന്തം ആത്മാക്കളെ പവിത്രപ്പെടുത്തിക്കൊണ്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ അംശം സ്വാംശീകരിക്കേണ്ടതാണ്, കാരണം പരിശുദ്ധാത്മാവ് ഇല്ലാതെകൊണ്ട് യഥാർത്ഥ ദൈവഭക്തി കരസ്ഥമാക്കാൻ സാധ്യമല്ല. ദൈവപ്രീതി കരസ്ഥമാക്കുന്നതിന് ശാരീരികേച്ഛകൾ പരിപൂർണ്ണമായും പരിത്യജിച്ച് ഏറ്റവും ഇടുങ്ങിയ മാർഗ്ഗം സ്വീകരിക്കേണ്ടതാണ്. അല്ലാഹുവിൽ നിന്ന് അകറ്റിക്കളയുന്ന ലൗകിക സുഖഭോഗങ്ങളിൽ വഞ്ചിതരാകരുത്. അല്ലാഹുവിന് വേണ്ടി കയ്പേറിയ ജീവിതം വരിക്കുക. അല്ലാഹുവിന്റെ തൃപ്തി സംപ്രീതമാകുന്ന വേദന, അവൻ അനിഷ്ടപ്പെടുന്ന ആനന്ദത്തേക്കാൾ ഉത്തമമാണ്. ദൈവപ്രീതി ലഭ്യമാക്കുന്ന പരാജയം ദൈവകോപത്തിന് കാരണമാകുന്ന വിജയത്തേക്കാൾ ശ്രേഷ്ഠമാണ്. ദൈവകോപത്തിലേക്ക് അടുപ്പിക്കുന്ന സ്നേഹത്തെ വർജ്ജിക്കുക. നിങ്ങൾ പരിശുദ്ധ ഹൃദയത്തോടുകൂടി അവനിലേക്ക് അടുക്കുകയാണെങ്കിൽ അവൻ എല്ലാ മാർഗ്ഗങ്ങളിലും നിങ്ങളെ സഹായിക്കുന്നതായിരിക്കും. നിങ്ങൾക്ക് നഷ്ടം വരുത്തുവാൻ ഒരു ശത്രുവിനും സാധിക്കുകയില്ല. നിങ്ങൾക്ക് മുന്നിൽ മരണത്തിന്റെ ദൃശ്യം പ്രകടമാവും വിധം നിങ്ങൾ നിങ്ങളുടെ തൃപ്തികളത്രയും നിങ്ങളുടെ സുഖാനുഭൂതികളെയും നിങ്ങളുടെ അന്തസ്സിനെയും നിങ്ങളുടെ സമ്പത്തിനെയും നിങ്ങളുടെ ജീവനെപ്പോലും ത്യജിച്ചുകൊണ്ട് അവന്റെ പാതയിൽ കയ്പേറിയ ജീവിതം നയിക്കുന്നതു മുഖേനയല്ലാതെ നിങ്ങൾക്ക് മറ്റുവിധത്തിലൊന്നും ദൈവപ്രീതി കരസ്ഥമാക്കാൻ സാധ്യമല്ല. എന്നാൽ ഈ പ്രയാസങ്ങൾ സഹിക്കുകയാണെങ്കിൽ നിങ്ങൾ ഒരു ഓമന പൈതലിനെപ്പോലെ ദൈവത്തിന്റെ മടിത്തട്ടിൽ വന്നു ചേരുന്നതാണ്. നിങ്ങൾ മുമ്പ് കടന്നുകഴിഞ്ഞ ഭക്തന്മാരുടെ അനന്തരാവകാശികളാക്കപ്പെടുന്നതുമാണ്. സർവ്വവിധ അനുഗ്രഹങ്ങളുടെയും കവാടങ്ങൾ നിങ്ങൾക്കുമേൽ തുറക്കപ്പെടുന്നതാണ്. പക്ഷേ ഇത്തരക്കാർ വളരെ വിരളമാണ്!

***(വിവ: മുഹമ്മദ് നജീബ് ഖാൻ, വാഴക്കാല)***

# അനുസരണ പ്രതിജ്ഞ

**നിന്നോടു അനുസരണ പ്രതിജ്ഞ ചെയ്യുന്നവൻ തീർച്ചയായും അല്ലാഹുവിനോട് തന്നെയാണ് അനുസരണ പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്ക് മേലുണ്ട്. അതിനാൽ വല്ലവനും (ആ പ്രതിജ്ഞ) ലംഘിക്കുന്നതായാൽ അവന്റെ സ്വന്തം ആത്മാവിന് ദോഷകരമായിട്ടാണവൻ ലംഘിക്കുന്നത്. അല്ലാഹുവിനോട് ചെയ്ത കരാറിനെ വല്ലവനും പൂർത്തിയാക്കുന്നതായാൽ അവന് അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നതാണ്**

***വി. ഖുർആൻ (48:11)***

# തിരുനബിയുടെ വസിയത്ത്

**സൗബാൻ (റ) നിവേദനം ചെയ്യുന്നു. തിരുനബി(സ) അരുളി. 'നിങ്ങൾ മഹ്ദിയെക്കാണുമ്പോൾ അദ്ദേഹത്തിന്റെ കരങ്ങളിൽ ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്യുക. ഹിമം മൂടിയ പർവ്വതം മറികടന്ന് മുട്ടിൽ ഇഴഞ്ഞ് നീങ്ങിയിട്ടാണെങ്കിലും നിങ്ങൾ പോയി അദ്ദേഹത്തിന്റെ സമീപത്ത് എത്തണം. എന്തെന്നാൽ അദ്ദേഹം അല്ലാഹുവിന്റെ ഖലീഫയും മഹ്ദിയുമാണ്.'**

**(ഇബ്നുമാജ:)**

# ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് അഞ്ചാം ഖലീഫ

## ജീവിത രേഖയും ചരിത്രവും

**ജനനം:** പാക്കിസ്ഥാനിലെ റബ്വ യിൽ 1950 സെപ്തംബർ 15-ാം തീയതി ജനിച്ചു. **കുടുംബം: പിതാവ്:** ഹസ്റത്ത് സാഹിബ് സാദാ മിർസാ മൻസൂർ അഹ്മദ് . **മാതാവ്:** ഹസ്റത്ത് സാഹിബ്സാദി നസീറാ ബീഗം സാഹിബ. വാഗ്ദത്ത മഹ്ദീ മസീഹ് ഹസ്റത്ത് അഹ്മദ് (അ)ന്റെ പ്രപൗത്രൻ. **ഭാര്യ:** മുക്കറമ അമത്തുൽ സബൂഹ് ബീഗം. **ഭാര്യയുടെ പിതാവ്:** സയ്യിദ് ദാവൂദ് മുസഫർഷാ. **ഭാര്യാ മാതാവ്:** ബീഗം സാഹിബ് സാദി അമത്തുൽ ഹക്കീമ. വിവാഹസദ്യ 1977 ഫെബ്രുവരി 2. **മകൾ:** മുക്കറമ അമത്തുൽ വാരിസ് ഫതഹ്. ജാമാതാവ്: മുക്കറം ഫതഹ് അഹ്മദ് ദാഹിരി. **മകൻ:** മുക്കറം സാഹിബ് സാദാ മിർസാ വഖാസ് അഹ്മദ് (ഇംഗ്ലണ്ടിൽ ഉപരിപഠനം)

**വിദ്യാഭ്യാസം:** തഅ്ലീമുൽ ഇസ്ലാം സ്കൂളിൽ നിന്നും പത്താം ക്ലാസ് പാസ്സായി. തഅ്ലീമുൽ ഇസ്ലാം കോളേജിൽ നിന്ന് ബി. എ. ബിരുദം നേടി. അഗ്രിക്കൾചറൽ സയിൻസ് ആന്റ് എക്കണോമിക്സിൽ ബിരുദാനന്തര ബിരുദം

**1967ൽ** പതിനേഴാം വയസ്സിൽ മൂസി (തന്റെ സ്വത്തിൽ കുറഞ്ഞപക്ഷം പത്തിൽ ഒരു ഭാഗം നൽകാമെന്ന വ്യവസ്ഥയിൽ അങ്ങേയറ്റം പരിശുദ്ധമായ ജീവിതം നയിക്കാമെന്ന പ്രതിജ്ഞ ചെയ്ത ആൾ) ആയി.

**1976** ഫൈസലാബാദിലെ (പാക്കിസ്ഥാൻ) കാർഷിക സർവ്വകലാശാലയിൽ നിന്നും അഗ്രിക്കൾച്ചറൽ സയൻസ് ആൻഡ് എക്കണോമിക്സിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി.

**വിവാഹം:** 1977 ജനുവരി 31ന്

**1977ൽ** ജീവിതം വഖഫ് (ഇസ്ലാമിന് വേണ്ടി സമർപ്പിക്കൽ) ചെയ്തു. നുസ്റത്ത് ജഹാൻ പദ്ധതിയുടെ കീഴിൽ ഘാനയിൽ മതസേവനത്തിനായി പോയി.

**1977-1985** ഘാനയിൽ അഹ്മദിയ്യാ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ആയി സഗാലയിൽ രണ്ടുവർഷവും ഇസാർചറിൽ 4 വർഷവും സേവനമനുഷ്ഠിച്ചു. ഇതേ കാലയളവിൽ വടക്കൻ ഘാനയിലെ അഹ്മദിയ്യാ കൃഷിയിടത്തിന്റെ മാനേജറായും സേവനമനുഷ്ഠിച്ചു. ഈ സന്ദർഭത്തിൽ ഘാനയിൽ ആദ്യമായി ഗോതമ്പ് വിളയിച്ചു.

**1985** പാക്കിസ്ഥാനിലേക്ക് മടങ്ങി. മാർച്ച് 17 മുതൽ സാമ്പത്തിക കാര്യവകുപ്പിന്റെ ഇൻചാർജ്ജായി നിയമിക്കപ്പെട്ടു.

**1988** മജ്ലിസ് കർപർദാസ് (ബഹ്ശ്ത്തീ മഖ്ബറയുടെ മാനേജ്മെന്റ് ബോഡി) പ്രസിഡണ്ടായി നിയമിക്കപ്പെട്ടു.

**1985-89** സെക്രട്ടറി - വിദേശകാര്യം (യുവജന സംഘടന)

**1988-95** ഖദാ (ന്യായാധിപ സമിതി) അംഗം 1976-77 പാക്കിസ്ഥാൻ കേന്ദ്ര ഖുദ്ദാമുൽ അഹ്മദിയ്യാ (അഹ്മദിയ്യാ യുവജന സംഘടന) കായിക വകുപ്പ് സെക്രട്ടറി 1984-85 സെക്രട്ടറി - തജ്ഹീദ് (യുവജന സംഘടന)

**1989-90** നായിബ് സദർ (വൈസ് പ്രസിഡണ്ട്) ഖുദ്ദാമുൽ അഹ്മദിയ്യാ, പാക്കിസ്ഥാൻ

**1991** - അഹ്മദിയ്യാ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഖാദിയാൻ (ഇന്ത്യ) സന്ദർശിച്ചു.

**1994 ജൂൺ 18** നാസിർ തഅ്ലിം (ഡയറക്ടർ വിദ്യാഭ്യാസ കാര്യ വകുപ്പ്) ആയി നിയമിതനായി.

**1994-1997** നാസിർ ഫൗണ്ടേഷൻ ചെയർമാൻ റബ്വ സൗന്ദര്യവത്കരണ കമ്മിറ്റിയുടെ പ്രസിഡണ്ട്. ഗുൽഷനെ അഹ്മദി നഴ്സറി വികസിപ്പിച്ചു. റബ്വയെ ഹരിതാഭമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തി.

**1997 ഡിസംബർ 10** പാക്കിസ്ഥാനിലെ നാസിർ അഅ്ലാ (ദേശീയ മേലദ്ധ്യക്ഷൻ) ആയും റബ്വയിലെ പ്രാദേശിക അമീറായും ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നത് വരെ സേവനമനുഷ്ഠിച്ചു.

**1995** അൻസാറുല്ലാഹ് (അഹ്മദിയ്യാ വയോജനസംഘടന) കായിക വകുപ്പ് സെക്രട്ടറി

**1995-97** ഖായിദ് (തലവൻ) തഅ്ലീമുൽ ഖുർആൻ (ഖുർആൻ പഠന വകുപ്പ്) 1999 - പാക്കിസ്ഥാനിൽ അഹ്മദിയ്യാ വിരുദ്ധ കരിനിയമത്തിന്റെ പേരിൽ ജയിലിലടക്കപ്പെട്ടു. (ഏപ്രിൽ 30 മുതൽ മേയ് 10 വരെ)

**2003 - ഏപ്രിൽ 22ന്** ലണ്ടൻ സമയം രാത്രി 11:40ന് ഖലീഫത്തുൽ മസീഹ് ആയി തിരഞ്ഞെടുക്കപ്പെട്ടു. വയസ്സ് 53.

# സുവിശേഷങ്ങൾ നിറഞ്ഞ ഒരു ഖുത്വ്ബ

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

## ഖലീഫത്തുൽ മസീഹ് ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ വന്ദ്യപിതാവ് സാഹിബ് സാദാ മിർസാ മൻസൂർ അഹ്മദ് സാഹിബ് ദിവംഗതനായപ്പോൾ ഖലീഫത്തുൽ മസീഹ് നാലാമൻ ചെയ്ത ഖുത്വ്ബ (12:12:1997)

ഹസ്റത്ത് സാഹിബ്സാദാ മൻസൂർ അഹ്മദ് സാഹിബിന്റെ വഫാത്തിനെക്കുറിച്ച് ചില കാര്യങ്ങൾ ഞാൻ നിങ്ങളെ അറിയിക്കാനാഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രത്തെക്കുറിച്ച് അൽഫസലിലും മറ്റും വന്നതുകൊണ്ട് ആ വിശദീകരണത്തിലേക്ക് തൽക്കാലം കടക്കുന്നില്ല. എങ്കിലും ഞാൻ നിങ്ങളെ അറിയിക്കുവാനാഗ്രഹിക്കുന്നത് ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ചില ദിവ്യവെളിപാടുകളെ കുറിച്ചാണ്. ആ വെളിപാടുകൾ ഹസ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബുമായി ബന്ധപ്പെടുത്തിയാണ് പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ എന്റെയും അതേ പ്രകാരം മറ്റു ചിലരുടെയും വിശ്വാസം ഈ ഇൽഹാമുകൾ ഹസ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ മകൻ ഹസ്റത്ത് മിർസാ മൻസൂർ അഹ്മദ് സാഹിബുമായി ബന്ധപ്പെട്ടവയാണെന്നാണ്.

ഹസ്റത്ത് റസൂൽ തിരുമേനി (സ) യുടെ കാലത്ത് നടന്ന സംഭവങ്ങൾ പോലെ ചില പ്രവചനങ്ങൾ ചിലരെക്കുറിച്ച് നടത്തപ്പെടുന്നു. എന്നാൽ അതുകൊണ്ടുള്ള ഉദ്ദേശം അവരുടെ മക്കളിലായിരിക്കും അവ പൂർത്തിയാക്കപ്പെടുക എന്നാണ്. ഞാനിപ്പോൾ നിങ്ങളുടെ മുമ്പാകെ പ്രതിപാദിക്കാനിരിക്കുന്ന ഇൽഹാമുകൾ സംശയലേശമെന്യേ ഹസ്റത്ത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ മകനിൽ പൂർത്തിയായിരിക്കുന്നു. ഈ കാര്യം ഞാൻ പലപ്പോഴായി ഹസ്റത്ത് മിർസാ മൻസൂർ അഹ്മദ് സാഹിബിനോട് പറയാറുണ്ടായിരുന്നു. പക്ഷെ ഇത് ഞങ്ങളുടെ വ്യക്തിപരമായ സംസാരമായിരുന്നു. ആരംഭത്തിൽ അദ്ദേഹം തന്റെ അങ്ങേയറ്റത്തെ വിനയ സ്വഭാവമനുസരിച്ച് ഇത് സ്വീകരിക്കാൻ തയ്യാറായിരുന്നില്ല. അതായത് അപ്പോഴൊക്കെ അദ്ദേഹം മൗനമവലംബിച്ചുകൊണ്ടിരുന്നു. അവസാനം ഞാൻ തുടർന്ന് തെളിവുകൾ നൽകി. താങ്കൾ ആണ് ഈ പ്രവചനങ്ങളുടെ സാക്ഷാത്ക്കാരമെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന് വളരെ സന്തോഷമുണ്ടായി. ആ ഇൽഹാമുകൾ ഇവയാണ്:

ഇത് 1907 ലെതാണ്. ഹസ്റത്ത് മിർസാ ശരീഫ് അഹ്മദിനെ കുറിച്ച് അദ്ദേഹത്തിന് അസുഖം പിടിപെട്ട അവസരത്തിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ) ന് ഇൽഹാം ഉണ്ടായി:

'അല്ലാഹു അദ്ദേഹത്തിന് ദീർഘായുസ്സ് നൽകി. പ്രതീക്ഷക്ക് വിരുദ്ധമായി'- പ്രതീക്ഷയ്ക്ക് വിരുദ്ധമായി എന്നത് കൊണ്ട് പൊതുവിൽ കാണപ്പെടുന്ന ആയുസ്സിനേക്കാൾ അധികം എന്നാണ് താത്പര്യം - അതായത് മരണം വന്നു ഭവിക്കുന്ന രീതിയിലുള്ള അസുഖം വന്നിട്ടും പ്രതീക്ഷക്കെതിരായി അല്ലാഹു അദ്ദേഹത്തിന് ദീർഘായുസ്സ് നൽകുന്നതാണ്.വീണ്ടും അരുൾ ചെയ്തു.

'അല്ലാഹു അദ്ദേഹത്തെ അമീർ ആക്കി'. അദ്ദേഹത്തിനെ അമീർ ആക്കുക എന്നത് പ്രതീക്ഷക്കെതിരാണ്. അതായത് ഈ വ്യക്തി ഇത്ര സുദീർഘകാലം അമീർ ആയിത്തീരുക എന്നത് പ്രതീക്ഷക്ക് വിരുദ്ധമായ കാര്യമാണ്. ഈ ഇൽഹാമുകളുടെ തർജ്ജുമ തദ്ക്കിറയിൽ വന്നത് ഹസ്റത്ത് മസീഹ് മൗഊദിന്റെതല്ല എന്ന ഉറച്ച വിശ്വാസം എനിക്കുണ്ടായിരുന്നു. കാരണം, അതിൽ കൊടുത്തിരിക്കുന്ന തർജ്ജുമ സംഭവത്തിന് നിരക്കാത്തതായിരുന്നു. അതിലുള്ള തർജ്ജുമ ഇതാണ്:- "അദ്ദേഹത്തെ (ശരീഫ് അഹ്മദ് സാഹിബിനെ) പ്രതീക്ഷയ്ക്കതീതമായി ധനവാനാക്കുന്നതാണ്. എന്നാൽ അമ്മറഹുല്ലാഹു എന്നതിന് ഈ അർത്ഥം ഇവിടെ അനുയോജ്യമാകുന്നില്ല. അമ്മറഹുല്ലാഹു എന്നാൽ അദ്ദേഹത്തെ അമീർ (സാഹിബെ

അമീർ) ആക്കി എന്നാണ്.

മറ്റൊരു ഇൽഹാമിൽ ഇതേ കാര്യം തന്നെ സ്ഥാപിതമാണ്. അതായത് ഒരാൾ ശരീഫ് അഹ്മദ് സാഹിബിനെ ചൂണ്ടിക്കാണിച്ച് പറഞ്ഞു. ആ രാജാവ് വന്നു. അപ്പോൾ മറ്റൊരാൾ അദ്ദേഹം ഖാസി ആകേണ്ട ആളാണെന്ന് പറഞ്ഞു. ഹുസൂർ (അ) അരുൾ ചെയ്തു: ഖാസി എന്നത് ന്യായാധിപനും പറയുന്നു. സത്യത്തെ പിൻതുടരുകയും അസത്യത്തെ റദ്ദു ചെയ്യുകയും ചെയ്യുന്ന ആൾക്കാണ് ഖാസി എന്ന് പറയുന്നത്. ഞാൻ ഉലമാക്കളോട് ഈ കാര്യത്തെ കുറിച്ച് അന്വേഷണം നടത്തി ഉടനെ റിപ്പോർട്ടയക്കണമെന്ന് പറഞ്ഞപ്പോൾ ഈ വിഷയത്തിൽ മാശാഅല്ലാഹ് നിപുണനായ മൗലവി ദോസ്ത് മുഹമ്മദ് സാഹിബ് എനിക്കെഴുതി. ഈ തർജ്ജുമ തീർച്ചയായും ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെതല്ല. സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് 1935 ൽ തദ്ക്കിറയുടെ പ്രസിദ്ധീകരണാവസരത്തിൽ ഒരു അടിക്കുറിപ്പെഴുതി. അതിലദ്ദേഹം ഇപ്രകാരം വിശദീകരണം നൽകി. അതായത് ഹസ്റത്ത് മസീഹ് മൗഊദ് (അ) ചെയ്ത അതേ തർജ്ജുമയും വാക്യരചനക്കകത്ത് തന്നെ ചേർക്കുകയുണ്ടായിരുന്നു. അടിക്കുറിപ്പായി എഴുതിയിരുന്നില്ല. അടിക്കുറിപ്പിൽ എഴുതപ്പെട്ട തർജ്ജുമകൾ പിന്നീട് ഉലമാക്കൾ ചെയ്തതായിരുന്നു. അങ്ങനെ ഈ തർജ്ജുമ ഹസ്റത്ത് മസീഹ് മൗഊദിന്റെതായിരിക്കാനിടയില്ല എന്ന എന്റെ വിശ്വാസം സുദൃഢമായിത്തീർന്നു.

വാസ്തവത്തിൽ ഉലമാക്കൾ ചെയ്ത ഈ തർജ്ജുമയെ സ്വീകരിക്കുകയാണെങ്കിൽ ഹസ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ ആയുസ്സ് പ്രതീക്ഷക്കതീതമായ രീതിയിൽ ദീർഘമേറിയതാകേണ്ടതായിരുന്നു. എന്നാൽ തന്റെ സഹോദരന്മാരെ അപേക്ഷിച്ച് കുറഞ്ഞ വയസ്സിലാണ് അദ്ദേഹം വഫാത്തായത്. പ്രതീക്ഷക്കതീതമായി ദീർഘായുസ്സ് ലഭിക്കുക എന്നത് ഒരാഗ്രഹമായിരിക്കാം. പക്ഷെ സംഭവിച്ചതങ്ങനെയല്ല. അദ്ദേഹത്തിന് ഒരിക്കലും ഇമാറത്ത് ലഭിച്ചിരുന്നില്ല. അതുകൊണ്ട് ഞാനീ ഇൽഹാമുകളെ ഹസ്റത്ത് മിർസാ മൻസൂർ അഹ്മദ് സാഹിബുമായിട്ടാണ് ഘടിപ്പിച്ചിരുന്നത്. പല പ്രാവശ്യമായി അദ്ദേഹത്തിന് ഹൃദയാഘാതമുണ്ടായിരുന്നു. ഓരോ ഹൃദയാഘാതം വരുമ്പോഴും ഇനി ഇദ്ദേഹം ജീവിച്ചിരിക്കുന്നതല്ല എന്ന് ഡോക്ടർമാർ പറയാറുണ്ടായിരുന്നു. അതിനുശേഷം വീണ്ടും അല്ലാഹു അദ്ദേഹത്തിന് സുഖം നൽകിക്കൊണ്ടിരുന്നു. ഇതെങ്ങിനെ സംഭവിച്ചു എന്ന് ഡോക്ടർമാർ വിസ്മയം പ്രകടിപ്പിക്കാറുണ്ടായിരുന്നു. പലപ്പോഴും ഇദ്ദേഹത്തിന് പലരോഗങ്ങളും വന്നിരുന്നു. അവയിൽ നിന്നു രക്ഷപ്പെടുക എന്നത് അസംഭവ്യമായി കരുതിയിരുന്നു. പിറ്റേന്ന് എഴുന്നേറ്റ് സാധാരണപോലെ ആഹാരപാനീയങ്ങൾ കഴിച്ചിരുന്നുവെന്ന് മാത്രമല്ല ഡോക്ടർമാർ വിരോധിച്ചിരുന്ന വെണ്ണ, നെയ്യ് മുതലായവ കൊണ്ടുള്ള പലഹാരങ്ങൾ കഴിക്കാറുണ്ടായിരുന്നു. രാത്രി ഹൃദയാഘാതമുണ്ടായി. രാവിലെ എഴുന്നേറ്റ് തനിക്ക് വെണ്ണ പുരട്ടിയ പൊറോട്ട വേണമെന്ന് പറയും. അങ്ങനെ അദ്ദേഹം പൊറോട്ട കഴിക്കാറുമുണ്ടായിരുന്നു. ഇപ്രകാരം പ്രതീക്ഷക്ക് വിരുദ്ധമായി അല്ലാഹു അദ്ദേഹത്തിന് ദീർഘായുസ്സ് നൽകുന്നതാണെന്ന ഇൽഹാം ഇദ്ദേഹത്തിലാണ് പൂർത്തിയായിരിക്കുന്നത്.

പ്രതീക്ഷക്ക് വിരുദ്ധമായി ദീർഘായുസ്സ് ലഭിക്കുക. പ്രതീക്ഷക്ക് വിരുദ്ധമായി കൂടെ കൂടെ ആയുസ്സ് നീട്ടികിട്ടുക. ഈ രണ്ടടയാളങ്ങളും ഇദ്ദേഹത്തിലാണ് പൂർത്തിയായിരിക്കുന്നത്. പിന്നെ രണ്ടാമത്തെ ഇൽഹാം! പ്രതീക്ഷക്കതീതമായ നിലയിൽ അല്ലാഹു ഇദ്ദേഹത്തിന് ഇമാറത്ത് നൽകുന്നതാണ് എന്ന ദിവ്യവെളിപാടും ഇദ്ദേഹത്തിലാണ് പൂർത്തിയായിരിക്കുന്നത്. ഇദ്ദേഹത്തിനു ലഭിച്ച ഇമാറത്തിനെ കുറിച്ചുള്ള കണക്കു നോക്കിയാൽ നിങ്ങൾ വിസ്മയ ഭരിതരായിതീരുന്നതാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ കാലം തൊട്ട് ഇദ്ദേഹം അമീറായിരുന്നു. ഇതിന് മുമ്പ് ഖലീഫത്തുൽ മസീഹ് സാനിയുടെ 52 വർഷക്കാല ഖിലാഫത്ത് കാലഘട്ടത്തിൽ ഇത്രയധികം കാലം മറ്റാരെയും അമീറായി നിശ്ചയിച്ചിരുന്നില്ല. ഇത് വരെയായി 45 പ്രാവശ്യം അദ്ദേഹം അമീറായി നിശ്ചയിക്കപ്പെടുകയുണ്ടായി. ഈ ഹിജ്റത്തിന്റെ കാലത്ത് തുടർച്ചയായി 14 വർഷക്കാലം അമീറായിട്ടുണ്ടായിരുന്നു. ഇതാണ് പ്രതീക്ഷക്ക് എതിരായ കാര്യം. ഒരു ഖലീഫയുടെ സാന്നിധ്യത്തിൽ ഒരാൾ ഇത്ര സുദീർഘകാലം അമീർ മഖാമി ആയിത്തീരുക എന്നത് പ്രതീക്ഷക്കതീതമായ കാര്യമാണ്. വാസ്തവത്തിൽ ഇമാറത്തെ മഖാമി ഖലീഫയുടെ അധീനതയിലാണുണ്ടാവുക. കേന്ദ്രത്തിൽ ഖലീഫയുടെ സാന്നിധ്യത്തിൽ സദർ ഉമൂമി (പൊതുകാര്യ ദർശി) പ്രവർത്തനങ്ങൾ നടത്തിക്കുന്നുവെങ്കിലും അമീർ മഖാമി ഖലീഫ തന്നെയായിരിക്കും. ചുരുക്കത്തിൽ അദ്ദേഹം പ്രായോഗികമായി അക്ഷരാർത്ഥത്തിൽ 'എന്റെ ഇരിപ്പിടത്തിൽ ഉപവിഷ്ഠനായി' ഏതൊരു പീഠത്തിലാണോ ഞാൻ ഉപവിഷ്ഠനായിരുന്നത് അതിന്മേൽ എന്റെ നിർദ്ദേശമനുസരിച്ച് അദ്ദേഹം ആരൂഢനായി. അദ്ദേഹം തന്റെ എല്ലാ കൃത്യങ്ങളും വളരെ ധൈര്യസമേതം നിർവ്വഹിച്ചുകൊണ്ടിരുന്നു. (വൊ ബാദ്ശാഹ് ആയാ) എന്ന ഇൽഹാമിനോടനുബന്ധിച്ച് ഒരാൾ പറയുന്നു: ഇനി ഇദ്ദേഹം ഖാസി ആയിത്തീരുന്നതാണ് എന്ന്.

ഖാസിയെന്ന് ന്യായാധിപനും പറയപ്പെടുന്നു. ഹഖിനെ പിന്താങ്ങുകയും വ്യാജത്തെ റദ്ദു ചെയ്യുകയും ചെയ്യുന്ന ആൾക്കാണ് ഖാസി എന്ന് പറയുന്നത്. ഈ വിശേഷ ഗുണവും ഹസ്റത്ത് മൻസൂർ അഹ്മദ് സാഹിബിലുണ്ടായിരുന്നു. വ്യാജത്തെ റദ്ദു ചെയ്യുന്ന കാര്യത്തിൽ ഇത്ര ധൈര്യശാലിയായ ആളെ എനിക്ക് വേറെ കാണുവാൻ സാധിച്ചിരുന്നില്ല. ഉണ്ടായിരിക്കാം. പക്ഷെ എനിക്ക് കാണുവാൻ സാധിച്ചിട്ടില്ല. അദ്ദേഹം ഖിലാഫത്തിൽ അനുരക്തനും അർപ്പണ സന്നദ്ധനുമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ വെറും ബാലകനാണ് ഞാൻ. ചെറുപ്പത്തിൽ അദ്ദേഹത്തിൽ നിന്ന് എനിക്ക് അടിയും ലഭിച്ചിരുന്നു. അങ്ങ

നെയുള്ള എന്റെ മുമ്പാകെ അദ്ദേഹം വളരെ വിനയാന്വിതനായി തനിക്കൊരു പ്രസക്തിയുമില്ലെന്ന നിലയിൽ പെരുമാറിയിരുന്നു. എന്റെ സഹോദരന്മാരിൽ നിന്നോ എന്റെ ബന്ധുക്കളിൽ നിന്നോ ആരെങ്കിലും എനിക്കെതിരായി വായ് തുറക്കുകയാണെങ്കിൽ അദ്ദേഹം അതികഠിനമായി കർശനമായി പ്രതികരിക്കുകയും ആ വാക്ക് റദ്ദ് ചെയ്യുകയും ചെയ്യാറുണ്ടായിരുന്നു. ഈ കാര്യം മറ്റൊരു ഇൽഹാം ഓർമ്മിപ്പിക്കുന്നു. ഹസ്റത്ത് മസീഹ് മൗഊദ് (അ) ഒരു ആത്മീയ ദർശനത്തിൽ ഹസ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിനെ അഭിമുഖീകരിച്ചുകൊണ്ട് 'ഇപ്പോൾ നീ നമ്മുടെ സ്ഥാനത്തിരിക്കുക. നാം ഇതാ പോകുന്നു' എന്നരുൾ ചെയ്യുന്നു.

ഈ ഇൽഹാം ഹസ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിൽ പൂർത്തിയായിട്ടില്ല. പിതാവിനെക്കുറിച്ചുള്ള ഇൽഹാം ചിലപ്പോൾ മക്കളിൽ പൂർത്തിയാവുന്നു എന്ന കാര്യം ഞാൻ ഓർമ്മപ്പെടുത്തിയല്ലോ. ഈ കാര്യം അതേ രീതിയിൽ ഇവിടെ സാക്ഷാത്ക്കരിക്കപ്പെടുന്നു. ഞാനിരിക്കാറുണ്ടായിരുന്ന ഇമാറത്തെ മഖാമിൽ അദ്ദേഹം ഇരിക്കുകയുണ്ടായി. പിന്നീട് നടന്ന സംഭവവികാസങ്ങൾ ഈ യാഥാർത്ഥ്യത്തെ റദ്ദു ചെയ്യുവാൻ സാധിക്കാത്തവയാണ്. തീർച്ചയായും അദ്ദേഹത്തിന് ഒരു സ്ഥാനമുണ്ടായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദി(അ)ന്റെ പ്രവചനങ്ങളിൽ ആ സ്ഥാനം തെളിഞ്ഞു കാണപ്പെടുന്നു. ഭാവിയിലുണ്ടായ സംഭവവികാസങ്ങൾ അദ്ദേഹം ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ (അ) ആത്മീയ പുത്രനാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കിത്തരുന്നു. അദ്ദേഹം തന്റെ മകനെക്കുറിച്ച് കണ്ടത് അദ്ദേഹത്തിന്റെ മകന്റെ മകനിൽ പൂർത്തിയായി.

ഇപ്പോൾ ഞാൻ അദ്ദേഹത്തിന്റെ സ്ഥാനത്ത് നാസിർ ആലാ, അമീർ മഖാമി ആയിട്ട് അദ്ദേഹത്തിന്റെ മകൻ മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ (ഇപ്പോഴത്തെ ഖലീഫ) നിശ്ചയിച്ചിരിക്കുന്നു. ഇപ്പോൾ എന്റെ മനസ്സ് പ്രസ്തുത ഇൽഹാമിലേക്ക് തിരിയുകയുണ്ടായി. അതായത് നീ എന്റെ സ്ഥാ

**അല്ലാഹു ഇദ്ദേഹത്തേയും ശരിയായ അനന്തരാവകാശിയാക്കിത്തീർക്കുമാറകട്ടെ. 'നമ്മുടെ സ്ഥാനത്ത് ഉപവിഷ്ടനാകുക' എന്ന ഇൽഹാം പൂർണ്ണമായ നിലയിൽ ഇദ്ദേഹത്തിലും സാക്ഷാത്ക്കരിക്കപ്പെടുമാറാകട്ടെ.**

നത്ത് ഇരിക്കുക എന്ന്. ഈ എല്ലാ കാര്യങ്ങളും നമുക്ക് ഉറപ്പ് നൽകുന്നത് ഹസ്റത്ത് സാഹിബ് സാദാ മിർസാ മൻസൂർ അഹ്മദ് സാഹിബിന്റെ ആത്മാവ് ഒരു പരിശുദ്ധാത്മാവായിരുന്നുവെന്നും വളരെ ധൈര്യവാനായ മനുഷ്യനായിരുന്നുവെന്നും ഖിലാഫത്തിനെ സംബന്ധിച്ചിടത്തോളം ഉറയിൽ നിന്നും ഊരപ്പെട്ട വാൾ ആയിരുന്നെന്നും ആണ്.

ഈ പ്രാവശ്യം അദ്ദേഹം റബ്വയിൽ നിന്ന് ലണ്ടനിൽ വന്നു തിരിച്ചുപോകുമ്പോൾ ഒരിക്കലും ഇല്ലാത്ത രീതിയിൽ വളരെ സന്തുഷ്ടനായിട്ടാണ് പോയത്. അദ്ദേഹത്തിന്റെ സന്തോഷം കണ്ട് ഏതെങ്കിലും ഒരു സംഗതി ഗുപ്തമായിട്ടുണ്ട് എന്നെനിക്ക് തോന്നുകയുണ്ടായി. ഇതിന് മുമ്പൊരിക്കലും ഇത്ര ദീർഘനാളുകൾ ഇവിടെ തങ്ങുകയോ ഇത്രയധികം സന്തോഷവും സംതൃപ്തിയും പ്രകടിപ്പിക്കുകയോ ചെയ്തിരുന്നില്ല. ഇംഗ്ലണ്ടിൽ വന്ന അദ്ദേഹം പറയുകയുണ്ടായി, താനിപ്പോൾ ആദ്യമായി ഇംഗ്ലണ്ട് കാണുന്നുവെന്ന് തനിക്ക് തോന്നുകയാണെന്ന്. ഇപ്രാവശ്യം കണ്ട രീതിയിലുള്ള സന്തോഷം മുഴുവൻ ജീവിതത്തിലും എനിക്ക് കാണുവാൻ സാധിക്കുന്നില്ല. എന്നൊടൊപ്പം ജർമനിയിൽ ചെന്നപ്പോഴും, ഹോളണ്ടിൽ ചെന്നപ്പോഴും ഇതേ സന്തോഷ പ്രകടനം നടത്തുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടുന്ന് വളരെ സന്തോഷവാനായിട്ടാണ് അദ്ദേഹം തിരിച്ചിരുന്നത്. അപ്പോഴേ എനിക്ക് സംശയമുദിച്ചിരുന്നു. അതായത് ഇദ്ദേഹം എന്നെന്നേക്കുമുള്ള യാത്രക്കുള്ള തയ്യാറെടുപ്പിലാണോ എന്ന്. ആ സംശയം ശരിയാണെന്നിപ്പോൾ തെളിഞ്ഞു. അദ്ദേഹം പോയി മറഞ്ഞു. എന്നാൽ ഏതൊരാളെക്കുറിച്ചുള്ള ദിവ്യ വെളിപാടുകൾ ദുൻയാവിൽ അവശേഷിക്കുന്നുവോ ആ ആളുടെ ഗമനവും ഒരു സാങ്കൽപ്പിക ഗമനമായിരിക്കും. ഇവർ എന്നെന്നും നിലനിൽക്കുന്നവരായിരിക്കും. ഞാൻ കരുതുന്നത് അദ്ദേഹം എപ്പോഴും നമ്മുടെ കൂടെ ഉണ്ടായിരിക്കുമെന്നാണ്. എന്റെ മകൾ ഫായിസയും എന്നോട് പറഞ്ഞു കൊണ്ടിരുന്നു. അദ്ദേഹം ഈ പ്രാവശ്യം വളരെ സന്തോഷവാനായിരുന്നു എന്ന്. തന്നോടും കൂടെക്കൂടെ സ്നേഹപ്രകടനം നടത്തികൊണ്ടിരുന്നുവെന്ന്. താങ്കൾക്ക് എന്തിനാണ് ഇത്ര അധികം സന്തോഷം എന്ന് എന്റെ മകൾ ചോദിച്ചപ്പോൾ എന്തുകൊണ്ട് എനിക്ക് സന്തോഷമുണ്ടായിക്കൂടാ? എന്റെ ഖലീഫ എന്നിൽ സന്തുഷ്ടനാണ്. അതുകൊണ്ട് ഞാനും സന്തുഷ്ടനാണ് എന്ന് പറഞ്ഞു. ഇവിടെയും അദ്ദേഹത്തിന് അപകടകരമായ സുഖക്കേടുണ്ടായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് വേഗം സുഖം പ്രാപിക്കാൻ സാധിച്ചു. വളരെയധികം ധൈര്യശാലിയായിരുന്നു അദ്ദേഹം. വളരെ ലളിത ജീവിതം നയിച്ചിരുന്ന ആളായിരുന്നു. അഹന്തയുടെ നേരിയൊരംശം കൂടി അദ്ദേഹത്തിൽ കാണപ്പെട്ടിരുന്നില്ല. ഞാൻ മുഴുജമാഅത്തിനോടും ഹസ്റത്ത് മിർസാ മൻസൂർ അഹ്മദ് സാഹിബിന് വേണ്ടി ദുആക്കപേക്ഷിക്കുന്നു. അദ്ദേഹത്തിന്റെ മകൻ മിർസാ മസ്റൂർ അഹ്മദ് സാഹിബിന് വേണ്ടിയും ഞാൻ ദുആക്കപേക്ഷിക്കുന്നു. അല്ലാഹു ഇദ്ദേഹത്തേയും ശരിയായ അനന്തരാവകാശിയാക്കിത്തീർക്കുമാറകട്ടെ. നമ്മുടെ സ്ഥാനത്ത് ഉപവിഷ്ടനാകുക എന്ന ഇൽഹാം പൂർണ്ണമായ നിലയിൽ ഇദ്ദേഹത്തിലും സാക്ഷാത്ക്കരിക്കപ്പെടുമാറാകട്ടെ. അല്ലാഹു എപ്പോഴും ഇദ്ദേഹത്തിന് സംരക്ഷണം നൽകുമാറാകട്ടെ. ഇദ്ദേഹത്തെ സഹായിക്കുമാറാകട്ടെ. ■

# ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ

എ. പി. കുഞ്ഞാമു

## ആത്മജ്ഞാനിയായ ബഹുമുഖ പ്രതിഭയായിരുന്നു അദ്ദേഹം. അഹ്മദിയ്യത്തിന്റെ ജയശാലിയായ വിശ്വജേതാവായി ചരിത്രം ഖലീഫാ നാലാമനെ വാഴ്ത്താതിരിക്കില്ല

അധ്യാത്മിക ജ്ഞാനത്തിന്റെ ഗിരിശൃംഖങ്ങൾ കയറിയ ആത്മജ്ഞാനി മാത്രമായിരുന്നില്ല അദ്ദേഹം. എല്ലാ അർത്ഥത്തിലും ഖലീഫത്തുൽ മസീഹ് നാലാമൻ ഒരു ബഹുമുഖ പ്രതിഭ (Versatile Genius) കൂടിയായിരുന്നു. അനുയായികളുടെ ഹൃദയം കവർന്ന നേതാവ്, ആത്മീയ ജ്ഞാനത്തിന്റെ കലവറകൾ സ്വായത്തമാക്കിയ സൂഫിവര്യൻ, ഖുർആനിക ജ്ഞാനത്തിന്റെ ചലിക്കുന്ന എൻസൈക്ലോപീഡിയ. ഭൗതികശാസ്ത്രങ്ങളുടെ ഏറ്റവും വിശേഷവത്കൃതമായ വിജ്ഞാനം പോലും കരസ്ഥമാക്കിയ ധിഷണാശാലി, ഉജ്ജ്വലനായ വാഗ്മി, പ്രഗത്ഭനായ എഴുത്തുകാരൻ, സാമ്പത്തിക രാഷ്ട്രീയ കാര്യങ്ങളിൽ അപാരജ്ഞാനമുള്ള വിശകലന വിദഗ്ധൻ, കിടയറ്റ വൈദ്യ വിജ്ഞാനി, ലോകത്തിന്റെ മുക്കിലും മൂലയിലും സന്ദർശിച്ച ലോക സഞ്ചാരി അങ്ങിനെ നൂറു നൂറ് തലങ്ങളിൽ അതുല്യ ശോഭയോടെ വിരാജിച്ച ഒരു അത്ഭുത മനുഷ്യനായിരുന്നു നമ്മുടെ പ്രിയങ്കരനായ ഹുസൂർ. നൂറ് മനുഷ്യായുസ്സുകൾക്ക് ചെയ്തുതീർക്കാൻ കഴിയാത്ത പ്രവർത്തനങ്ങൾ കാഴ്ചവെച്ച അദ്ദേഹത്തിന്റെ അപദാനങ്ങളെ എങ്ങിനെ സ്മരിക്കണമെന്നറിയാതെ ഞാൻ വിഷമിച്ചു നിൽക്കുകയാണ്. വാക്കുകൾ അസമർത്ഥങ്ങളും അപ്രസക്തമാവുകയും ചെയ്യുന്നു. ആ മഹൽ ജീവിതത്തെക്കുറിച്ച് അല്പം മാത്രം ഞാൻ എഴുതാം.

കിഴക്കും പടിഞ്ഞാറുമായി ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന -അഹ്മദികളുടെ ഭവനങ്ങളിലെ നിത്യസന്ദർശകനായിരുന്നു അദ്ദേഹം. ഖലീഫ തിരുമനസ്സ് തന്നെ സ്ഥാപിച്ച എം ടി എ (മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ-MTA. മിർസാ ത്വാഹിർ അഹ്മദ് എന്നും അതിനെ വിളിക്കാം)യിലൂടെ അദ്ദേഹം അഹ്മദികളുമായി സംവദിച്ചു. എഴുത്തുകളിലൂടെയും മറ്റു വിനിമയോപാധികളിലൂടെയും അവരുടെ സന്തോഷങ്ങളിലും യാതനകളിലും വേദനകളിലും പങ്കുകൊണ്ടു. അത്തരത്തിലുള്ള ഒരു ആത്മീയ നേതാവിനെയാണ് നമുക്ക് നഷ്ടപ്പെട്ടത്.

മഹാത്മാക്കളുടെ വിയോഗം ഒരു സമൂഹത്തിലുണ്ടാക്കുന്ന ശൂന്യത വാക്കുകൾക്ക് അതീതമാണ്. അഹ്മദീ മുസ്ലിംകളെ സംബന്ധിച്ചേടത്തോളം ഖിലാഫത്ത് വ്യവസ്ഥ ലോകാവസാനം വരെ നിലനിൽക്കുമെന്നും ഖിലാഫത്ത് മുഖേന പരിഭ്രമങ്ങൾക്ക് ശേഷം സമാധാനം സംജാതമാകുമെന്നും വിശുദ്ധ ഖുർആനിൽ അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. - ഇസ്ലാമിക ഖിലാഫത്തിന്റെ അഖണ്ഡമായ പാരമ്പര്യമാണ് അഹ്മദിയ്യാ ഖിലാഫത്ത്. ഈ ഖിലാഫത്ത് വ്യവസ്ഥ ശാശ്വതമായിരിക്കുമെന്ന് അല്ലാഹുവിന്റെ വാഗ്ദാനമുള്ളതുകൊണ്ട് അഹ്മദി. മുസ്ലിംകളെ സംബന്ധിച്ചേടത്തോളം ആശ്വാസങ്ങൾക്ക് വകനൽകുന്നു.

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്, ഖലീഫത്തുൽ മസീഹ് (റഹ്) ജനിച്ചത് 1928 ഡിസമ്പർ 18ന് പരിശുദ്ധ ഖാദിയാനിലാണ്. അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റെ മൂന്നാ

മത്തെ ഭാര്യയായ ഹസ്റത്ത് സയ്യിദ ഉമ്മു ത്വാഹിർ മറിയം ബീഗത്തിലുള്ള സന്താനമാണ്. സയ്യിദ മറിയം ബീഗം സാഹിബയുടെ വംശപരമ്പര റസൂൽ തിരുമേനി (സ)യുടെ നാലാം ഖലീഫയായിരുന്ന ഹസ്രത്ത് അലി (റ) വരെ എത്തുന്നു. അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിലെ തഅ്ലീമുൽ ഇസ്ലാം ഹൈസ്കൂളിലും പിന്നീട് ഗവണ്മെന്റ് കോളേജ് ലാഹോറിലുമാണ് നടന്നത്. 1953ൽ അദ്ദേഹം ജമാഅത്തെ അഹ്മദിയ്യാ റബ്വയിൽ നിന്ന് ശാഹിദ് ബിരുദം, (മുസ്ലിം ദൈവശാസ്ത്രം) കരസ്ഥമാക്കി. 1955ൽ അദ്ദേഹം പിതാവിന്റെ കൂടെ ഇംഗ്ലണ്ട് സന്ദർശനത്തിന് പോയി. അവിടെ അദ്ദേഹം ഉപരിപഠനം നടത്തുകയും ലണ്ടൻ യൂനിവേഴ്സിറ്റിയിൽ നിന്ന് ഓറിയന്റൽ സ്റ്റഡീസിൽ ഉയർന്ന വിദ്യാഭ്യാസം കരസ്ഥമാക്കുകയുമുണ്ടായി. 1957ൽ റബ്വയിൽ തിരിച്ചെത്തി. തന്റെ ഇംഗ്ലണ്ട് പര്യടനം പല സംസ്കാരങ്ങളെക്കുറിച്ചും ജീവിതരീതികളെക്കുറിച്ചും മാനസികമായ നിലപാടിനെക്കുറിച്ചും ഒരുപാടു ജ്ഞാനങ്ങൾ കരസ്ഥമാക്കാൻ അദ്ദേഹത്തിന് അവസരമുണ്ടാക്കി ഇംഗ്ലണ്ടിൽ അദ്ദേഹം ജോലി ചെയ്തുകൊണ്ടായിരുന്നു പഠിച്ചത്. നാസിം ഇർഷാദ് വഖ്ഫെ ജദീദായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈ കാലയളവിൽ പാക്കിസ്ഥാനിൽ മിഷനറി പ്രവർത്തനത്തിന് അദ്ദേഹം വളരെ ആക്കംകൂട്ടി. നായിബ് സദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആയും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പിന്നീട് അദ്ദേഹത്തെ ഖലീഫ മൂന്നാമൻ (റഹ്) സദർ മജ്ലിസ് ഖുദ്ദാമുൽ അഹമദിയ്യായായി നിയമിച്ചു. ആ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ സേവനം ഖലീഫ തിരുമനസ്സിന്റെ അഭിനന്ദനങ്ങൾക്ക് പാത്രമായി. പിന്നീടദ്ദേഹത്തെ ഫസ്ലെ ഉമർ ഫൗണ്ടേഷന്റെ ഡയരക്ടറായി നിയമിക്കുകയുണ്ടായി. 1974 പാക്കിസ്ഥാൻ നേഷണൽ അസംബ്ലിയിൽ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെ വിവരിക്കാൻ ഹസ്രത്ത് ഖലീഫ മൂന്നാമൻ (റഹ്)ന്റെ കൂടെ ഒരംഗമായി ഹസ്രത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്.) പങ്കെടുത്തിരുന്നു. മജ്ലിസ് അൻസാറുല്ലാ സദറായി 1979മുതൽ 1982 വരെയുള്ള കാലയളവിൽ അദ്ദേഹത്തിന്റെ സേവനം വളരെ നിർണായകമായിരുന്നു.

❖

**എന്നാൽ നാലാം ഖലീഫ ചുമതലയേറ്റയുടനെ തന്നെ തിരുമനസ്സ് യൂറോപ്പിലെ മിഷ്യനറി പ്രവർത്തനങ്ങളെ പരിശോധിക്കാനും പുനഃസ്സംവിധാനം ചെയ്യാനും വേണ്ടി ഒരു യാത്ര ചെയ്യുകയുണ്ടായി. ഇതേ യാത്രയിലാണ് രണ്ടു പുതിയ മിഷനുകൾ ഇംഗ്ലണ്ടിൽ സ്ഥാപിക്കുകയും വിദേശ രാജ്യങ്ങളിൽ ഭൂരിഭാഗ സ്ഥലങ്ങളിലും മജ്ലിസ് ശൂറാ സ്ഥാപിക്കുകയും ചെയ്തത്.**

❖

മൂന്നാം ഖലീഫ തിരുമനസ്സ് (റഹ്.) ദിവംഗതനായ ശേഷം നാലാം ഖലീഫയായി ഹസ്രത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (റഹ്) 1982 ജൂൺ 10നു തിരഞ്ഞെടുക്കപ്പെടുകയും അവിടെ സന്നിഹിതരായവരെല്ലാം അദ്ദേഹത്തിൽ ബൈഅത്ത് ചെയ്യുകയുമുണ്ടായി. പിന്നീടങ്ങോട്ടു തിരുമനസ്സിന്റെ ജൈത്രയാത്രയായിരുന്നു. ഇസ്ലാമിക ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്ന ഒരു വസ്തുത നാമമാത്ര തുർക്കി ഖിലാഫത്തും ഇസ്ലാമിന് വിനഷ്ടമായപ്പോൾ മുസ്ലിം സാമ്രാജ്യം ക്ഷയിച്ച് നാട്ടുരാജ്യങ്ങൾ രൂപപ്പെട്ടത് പോലെ തുണ്ടം തുണ്ടമായി ശിഥിലമാവുകയുണ്ടായി. ഓരോ പണ്ഡിതന്മാരും അവർക്ക് തരപ്പെടുന്നവരെ കൂടെ കൊണ്ടുപോയി പാർട്ടികളാക്കി മുസ്ലിം സമുദായത്തെ ഭാഗം വെക്കുകയായിരുന്നു. ആ സംഘത്തിന് ഒരു പേരും നൽകും. പിന്നീട് ഈ സംഘങ്ങൾ അന്യോന്യം പടവെട്ടുകയായി. ഇതോടുകൂടി ഒരു ആഗോളാവസ്ഥ ഇസ്ലാമിന്ന് കൈമോശം വന്നു. ഇവിടെ ക്രിസ്ത്യാനിറ്റി ഉഗ്രമായ പ്രകടനമാണ് കാഴ്ചവെച്ചത്. ഈ കാലഘട്ടത്തിലാണ് നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തും രംഗംപ്രവേശം ചെയ്തത്. നുബുവ്വത്തോടുകൂടി മസീഹ് ആവിർഭവിച്ചപ്പോൾ ക്രിസ്തുമത സിദ്ധാന്തങ്ങൾക്കെതിരെ അദ്ദേഹം മുന്നോട്ടുവെച്ച ശക്തമായ വാദമുഖങ്ങളുടേയും. അനിഷേധ്യമായ തെളിവുകളുടേയും മുമ്പിൽ ഇന്ത്യയിൽ വിജയകാഹളം മുഴക്കിയ ക്രിസ്തുമതം തോറ്റു പിന്മാറുകയായിരുന്നു. ഇസ്ലാമിക മിഷനറി പ്രവർത്തനത്തിലൂടെ പ്രചാരണത്തിന് വാഗ്ദത്ത മസീഹ്(അ) തന്നെ തുടക്കംകുറിച്ചിരുന്നു. ഇതിനൊരു സമഗ്രമായ മാനം കൈവന്നത് ഖലീഫത്തുൽ മസീഹ് ദ്വിതീയ(റ)ന്റെ കാലത്താണ്. വിദേശ മിഷനറി പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ വേണ്ടി "തഹ്‌രീക്ക് ജദീദ്" എന്ന പേരിൽ ഒരു സംവിധാനം നിലവിൽ വന്നു. മൂന്നാം ഖലീഫ തിരുമനസ്സ് (റഹ്.) അതേ കാൽപാടുകൾ പിന്തുടരുകയുണ്ടായി. എന്നാൽ നാലാം ഖലീഫ ചുമതലയേറ്റയുടനെ തന്നെ തിരുമനസ്സ് യൂറോപ്പിലെ മിഷ്യനറി പ്രവർത്തനങ്ങളെ പരിശോധിക്കാനും പുനഃസ്സംവിധാനം ചെയ്യാനും വേണ്ടി ഒരു യാത്ര ചെയ്യുകയുണ്ടായി. ഇതേ യാത്രയിലാണ് രണ്ടു പുതിയ മിഷനുകൾ ഇംഗ്ലണ്ടിൽ സ്ഥാപിക്കുകയും വിദേശ രാജ്യങ്ങളിൽ ഭൂരിഭാഗ സ്ഥലങ്ങളിലും മജ്ലിസ് ശൂറാ സ്ഥാപിക്കുകയും ചെയ്തത്. അദ്ദേഹം പര്യടനം ചെയ്ത എല്ലാ സ്ഥലങ്ങളിലും നിരവധി മജ്ലിസ് ഇർഫാൻ (വിജ്ഞാന സദസ്സുകൾ) സംഘടിപ്പിക്കുകയുണ്ടായി. ഈ സന്ദർശന വേളയിൽ 18 പ്രസ്സ് കോൺഫ്രൻസുകളും യൂറോപ്യൻ രാജ്യങ്ങളിൽ വലിയ പൊതുയോ

ഗങ്ങളും സംഘടിപ്പിക്കപ്പെട്ടു. പിന്നീടങ്ങോട്ടു അദ്ദേഹം ഒരു കൊടുങ്കാറ്റായി രൂപപ്പെടുകയായിരുന്നു. അദ്ദേഹം തന്റെ പ്രവർത്തനങ്ങൾക്കുള്ള ഹിദായത്ത് (മാർഗ്ഗദർശനം) വിശുദ്ധ ഖുർആനിൽ കൂടിയാണ് രൂപപ്പെടുത്തിയിരുന്നത്. സൂറ: അസ്സഫ്ഫിൽ ഈ കാലത്ത് അവതീർണ്ണരായ ഹസ്രത്ത് അഹ്മദ്(അ)നെ പറ്റി പ്രവചനമുണ്ട്. ആ സൂറത്തിൽ ഒരിടത്ത് "വേദനാജനകമായ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരു കച്ചവടത്തെക്കുറിച്ചു നിങ്ങൾക്ക് ഞാൻ പറഞ്ഞു തരട്ടയോ?" എന്ന് അല്ലാഹു ചോദിക്കുകയും "അല്ലാഹുവിലും റസൂലിലും വിശ്വസിച്ചുകൊണ്ടു ധനംകൊണ്ടും ദേഹംകൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അത്യദ്ധ്വാനം (ജിഹാദ്) ചെയ്യുക എന്നതാണത്" അല്ലാഹു ഉത്തരമായി പറയുകയും ചെയ്യുന്നു. ഈ ആയത്തിൽ പറഞ്ഞ പ്രധാനം ആധുനിക കാലഘട്ടത്തിൽ ഒരു കച്ചവടം വിജയകരമായി നടത്തുവാൻ ധനവും അദ്ധ്വാനവും (മുതൽമുടക്ക്) പുറമെ എന്തൊക്കെ ആവശ്യമാണോ അതേരൂപത്തിലുള്ള ഒരു സംവിധാനമാണ് ഈ അദ്ധ്യാത്മിക കച്ചവടത്തിൽ ഹുസൂർ തിരുമനസ്സ് (റഹ്) സംവിധാനം ചെയ്തത് എന്ന് മനസ്സിലാകുന്നു. ആധുനിക യുഗത്തിൽ ഒരു കച്ചവടം തുടങ്ങുമ്പോൾ അതിനെ സംബന്ധിച്ച ഒരു രൂപരേഖ കച്ചവട സംരംഭകൻ ഉണ്ടാക്കിയിരിക്കണം. അതിനെന്തൊക്കെ പ്രവർത്തന ശൈലി സംവിധാനം ചെയ്യാൻ ആവശ്യമുണ്ടെന്ന ബോധവും വേണം.

ഹുസൂറിന്റെ പ്രവർത്തന ശൈലിയിൽ ഇതൊക്കെ വളരെ പ്രകടമായി കാണാമായിരുന്നു. വ്യാപാരികൾ കൊല്ലം കൊല്ലം കണക്ക് നോക്കി പോരായ്മകളും, അഭിവൃദ്ധിയും വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അടുത്ത കൊല്ലത്തെ ടാർഗിറ്റ് (Target) മുൻകൂട്ടി തീരുമാനിക്കുമായിരുന്നു. ഇതേ ശൈലിയാണ് അല്ലാഹു പറഞ്ഞ ഈ കച്ചവടത്തിലും ഹുസൂർ തിരുമനസ്സ് (റഹ്) പ്രയോഗിച്ചത്. കൊല്ലത്തിൽ ടാർഗിറ്റ് നൽകി അതു പൂർത്തിയാക്കാനുള്ള സംവിധാനങ്ങൾ, ഉപദേശനിർദ്ദേശങ്ങൾ നൽകിക്കൊണ്ടുള്ള സംവിധാനം ഈ ഒരു ശൈലി മുഖേന കേവലം ഒന്നരകോടി അംഗങ്ങൾ ഉണ്ടായിരുന്ന ജമാഅത്തിനെ ഇരുപത് കോടിയാക്കി ഉയർത്താൻ അല്ലാഹുവിന്റെ സഹായത്താൽ അദ്ദേഹത്തിനു സാധിച്ചു. കൂട്ടംകൂട്ടമായി ഇസ്‌ലാമിലേക്കുള്ള ഈ പ്രവാഹം, അവർക്ക് ശിക്ഷണങ്ങൾ നൽകാനുള്ള സംവിധാനത്തിന്റെ പോരായ്മകൾ നികത്താനുള്ള പദ്ധതികൾക്ക് രൂപം നൽകി നടപ്പിൽ വരുത്തുന്ന ഒരുഘട്ടത്തിലാണ് അദ്ദേഹം നമ്മോടുവിടവാങ്ങിയത്. അദ്ദേഹത്തിന്റെ ഈ അഭിലാഷങ്ങൾ പൂർത്തിയാക്കാനുള്ള തൗഫീഖ് വരുന്ന ഖലീഫക്കും അദ്ദേഹത്തെ ഈ കാര്യത്തിൽ സഹായിക്കാൻ സാധുക്കളായ നമുക്കും അല്ലാഹു തൗഫീഖു നൽകുമാറാകട്ടെ. ആമീൻ.

❖


**1982 ഒക്ടോബറിൽ ബുയൂത്തുൽ ഹംദ് എന്ന ഒരു പദ്ധതിക്ക് രൂപം നൽകി. സ്പെയിനിൽ "മസ്ജിദ് ബശാറത്ത്" സ്ഥാപിക്കപ്പെട്ടതിലുള്ള അല്ലാഹുവിനോടുള്ള ഒരു നന്ദി പ്രകടനമെന്ന നിലക്കാണ് ഇതാരംഭിച്ചത്. സാധുക്കളായവർക്ക് സ്വന്തം വീടുവെക്കാനുള്ള ഒരു പദ്ധതിയാണ് ഇത്.**


❖

700 കൊല്ലങ്ങൾക്ക് ശേഷം ഇസ്‌ലാമിന്റെ തക്ബീർ ധ്വനി സ്പെയിനിൽ നിന്നു നമുക്ക് വീണ്ടും കേൾക്കാൻ സാധിച്ചു. 1982 സപ്തംബർ 10 ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെടേണ്ട ഒരു ദിനമാണ്. ഈ ഉദ്ഘാടനത്തിനായി രാജ്യത്തിന്റെ നാനാഭാഗത്ത് നിന്നും രണ്ടായിരം വിദേശ അഹ്മദീ പ്രതിനിധികളും ആയിരം തദ്ദേശവാസികളും പങ്കെടുക്കുകയുണ്ടായി. ഈ ചരിത്ര പ്രധാനമായ സംഭവത്തിന് ലോക മാധ്യമങ്ങൾ വമ്പിച്ച പ്രാധാന്യമാണ് നൽകിയത്. ആ യാത്രയിൽ തന്നെ ആദ്യത്തെ ആസ്ത്രേല്യൻ പള്ളിക്ക് സിഡ്നിയിൽ തറക്കല്ലിടുകയുമുണ്ടായി.

സ്പെയിനിൽ ഇസ്‌ലാംമത പ്രചാരണത്തിന് ആക്കം കൂട്ടാൻ അദ്ദേഹം "ഹ്രസ്വ സമയത്തേക്കുള്ള വഖ്ഫ്" എന്ന പദ്ധതിക്ക് രൂപം നൽകി. സ്പെയിൻ ഭാഷപഠിക്കാനുള്ള സംവിധാനമുണ്ടാക്കി. ഇതേപോലെ പെൻഷൻ പറ്റിയ ഉദ്യോഗസ്ഥന്മാർക്കും "ഹ്രസ്വകാല വഖ്ഫ്" എന്ന പദ്ധതി നടപ്പിൽവരുത്തി. ബാക്കി ജീവിതം ഇസ്‌ലാമിന്റെ വളർച്ചക്ക് വേണ്ടി അർപ്പണം ചെയ്യാൻ അവരെ ഉൽബോധിപ്പിച്ചു.

1982 ഒക്ടോബറിൽ ബുയൂത്തുൽ ഹംദ് എന്ന ഒരു പദ്ധതിക്ക് രൂപം നൽകി. സ്പെയിനിൽ "മസ്ജിദ് ബശാറത്ത്" സ്ഥാപിക്കപ്പെട്ടതിലുള്ള അല്ലാഹുവിനോടുള്ള ഒരു നന്ദി പ്രകടനമെന്ന നിലക്കാണ് ഇതാരംഭിച്ചത്. സാധുക്കളായവർക്ക് സ്വന്തം വീടുവെക്കാനുള്ള ഒരു പദ്ധതിയാണ് ഇത്. ഇതിന്റെ തുടക്കം റബ്വയിലാണെങ്കിലും പിന്നീടതു ഇന്ത്യയിലും വ്യാപിപ്പിച്ചു. വഖ്ഫ് ജദീദ് അതായത് തർബിയ്യത്തു (ശിക്ഷണം) പ്രധാനമായുള്ള ഒരു പദ്ധതിയാണിത്. മതാദ്ധ്യാപകർക്ക് (മുഅല്ലിമിങ്ങൾ) പരിശീലനം നൽകി നാട്ടിന്റെ പലഭാഗങ്ങളിലും അയച്ചു. അഹ്മദീ കുട്ടികൾക്ക് ഇവർ ശിക്ഷണം

നൽകുന്നു. ഈ പദ്ധതി ആഗോള തലത്തിൽ 1985ൽ അദ്ദേഹം നടപ്പിൽ വരുത്തി.

1983ൽ ദഅ്വത്തെ ഇലല്ലാഹ് എന്ന പദ്ധതിക്ക് രൂപം നൽകി. എല്ലാ ഓരോ അഹ്മദിയും "അല്ലാഹുവിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുന്നവരാകുക'' എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അതു വിജയകരമായി ജമാഅത്തുകളിൽ തുടർന്ന് വരികയാണ്.

1987ൽ "വഖ്ഫെ. നൌ" എന്ന സ്കീം നടപ്പിൽ വരുത്തി. രക്ഷിതാക്കൾ അവരുടെ മക്കളെ പ്രസവിക്കുന്നതിന് മുമ്പ് ജമാഅത്തിന് ദാനം ചെയ്യുന്ന പരിപാടിയാണിത്. അത് തുടക്കത്തിൽ 5000 പേരെ ഉദ്ദേശിച്ചുള്ളതായിരുന്നുവെങ്കിലും കുറച്ച് നാൾ കൊണ്ടു നിർദ്ദിഷ്ട ലക്ഷ്യം അധികരിപ്പിക്കുകയും ഹുസൂർ തിരുമനസ്സ് (റഹ്) രക്ഷിതാക്കളുടെ ആവേശം കണ്ടു അതിന്റെ കാലാവധി നീട്ടാൻ അനുവദിക്കുകയുമുണ്ടായി.

മറ്റൊരു സുപ്രധാനമായ വഴിത്തിരിവ് ജമാഅത്തിന്റെ അഭിവൃദ്ധിയെ സംബന്ധിച്ചേടത്തോളം സംജാതമായത് ഹുസൂർ(റഹ്)ന്റെ ഇംഗ്ലണ്ടിലേക്കുള്ള ഹിജ്റത്താ(പലായനം)ണ്. അതു സംഭവിച്ചത്. 1984 ഏപ്രിൽ 29, 30 തിയതികളിലാണ്. ഇതേകൊല്ലം അന്നത്തെ പാക്കിസ്ഥാൻ സ്വേഛാധിപതി ഓർഡിനൻസ് 20 എന്ന പേരിൽ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമാക്കി പ്രഖ്യാപിക്കുക മാത്രമല്ല അവർക്ക് സലാം ചൊല്ലാനോ ബാങ്ക് വിളിക്കാനോ, കലിമ ഉറക്കെ ചൊല്ലാനോ ഖുർആൻ പാരായണം ചെയ്യാനോ പാടില്ല. കല്പന പുറപ്പെടുവിക്കുകയും ചെയ്തു. അങ്ങനെ വല്ലവരും ചെയ്താൽ ജയിൽ ശിക്ഷ മുതൽ അടിശിക്ഷവരെ നടപ്പാക്കി. കൂടാതെ ഖലീഫയെ പിടിച്ചു അറസ്റ്റ് ചെയ്തു പീഡിപ്പിക്കാനും പദ്ധതിയുണ്ടായിരുന്നു. മുൻകൂട്ടി ദൈവിക അറിയിപ്പനുസരിച്ചു അദ്ദേഹവും കുടുംബവും ഇംഗ്ലണ്ടിലേക്ക് ഹിജ്റത്ത് ചെയ്തു. പ്രസ്തുത ഹിജ്റത്താണ് അഹ്മദിയ്യാ ജമാഅത്തിന്റെ മുഖം തന്നെ മാറ്റിമറിച്ചത്. "ഉർവ്വശിശാപം ഉപകാരം" എന്ന ചൊല്ല് പോലെയായിരുന്നു. അത്. പ്രവാചകന്മാരുടെയും ഖലീഫമാരുടെയും ഹിജ്റത്ത് അവരുടെ പ്രസ്ഥാനങ്ങളുടെ വളർച്ചക്ക് അനുപേക്ഷണീയമാണ് എന്നത് ചരിത്ര സത്യമാണ്. അതാണ് ഇവിടെയും സംഭവിച്ചത്.

June 10, 1988ലാണ് അഭിനവ ഫിർഔനായ സിയാഉൽ ഹഖിനെ ഒരു പ്രാർത്ഥനാ മത്സരത്തിന് (മുബാഹല) ഹുസൂർ ക്ഷണിച്ചത്. സിയാഉൽ ഹഖ് പ്രസ്തുത മുബാഹല സ്വീകരിച്ചില്ല. അപ്പോൾ ഹുസൂർ (റഹ്) പ്രഖ്യാപിച്ചു. സിയാഉൽ ഹഖ് പ്രാർത്ഥന ക്ഷണം സ്വീകരിച്ചില്ലെങ്കിലും അദ്ദേഹത്തിന്റെ ശിക്ഷ സ്ഥിരപ്പെട്ടിരിക്കുന്നു. യാതൊരു ശരീരാവശിഷ്ടവും ബാക്കിയാവാത്ത രൂപത്തിൽ അദ്ദേഹം ശിക്ഷിക്കപ്പെടുമെന്ന് ദൈവീക അറിയിപ്പനുസരിച്ച് അദ്ദേഹം മുൻകൂട്ടി പ്രസ്താവിച്ചു. 1988 ആഗസ്റ്റ് 17ന് അതു സംഭവിച്ചു. ഒരു കൃത്രിമ പല്ല് മാത്രം അവശേഷിച്ചു. സിയാഉൽ ഹഖ് ഭസ്മീകരിക്കപ്പെട്ടു.

പാക്കിസ്ഥാനിൽ ജൽസാ സാലാന (വാർഷികയോഗം) സംഘടിപ്പിക്കാൻ സാധിക്കാതെ വന്നപ്പോൾ അതേപോലെ അഹ്മദിയ്യാ ജമാഅത്തിന്റെ ശതവാർഷികം ആഘോഷിക്കാനുള്ള അനുവാദവും ഗവണ്മെന്റ് നൽകാതെ വന്നപ്പോൾ ഇംഗ്ലണ്ടിൽ ജൽസാ സാലാന കൂടുകയും പ്രസ്തുത ജൽസ ടി വിയിൽ പ്രക്ഷേപണം ചെയ്യുകയുമുണ്ടായി.

October 16, 1992ലാണ് ഹുസൂർ (റഹ്) കാനഡയിലെ ടൊറൊണ്ടോയിൽ ഒരു പള്ളി ഉദ്ഘാടനം ചെയ്തത്. നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ പള്ളിയാണത്-ആദ്യത്തെ ജുമുഅയോടു കൂടെ പള്ളി ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ ഒരു ജുമുഅ ഖുത്വ്ബ ലോകം മുഴുവനും തൽസമയ പ്രക്ഷേപണം വഴികാണുകയുണ്ടായി. ഇത് വാഗ്ദത്ത മസീഹ്(അ)ന് അല്ലാഹു അറിയിച്ച ഒരു സുവിശേഷത്തിന്റെ പൂർത്തീകരണമാണ്. "നിന്റെ സന്ദേശത്തെ ഭൂമിയുടെ കോണുകളോളം എത്തിക്കും."

1994 ഒക്ടോബറിലാണ് വാഷിംഗ്ടൺ സിറ്റിയിൽ ബയ്ത്തു റഹ്മ മസ്ജിദ് ഉദ്ഘാടനം നിർവ്വഹിക്കുകയും അതോടൊപ്പം തന്നെ ചരിത്രത്തിൽ ഒരു നവ അദ്ധ്യായം കുറിച്ചുകൊണ്ടു മസ്ജിദിനോടൊപ്പം തന്നെ ജമാഅത്തിന്റെ ആദ്യത്തെ സാറ്റ്‌ലൈറ്റ് എർത്ത് സ്റ്റേഷൻ സ്ഥാപിക്കുകയും ചെയ്തതു. പടിഞ്ഞാറൻ അർദ്ധഗോളത്തിൽ, ഇംഗ്ലണ്ടിൽ നിന്നുള്ള പരിപാടികൾ പുനഃസംപ്രേഷണം ചെയ്യാൻ ഇതു സഹായകമാവുന്നു. 1996 ഏപ്രിൽ ഒന്നിന് MTA 24മണിക്കൂറും സംപ്രേഷണം ആരംഭിച്ചു. (അൽഹംദുലില്ലാഹ്). ഇപ്പോൾ ഓരോ വർഷവും ജൂലൈ 28ന് ആഗോള ബൈയ്യത്ത് എന്ന പരിപാടി MTA മുഖേന നടക്കുന്നു. ഈ MTA മുഖേന ഹുസൂറിന്റെ ജനാസ ദർശിക്കാനും ലക്ഷക്കണക്കിന് ആളുകൾ (നാനാതുറകളിൽ പെട്ടവർ) വന്നു സന്ദർശിച്ചു അവരുടെ അനുശോചനങ്ങൾ പ്രകടിപ്പിക്കുന്നത് അഹ്മദികൾക്ക് നേരിൽ കാണാനുള്ള സൗഭാഗ്യവും കൈവന്നു.

ഹുസൂർ ദിവംഗതനാകുന്നതിന് രണ്ടാഴ്ച മുമ്പാണ് അശരണരും നിർദ്ധനരുമായ പെൺകുട്ടികൾക്ക് വേണ്ടി മറിയം ശാദീ ഫണ്ട് എന്ന പേരിൽ ഒരു നിധി രൂപവത്കരിച്ചത്. സുമംഗലികളാകുന്ന തങ്ങളുടെ പെൺമക്കൾക്ക് യാതൊന്നും നൽകാൻ കഴിയാതെ നിരാശരായിരിക്കുന്ന രക്ഷിതാക്കൾക്ക് ഈ പദ്ധതി നൽകിയ സന്തോഷവും ആശ്വാസവും പറഞ്ഞറിയിക്കാൻ സാധമല്ല....

ജമാഅത്തിന്റെ സാമൂഹ്യജീവിതത്തിൽ സർവ്വതല സ്പർശിയും ഐതിഹാസികവുമായ വിജയങ്ങളുണ്ടാക്കാനും ജമാഅത്തിനെ കർമ്മ സജ്ജമാക്കാനും ഹുസൂർ തിരുമനസ്സിന് കഴിഞ്ഞിട്ടുണ്ട്. ആ സൽസ്മരണകൾക്ക് ഒരിക്കലും മരണമില്ല. അഹ്മദിയ്യാ ജമാഅത്ത് നിലനിൽക്കുന്ന കാലം വരെ തീർച്ചയായും ആ മഹാത്മാവ് നന്ദിപൂർവം സ്മരിക്കപ്പെടുകതന്നെ ചയ്യും. ■

# ആ ദിവ്യജ്ഞാനി നിശ്ചേതനനായി

മുഹമ്മദ് ഉമർ എച്ച്. എ

## ആ ദിവ്യ ജ്യോതിസ്സിന് ചുറ്റുമുള്ള ഭ്രമണ വൃത്തത്തിൽ ജിവിച്ച ജനകോടികൾ ദൈവോന്മുഖരായി മാറി... ആത്മീയ ജ്ഞാനത്തിന്റെ ആ അമൃത വർഷം നിലച്ചു. ദിവ്യ ദൃഷ്ടാന്തങ്ങളുടെ ആ അനർഘ തേജസ്സ് നിശ്ചേതനനായി.

ആ സംഭവ ബഹുലമായ മഹത് ജീവിതത്തിന് വിരാമമായി. ഒരു മഹാജ്ഞാനിയുടെ മരണം ഒരു പ്രപഞ്ചത്തിന്റെ മരണമാണ് എന്ന് ഉർദുവിൽ ഒരു ചൊല്ലുണ്ട്. 20 കോടി സത്യാത്മാക്കളുടെ ആത്മീയ ഭാഗധേയത്തെ അനൽപമായി സ്വാധീനിച്ച ആ ശക്തി സ്രോതസ്സ് നിലകൊണ്ടു. ആ ജ്യോതിർ ഗോളത്തിന് ചുറ്റുമുള്ള ഭ്രമണ വൃത്തങ്ങളിൽ ജീവിച്ച മനുഷ്യ ജീവിതങ്ങൾ ദിവ്യസാഫല്യങ്ങളുടെ നിറവിൽ ദൈവോന്മുഖരായി മാറി.

ഖിലാഫത്തിന്റെ രണ്ടു സുപ്രധാന അനുഗ്രഹങ്ങളായ "അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയാശങ്കകൾക്ക് ശേഷം ശാന്തിയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണെന്ന്" ഉദ്ദേശ്യ ലക്ഷ്യങ്ങൾ താൻ പരിപൂർണ്ണമായും പൂർത്തിയാക്കിയിരിക്കുന്നു എന്ന ആത്മസംതൃപ്തിയോടെ അദ്ദേഹം തന്റെ യജമാനനായ അല്ലാഹുവിങ്കലേക്കു മടങ്ങി.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാം ഖിലാഫത്ത് സ്ഥാനത്ത് ആരോഹണം ചെയ്യപ്പെട്ട ഉടനെ ചെയ്ത ആദ്യ പ്രഭാഷണത്തിൽ അരുൾ ചെയ്യുന്നു.

"അല്ലയോ ഞങ്ങളെ പിരിഞ്ഞുപോകുന്ന ദേഹമേ! എത്ര വേഗതയോടു കൂടിയാണോ അങ്ങുന്ന് ഹസ്റത്ത് മുഹമ്മദു മുസ്തഫാ (സ.അ) തിരുമേനി കൊണ്ടുവന്ന മതത്തെ ലോകത്തെങ്ങും വിജയിപ്പിക്കുന്നതിനായി ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ ജമാഅത്തിനെ മുന്നോട്ടു നയിച്ചുകൊണ്ടിരുന്നത്, അതേ പ്രകാരം ഞങ്ങൾ എപ്പോഴും ഈ ജമാഅത്തിനെ മുന്നോട്ടു നയിക്കുവാനായി എല്ലാവിധ ത്യാഗങ്ങൾക്കും സന്നദ്ധരാണ്. ഇ:അ: തീർച്ചയായും അങ്ങുന്ന് ഈ ഉത്തരവാദിത്വം നിറവേറ്റിയിരിക്കുന്നുവെന്ന് ഞങ്ങൾ സാക്ഷ്യം പറയുന്നു."

ലോകത്ത് 178 രാഷ്ട്രങ്ങളിലായി വ്യാപിച്ചിരിക്കുന്ന 20കോടി ജനങ്ങൾ ഏക സ്വരത്തിൽ സാക്ഷ്യം വഹിക്കുന്നു, അങ്ങുന്ന് ഈ ഉദ്ദേശ്യ ലക്ഷ്യം പ്രാപിച്ചിരിക്കുന്നുവെന്ന്. ആ രണ്ടുദ്ദേശ്യ ലക്ഷ്യങ്ങൾ ഏതൊക്കെയാണെന്ന് ഇവിടെ അല്പം വിശദീകരിക്കുകയാണ്.

ഇന്നു മുസ്ലിംകൾ ഒരുഭാഗത്ത് നൂറുകോടിയിലധികമുണ്ടെന്ന് അഭിമാനിക്കുന്നുവെങ്കിലും ഒരേഒരു നേതൃത്വമോ കേന്ദ്രമോ ഇല്ലാതെ ലോകത്ത് ചിന്നിച്ചിതറി കിടക്കുകയും വിവിധ ലോകശക്തികളുടെ സമ്മർദ്ദത്തിനു വഴങ്ങി ദാരുണമായ പതനത്തിൽ എത്തിച്ചേരുകയും ചെയ്തിരിക്കുന്നുവെങ്കിൽ മറുഭാഗത്ത് ഖിലാഫത്തിന്റ അതിമഹത്തായ അനുഗ്രഹത്തിന്റെ കീഴിൽ ലോകത്തെങ്ങുമുള്ള അഹ്മദികൾ ഒരേഒരു ആത്മീയ നേതാവിന്റെ കീഴിൽ അജയ്യശക്തിയായി തീർന്നിരിക്കുന്നു.

ഈ യാഥാർത്ഥ്യം പാക്കിസ്താനിൽ നിന്നു പുറപ്പെടുന്ന ജിദ്ദൊ

ജിഹാദു എന്ന മാസിക ഏറ്റുപറയുന്നു. അതായത്, മുസ്‌ലിം സമുദായത്തെ ചിന്നിച്ചിതറിക്കിടക്കുന്ന ഈ അവസ്ഥയിൽ നിന്നു രക്ഷിക്കുവാൻ ഒരേ ഒരു നേതൃത്വത്തിന്റെയും കേന്ദ്രത്തിന്റെയും കീഴിൽ ഒരേ ഒരു ലക്ഷ്യ പ്രാപ്തിക്കായി ഒത്തൊരുമിച്ചു കൂട്ടുവാനും അങ്ങനെ സുശക്തമായ ഒരാഗോള വ്യവസ്ഥിതി കെട്ടിപ്പടുക്കുവാനും ഖിലാഫത്ത് വ്യവസ്ഥിതിക്ക് മാത്രമെ സാധ്യമാവുകയുള്ളു. എന്നാൽ പരിതാപകരമെന്നു പറയട്ടെ. സമുന്നതമായ ഇസ്‌ലാമിക മൂല്യങ്ങളുണ്ടായിട്ടും മുസ്‌ലിംകൾ ഖിലാഫത്ത് എന്ന വസ്ത്രം പിച്ചിച്ചീന്തുകയും അങ്ങനെ ഉമ്മത്തിന്റെ സുസംഘടിതാവസ്ഥയെ തങ്ങളുടെ കൈകളെക്കൊണ്ട് തന്നെ ഛിന്നഭിന്നമാക്കിത്തീർക്കുകയുമുണ്ടായി. ഇന്നു ഇസ്മായിലി ഫിർഖയും, അഹ്മദിയ്യാ ജമാഅത്തും മാത്രമാണ് 'ഖിലാഫത്തുൻ അലാ മിൻ ഹാജിന്നുബുവ്വത്തിൽ' അധിഷ്ഠിതമായിട്ടുള്ളത് (ഇന്ന് ഇസ്മായിലിഫിർഖയും നാമമാത്രമായിത്തീർന്നിരിക്കുകയാണ്.) എന്നാൽ ലോകത്തെങ്ങും വ്യാപിച്ചിരിക്കുന്ന ഭൂരിപക്ഷീയരായ മുസ്‌ലിംകൾക്ക് ഇസ്‌ലാമിക ഖിലാഫത്ത് സ്ഥാപിക്കുവാൻ സാധിക്കുകയില്ലേ?" (ജിദ്ദൊ ജിഹാദ്, ലാഹോർ. പാക്കിസ്ഥാൻ).

ഇസ്‌ലാംമതത്തെ ആഗോള അഹ്മദിയ്യാ പ്രസ്ഥാനം മുഖേന സുശക്തവും പ്രബലവും ആക്കിത്തീർക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികളും ലോകത്തെങ്ങും അവ നടപ്പിലാക്കിയ വിധവും ഒരാത്മീയ നേതാവായ ഹ. ഖലീഫത്തുൽ മസീഹിന്ന് മാത്രം സ്വന്തമാണ്. 56 ഭാഷകളിലുള്ള വിശുദ്ധ ഖുർആൻ വിവർത്തനം, 120 ഭാഷകളിലായി വിശുദ്ധ ഖുർആന്റെയും ഹദീസുകളുടെയും വാഗ്ദത്ത മസദീഹിന്റെ ലിഖിതങ്ങളുടെയും തിരഞ്ഞെടുക്കപ്പെട്ട വചനങ്ങളുടെ പ്രസിദ്ധീകരണം, ബുയൂത്തുൽഹംദ്, ദഅ്‌വത്തെ ഇലല്ലാഹ്, വഖ്ഫ്നൌ, ആയിരക്കണക്കിലുള്ള പള്ളി നിർമ്മാണം, ഓരോ നാട്ടിലും മജ്‌ലിസ് ശൂറാ സ്ഥാപനം മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ

❖

**"ദൈവികാനുഗ്രഹങ്ങളുടെ അവകാശികളായിക്കൊണ്ട് ഇനി ഭാവിയിൽ ഇൻശാ അല്ലാഹ്, അഹ്മദിയ്യാ ഖിലാഫത്തിന്ന് ഒരിക്കലും ഒരപായവും സംഭവിക്കുന്നതല്ല."**

❖

ഇന്റർനേഷനൽ എന്നിവ അദ്ദേഹത്തിന്റെ ആഗോളാടിസ്ഥാനത്തിലുള്ള പദ്ധതികളിൽ ചിലത് മാത്രമാണ്.

ഹുസൂർ തിരുമനസ്സ് 22 സപ്തമ്പർ 1985ൽ ചെയ്ത തന്റെ ഖുത്ബയിൽ അരുൾ ചെയ്യുന്നു.

''ഇനി നമ്മുടെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്ന നാളുകൾ വരികയാണ്. ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്ന രാവുകളും വരാൻ പോകുന്നു. രാവിലും പകലിലും പുരോഗതിയുണ്ടാകും. ഈ ദൈവ വിധിയെ മാറ്റുവാൻ ലോകത്തുള്ള ഒരു ശക്തിക്കും സാധ്യമല്ല. ഏതൊരു വേഗതയിലാണോ നാം മുന്നേറുന്നത്, നാം മുന്നേറണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നത് ആ വേഗതയിൽ തന്നെ നാം മുന്നേറുന്നതാണ്. ഇന്നു ലക്ഷക്കണക്കിലുള്ള ബൈഅത്തുകളിൽ സന്തുഷ്ടരാകുന്ന നമുക്ക് ഈ നൂറ്റാണ്ടവസാനിക്കുന്നതിനു മുമ്പെ ഓരോ വർഷവും കോടിക്കണക്കിനാളുകൾ ബൈഅത്ത് നമുക്ക് കാണുവാൻ സാധിക്കുന്നതാണ്."

അല്ലാഹു ഹുസൂർ തിരുമനസ്സിന്റെ ഈ ദിവ്യ സ്വപ്നം സാക്ഷാൽക്കരിച്ചിരിക്കുന്നു. അങ്ങനെ ഇന്നു അഹ്മദിയ്യാ ജമാഅത്ത് 178 രാഷ്ട്രങ്ങളിലായി 20 കോടി അംഗങ്ങളുള്ളതായിത്തീർന്നു. ഈ ജൈത്രയാത്ര തുടരുകയാണ് തന്റെ ദൗത്യനിർവ്വഹണം ഈ കാര്യത്തിൽ പൂർത്തിയാക്കി അദ്ദേഹം സംതൃപ്തനായി നമ്മെ വിട്ടു പിരിഞ്ഞിരിക്കുന്നു.

ഖിലാഫത്തിന്റെ രണ്ടാമത്തെ ഉദ്ദേശ്യ ലക്ഷ്യമായി വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നത്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവിധ ഭയാശങ്കകളെയും ശാന്തിയും സമാധാനവുമായി മാറ്റുന്നതാണെന്നാണ്. ഹുസൂർ തിരുമനസ്സിന്റെ ഖിലാഫത്തിന്റെ ആദ്യാന്തം ഈ ദൈവികാനുഗ്രഹം പ്രകടമായിക്കാണുവാൻ സാധിക്കുന്നു. അദ്ദേഹം തന്റെ ഖിലാഫത്തിന്റെ ആദ്യഘട്ടത്തിൽ ചെയ്ത ഒരു ഖുത്വുബാ പ്രഭാഷണത്തിൽ ജമാഅത്തിന്ന് ഇപ്രകാരം സുവിശേഷം നൽകുകയുണ്ടായി.

"ദൈവികാനുഗ്രഹങ്ങളുടെ അവകാശികളായിക്കൊണ്ട് ഇനി ഭാവിയിൽ, ഇൻശാ അല്ലാഹ്, അഹ്മദിയ്യാ ഖിലാഫത്തിന്ന് ഒരിക്കലും ഒരപായവും സംഭവിക്കുന്നതല്ല. അല്ലാഹുവിന്റെ ദൃഷ്ടിയിൽ അഹ്മദിയ്യാ ജമാഅത്ത് പ്രായപൂർത്തിയുടെ സ്ഥാനത്തെത്തിയിരിക്കുന്നു. ശത്രുതയുള്ള ഒരു കണ്ണും ഒരു ഹൃദയവും ശത്രുക്കളുടെ ഒരു പ്രയത്നവും അഹ്മദിയ്യാ ജമാഅത്തിന്നു ഒരു നഷ്ടവും വരുത്തുന്നതല്ല." കുറഞ്ഞപക്ഷം ആയിരം വർഷക്കാലംവരെ ഈ ജമാഅത്ത് നിലനിന്നു വരുന്നതാണെന്ന് അല്ലാഹു ഹസ്റത്ത് വാഗ്ദത്ത മസീഹിനോടു ചെയ്ത വാഗ്ദാനമനുസരിച്ച് അതേ മഹത്വത്തോടും ഗൗരവത്തോടും കൂടി വളർന്നു കൊണ്ടേ ഇരിക്കുന്നതാണ്. സയ്യിദുനാ ഹസ്റത്ത് വാഗ്ദത്ത മസീഹ് (അ) നൂറ്റിപ്പതിനൊന്നു വർഷങ്ങൾക്ക് മുമ്പ് നാലാം ഖിലാഫത്തുമായി ബന്ധപ്പെട്ട ഒരാത്മീയ ദർശനം കണ്ടിരുന്നു. അദ്ദേഹം തന്റെ ആയിനയെ കമാലാത്തെ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ പ്രസ്തുത ദർശനത്തെക്കുറിച്ചെഴുതുന്നു.

1892 ഡിസ: 7-ാംനു ഒരു ദർശനത്തിൽ ഞാൻ സ്വയം ഹസ്റത്ത് അലി(റ) ആയിത്തീർന്നതായിക്കണ്ടു.

സ്വപ്നത്തിന്റെ അത്ഭുതങ്ങളിൽ ഒന്നു ചിലപ്പോൾ ഒരാൾ തന്നെ മറ്റൊരാളായിക്കാണപ്പെടുന്നു എന്നതാണ്. ആ ദർശനത്തിൽ ഞാൻ അലി മുർതളാ ആയതായിക്കണ്ടു. അപ്പോൾ ഖവാരിജീങ്ങളുടെ ഒരു വിഭാഗം എന്റെ ഖിലാഫത്തിന്നെതിരായി പല തടസ്സങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതായും ആ കൂട്ടർ എന്റെ ഖിലാഫത്ത് സംവിധാനത്തെ താറുമാറാക്കാനും വിഷമങ്ങൾ ഉണ്ടാക്കുവാനും ശ്രമിക്കുന്നതായും എനിക്കു കാണുവാൻ സാധിച്ചു. തദവസരത്തിൽ ഹസ്റത്ത് റസൂൽ തിരുമേനി(സ)യെ ഞാൻ എന്റെ സമീപത്തുള്ളതായും വളരെ സ്നേഹത്തോടും അനുകമ്പയോടും കൂടി “യാ അലീ, ദർഹും വ അൻസാറഹും വസറാ അത്തഹും” അതായത് അല്ലയോ അലി, നീ ഇവരിൽ നിന്നും ഇവരുടെ സഹായികളിൽ നിന്നും ഇവരുടെ കൃഷിയിടങ്ങളിൽ നിന്നും അകന്നു നില്ക്കുക എന്നരുൾ ചെയ്യുന്നതായും കണ്ടു. ഈ വിഷമ സന്ധിയിൽ ക്ഷമ കൈക്കൊള്ളുവാനും അവരിൽ നിന്നും മുഖം തിരിക്കുവാനും നീ തന്നെയാണ് സത്യത്തിലെന്നും എന്നാൽ ഇക്കൂട്ടരെ അഭിമുഖീകരിക്കാതിരിക്കുകയാണ് ഉത്തമമെന്നും തിരുമേനി(സ) എന്നോട് അരുൾ ചെയ്യുന്നതായെനിക്കു തോന്നി. ഇവിടെ കൃഷി സ്ഥലം എന്നതുകൊണ്ട് മൗലവിമാരുടേയും പീർമാരുടെയും കൂട്ടർ എന്നാണ് താൽപര്യം. അവരുടെ അദ്ധ്യാപനങ്ങളിൽ പ്രഭാവിതരായവരും അവരാൽ ജലസേചനം ചെയ്യപ്പെട്ടവരും അവരോടൊപ്പമുണ്ട്. അപ്പോൾ പെട്ടെന്ന് എന്റെ പ്രകൃതി ദിവ്യ വെളിപാടിലേക്കു പരിവർത്തന വിധേയമായി. ആ ദിവ്യ വെളിപാടിൽ ഒരാൾ എന്നെക്കുറിച്ചു പറയുകയാണ്: ‘ദറൂനി അഖ്തുലുമൂസാ’ എന്നെവിടൂ! ഞാനീ മൂസായെ അതായതു ഈ വിനീതനെ കൊലചെയ്യട്ടെ, ഈ ദർശനം ഞാൻ രാത്രി 2.40നാണ് കണ്ടതു പിറ്റേന്നു ബുധനാഴ്ചയായിരുന്നു. അൽഹം ദുലില്ലാഹി അലാ ദാലിക. (ആയിനയെ കമാലാത്തെ ഇസ്ലാം പേജ് : 216, 218) പ്രസ്തുത ആത്മിയ ദർശനത്തിൽ നിന്നും താഴെപ്പറയുന്ന കാര്യങ്ങൾ പ്രധാനമാണ്.

1. ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹിന്റെ നാലാം ഖിലാഫത്ത് കാലത്ത് ഈ ഖിലാഫത്തിനെ നശിപ്പിക്കുവാൻ മൗലവിമാരും സിൽബന്ധികളും തീവ്രയത്നം ചെയ്യുന്നതാണ്.

2. ആ അവസരത്തിൽ ഒരു ഫിർഔൻ അദ്ദേഹത്തെ വധിക്കുവാൻ ഗൂഢതന്ത്രം ചെയ്യുന്നതാണ്.

അതിൽ അയാൾ പരാജിതനാവുകയും ദൈവക്രോധത്തിന്നു പാത്രമാവുകയും ചെയ്യുന്നതാണ്. അന്നു ബുധനാഴ്ചയായിരിക്കും.

പ്രസ്തുത ദിവ്യദർശനമനുസരിച്ച് നാലാം ഖിലാഫത്തിനെ അട്ടിമറിക്കുവാനും ഖലീഫയെ വധിക്കുവാനും ചെയ്യപ്പെട്ട ഗൂഢാലോചനയെപ്പറ്റിയും അതിന്റെ പര്യവസാനത്തെപ്പറ്റിയും ഹുസൂർ തിരുമനസ്സ് അരുൾ ചെയ്യുന്നു.

സിയാ ഉൽഹഖ് ജമാഅത്തിന്നെതിരായി ഓർഡിനൻസ് പുറപ്പെടുവിച്ചപ്പോൾ അതിന്റെ ഫലമായി ജമാഅത്തിന്നു വളരെയധികം പ്രയാസങ്ങളും പരീക്ഷണങ്ങളും നേരിടേണ്ടിവന്നു. ഈ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനു മുമ്പ് തന്നെ വലിയൊരു ഗൂഢാലോചന നടത്തപ്പെട്ടിരുന്നു. അഹ്മദിയ്യാ ജമാഅത്തിൽ നിന്ന് ഖിലാഫത്ത് സംവിധാനം നശിപ്പിക്കുകയും ഏതെങ്കിലും കാരണം പറഞ്ഞുകൊണ്ട് ഖലീഫയെ അറസ്റ്റ് ചെയ്യുകയും പിന്നെ വധിക്കുകയോ തൂക്കിലിടുകയോ ചെയ്യുകയുമായിരുന്നു ഗൂഢാലോചനയുടെ ഒരു ഭാഗം. ഒരു ഭയങ്കര കുറ്റവാളിയെയാണു തങ്ങൾ തൂക്കിലിടുന്നതെന്നും അഹ്മദിയ്യാ ഖിലാഫത്ത് ജനങ്ങളെ കൊല ചെയ്യുകയും നാട്ടിൽ അരാജകത്വം സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു ഭീകര പ്രസ്ഥാനമാണെന്ന ദുഷ്പേരുണ്ടാക്കി തങ്ങൾ ഖിലാഫത്ത് വ്യവസ്ഥിതിയെത്തന്നെ ഈ നാട്ടിൽ നിന്നും എന്നെന്നേക്കുമായി അവസാനിപ്പിച്ചിരിക്കുന്നുവെന്ന് ഉൽഘോഷിക്കുകയും ചെയ്യുകയാണ് ഈ ഗൂഢാലോചനയുടെ മറ്റൊരുവശം. അതായത് 1300 വർഷങ്ങളുടെ കാത്തിരിപ്പിന്നുശേഷം സംജാതമായ ഈ ആത്മീയ സംവിധാനത്തെ അതായത് അല്ലാഹു നിയമിച്ച ഖിലാഫത്തിനെ തങ്ങളുടെ വഞ്ചനാത്മകമായ ഗൂഢ തന്ത്രങ്ങളാൽ നശിപ്പിക്കുവാനാണ് ഈ ഭാഗ്യദോഷികൾ വട്ടം കൂട്ടിയിരുന്നത്. യുരീദുന ലിയുത്ത്ഫിഊ നൂറല്ലാഹി ബി അഫ്വാഹിഹിം, ദൈവിക പ്രകാശത്തെ വഞ്ചനാപരമായ രീതിയിൽ ഊതിക്കെടുത്തുവാൻ ഇവർ ഇച്ഛിക്കുകയായിരുന്നു. എന്നാൽ വല്ലാഹുമുതിമ്മു നൂരിഹി വലൗകരിഹൽ കാഫിറൂൻ, നിഷേധികൾ ഇഷ്ടപ്പെട്ടില്ലെങ്കിലും ഈ പ്രകാശത്തെ ഏർപ്പെടുത്തിയ അല്ലാഹു അതിനെ പരിപൂർണ്ണതയിൽ എത്തിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു ഏത് രീതിയിലാണു അവരുടെ ഗൂഢ തന്ത്രങ്ങൾ നശിപ്പിച്ചത് എന്നു കാണുമ്പോൾ മനുഷ്യന്റെ ബുദ്ധിതന്നെ ഭ്രമിച്ച് പോകുന്നു.

1983ലെ ആരംഭത്തിൽ തന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ ഈ നാട്ടിൽ നിന്നും അതിന്റെ ഒരു അതിർത്തിയിൽ കൂടിയും പുറത്ത് പോകാൻ പാടില്ല എന്ന ഒരു കല്പന ഗവണ്മെന്റിൽ നിന്നും ഉണ്ടായിരുന്നു. സിയാഉൽഹഖ് സ്വന്തം തന്നെ ഈ

**1983ന്റെ ആരംഭത്തിൽ തന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ ഈ നാട്ടിൽ നിന്നും അതിന്റെ ഒരു അതിർത്തിയിൽ കൂടിയും പുറത്ത് പോകാൻ പാടില്ല എന്ന ഒരു കല്പന ഗവണ്മെന്റിൽ നിന്നും ഉണ്ടായിരുന്നു.**

കല്പന എഴുതിച്ചതാണെന്നു സാക്ഷികൾ മുഖേന തെളിഞ്ഞിരിക്കുന്നു. എന്നാൽ അല്ലാഹുത്തആല അഹ്മദിയ്യാ ജമാഅത്തിന്നെതിരായുള്ള ഈ കല്പന ഇവർക്കെതിരായിത്തന്നെ തിരിക്കുകയുണ്ടായി. ഇവർക്ക് അപ്പോൾ മൂന്നാം ഖലീഫ മിർസാ നാസിർ അഹ്മദിന്റെ പേരു മാത്രമാണ് പരിചിതമായിട്ടുള്ളത്. ഇവരുടെ ഭരണകൂടത്തിന്റെ വലിയൊരു ഭാഗം ഹസ്റത്ത് മൂന്നാം ഖലീഫത്തുൽ മസീഹുമായിട്ടാണ് ബന്ധപ്പെട്ടു കിടന്നിരുന്നത്. അതുകൊണ്ടു ഈ കല്പന പുറപ്പെടുവിക്കുമ്പോഴും ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ പേരാണു വന്നിരുന്നത്. അതായത് MIRZA NASIR AHMAD HEAD OF THE AHMADIYYA COMMUNITY CAN NOT LEAVE THE COUNTRY. ഈ കല്പന താണകിടയിലുള്ള വല്ല ഉദ്യോഗസ്ഥനുമായിരുന്നു പുറപ്പെടുവിച്ചിരുന്നതെങ്കിൽ ഇക്കൂട്ടർ അയാളുടെ തോലുരിക്കുകയായിരുന്നു. എനിക്ക് പാസ്പോർട്ടു നൽകിയ ഓഫീസറെ മേലുദ്യോഗസ്ഥന്മാർ ചോദ്യം ചെയ്തപ്പോഴും അദ്ദേഹം പ്രസ്തുത ഓർഡർ കാണിച്ചുകൊണ്ട് മിർസാ നാസിർ അഹ്മദിന്നു പാസ്പോർട്ടു കൊടുക്കരുതെന്ന ഓർഡറാണെന്നുള്ളതെന്നു പറഞ്ഞു തന്റെ നിരപരാധിത്വം തെളിയിക്കുകയുണ്ടായി.

ഈ തെറ്റു അവരെക്കൊണ്ടു അല്ലാഹു ചെയ്യിച്ചതായിരുന്നു. അവരുടെ 'ശർറ്'ായ തന്ത്രം 'ഖൈറാ'യി മാറിയത് അല്ലാഹു ആവിഷ്ക്കരിച്ച തന്ത്രമായിരുന്നു. ഇവരുടെ ഈ ഗൂഢതന്ത്രം അല്ലാഹു അവരിലേക്ക് തന്നെ തിരിച്ചുകൊണ്ട് മുഴുലോകത്തും ആഗോളടിസ്ഥാനത്തിൽ അഹ്മദിയത്തിന്റെ വളർച്ചക്കും പുരോഗതിക്കും അത്ഭുതകരമായ ഒരു നിമിത്തമാക്കിത്തീർത്തു. ചിലപ്പോൾ ഞാൻ ആലോചിക്കാറുണ്ട്. അല്ലാഹുത്തആല ഈ ഹിജ്റത്തുമായി ബന്ധപ്പെടുത്തി നമുക്കു തന്നിരിക്കുന്ന ഈ അനുഗ്രഹത്തെക്കുറിച്ചു സങ്കല്പിക്കുവാൻ കൂടി സാധിക്കുന്നതല്ല. അവിടെ (പാക്കിസ്താനിൽ) ഇരുന്നുകൊണ്ട് ഇവയൊക്കെ സാധിക്കുകയെന്നത് വെറും ദിവാസ്വപ്നം മാത്രമാകുമായിരുന്നു. എന്നാൽ ദൈവാനുഗ്രഹത്താൽ ഇത്രമാത്രം വിപുലമായ തോതിൽ ലോകത്തെങ്ങും ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ നാമവും സന്ദേശവും എത്തിക്കുക എന്നത് മൗലവിമാരുടെ 'മക്ക്റെശർ മക്ക്റെ ഖൈറാ'യിപ്പരിണമിച്ചതിന്റെ മകുടോദാഹരണമാണ് (ഖുത്ബ 4.9.92)

ഖാദിയാനിയത്ത് ഒരു ക്യാൻസറാണെന്നും അതിനെ നശിപ്പിക്കാതെ താൻ അടങ്ങുകയില്ലെന്നും അതിന്നായി തന്റെ എല്ലാ ശക്തികളും ഭരണതന്ത്രങ്ങളും പ്രാവർത്തികമാക്കുന്നതാണെന്നും അഭിനവ ഫിർഔൻ ആയിരുന്ന പാക് പ്രസിഡന്റ് ജനറൽ സിയാഉൽ ഹഖ് അട്ടഹസിച്ചു. വിദേശത്തുള്ള പാക്ക് എമ്പസികളിലെല്ലാം തങ്ങളാലാവും വിധം ഖാദിയാനിസത്തെ എതിർക്കേണമെന്ന സർക്കുലർ അയച്ചുകൊടുത്തു. ഈ ആക്രോശത്തിന്നും വീരവാദത്തിനും മറുപടി ആയി ഹസ്റത്ത് ഖലീഫത്തുൽ മസീഹ് IV (റ) തന്റെ 12.8.1988ലെ ജുമുഅ ഖുത്ബയിൽ ഒരു പ്രവചനമെന്നോണം അരുൾ ചെയ്തു.

ഈ മനുഷ്യൻ അല്ലാഹുവിന്റെ പിടിയിൽ നിന്നും ശിക്ഷയിൽ നിന്നും രക്ഷപ്പെടാൻ പോകുന്നില്ല. ഇയാളുടെ നാമവും അടയാളവും പോലും വിസമൃതമായിപ്പോകുന്നതാണ്. ജമാഅത്തിന്നു ഒരു യജമാനനുണ്ട്. ആ യജമാനൻ ആകാശ ഭൂമികളുടെ ഉടമസ്ഥനാണ്. ആ യജമാനൻ ഞങ്ങളെ സഹായിക്കാനെത്തുമ്പോൾ നിങ്ങളെ സഹായിക്കുവാൻ ലോകത്തുള്ള ആരെക്കൊണ്ടും സാധിക്കുന്നതല്ല എന്ന് അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറയുന്നു. അല്ലാഹുവിന്റെ വിധി നിങ്ങളെ ധൂളീകരിച്ചു കളയുന്നതാണ്. അപ്പോൾ നിങ്ങളുടെ നാമവും അടയാളവും പോലും അവശേഷിക്കുന്നതല്ല. നിങ്ങളെ ലോകം എപ്പോഴും അപമാനത്തോടും അവഹേളനത്തോടും കൂടിയായിരിക്കും ഓർമ്മിക്കുക.

ഹുസൂർ തിരുമനസ്സിന്റെ ഈ പ്രഖ്യാപനത്തിനു വെറും അഞ്ചു ദിവസങ്ങൾ തികയുന്നതിനു മുമ്പു തന്നെ ലോകത്തിന്നു ഒരത്ഭുത പ്രതിഭാസം ദർശിക്കുവാൻ സാധിച്ചു. ആഗസ്റ്റ് 17-ാം തിയതി ജനറൽ സിയാഉൽ ഹഖ് തന്റെ 28 ജനറൽമാരോടുകൂടി ലോകത്ത് ഏറ്റവും സുരക്ഷിതമെന്ന് കരുതപ്പെട്ടിരുന്ന വിമാനത്തിൽ കയറി നാലുമിനുട്ടിനകം തന്നെ പൊട്ടിത്തെറിച്ച് ഛിന്നഭിന്നമായിത്തീർന്നു. അങ്ങനെ അയാളുടെ ജഡം ആകാശവും സ്വീകരിച്ചില്ല ഭൂമിയും സ്വീകരിച്ചില്ല. നാലു എഞ്ചിനുകൾ ഘടിപ്പിക്കപ്പെട്ട ഈ സുരക്ഷിത വിമാനം ഞൊടിയിടയിൽ അഗ്നിഗോളമായിപ്പരിണമിക്കുക എന്നത് ഒരത്ഭുത സംഭവം തന്നെയെന്നു പത്രങ്ങൾ പറയുന്നു. വിമാനത്തിലുള്ള യാത്രികരെല്ലാം കത്തിച്ചാമ്പലായിത്തീർന്നതുകൊണ്ട് ആരെയും തിരിച്ചറിയുവാൻ സാധിച്ചില്ല. സ്ഫോടനത്തിന്റെ ശക്തികൊണ്ട് ജഡങ്ങൾ ഛിന്നഭിന്നമായിത്തീരുകയും കത്തിക്കരിഞ്ഞു പോവുകയും ചെയ്തു. ഇതിൽ നിന്നും മനുഷ്യരെയും യന്ത്രങ്ങളെയും തുണ്ടം തുണ്ടമാക്കിത്തീർക്കുമാറു അത്രയേറെ സുശക്തമായിരുന്നു സ്ഫോടനം എന്ന് ഹിന്ദു സമാചാർ പത്രം (8.9.88) എഴുതുന്നു.

ഈ സംഭവത്തിനുശേഷം അഹ്മദിയ്യാ ജമാഅത്തിന്നു ആഗോളാടിസ്ഥാനത്തിലുണ്ടായ നേട്ടങ്ങൾ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായത് മുതൽ ഉണ്ടായിട്ടില്ലാത്തത്ര അത്ഭുതകരമായതായിരുന്നു. ഈ കാലഘട്ടത്തിൽ അഹ്മദയ്യാ ജമാഅത്തിന്നുണ്ടായ അതിമഹത്തായ നേട്ടങ്ങളിലൊന്ന് മുസ്ലിം ടെലിവിഷൻ അഹ്മദിയാ ഇന്റർനേഷനലിന്റെ (എം ടി എ ഐ) സ്ഥാപനമാണ്.

ഇരുപത്തിനാലു മണിക്കൂറും പ്രവർത്തനനിരതമായ ഈ ടെലിവിഷൻ ചാനൽ ഹസ്റത്ത് ഖലീഫാ തിരുമനസ്സിന്റെ ഖുത്ബകളും പ്രഭാഷണങ്ങളും ഖുർആൻ സ്റ്റഡിക്ലാസ്സ്, വിജ്ഞാന സദസ്സുകൾ, മുലാഖാത്ത്, വിവിധ ഭാഷാ ക്ലാസ്സുകൾ എന്നിങ്ങനെ ധാരാളം ധാരാളം പരിപാടികൾ സംപ്രേഷണം

*ശേഷം പേജ് 26ൽ*

# ഖലീഫാ തിരുമനസ്സ് ചില ജീവിത ചിത്രങ്ങൾ

എ. എം

## മാനവീയവും ഉദാത്തവുമായ അനേകം സ്മരണകൾ സമ്മാനിച്ച ഒരു മഹാത്മാവിന്റെ ഏതാനും ജീവിത ചിത്രങ്ങൾ

ഡിസം. 18 1928 അതൊരു സന്തോഷ സുദിനമായിരുന്നു. അമൃത്സറിൽ നിന്നും 35 കിലോമീറ്റർ അകലെയുള്ള ഖാദിയാൻ എന്ന കുഗ്രാമത്തിലേക്ക് പുതിയ റയിൽപാളത്തിലൂടെ ഒരു തീവണ്ടി കുതിച്ചെത്തി. ഗ്രാമത്തിൽ അന്നൊരു ആഘോഷമായിരുന്നു. പുകയും, നീരാവിയും പുറത്ത് വിട്ട് ചൂളം വിളിച്ച് ഓടിക്കിതച്ചെത്തിയ തീവണ്ടിയെ വരവേല്ക്കാൻ ഖാദിയാൻ സ്റ്റേഷനിൽ ഗ്രാമവാസികളെല്ലാം ഒത്തുകൂടി. ചരിത്ര പ്രസിദ്ധമായ ഈ കന്നി തീവണ്ടി യാത്രയിൽ ഗ്രാമത്തിലെ പൗരപ്രധാനികളുമുണ്ടായിരുന്നു. അങ്ങനെ ആ ദിനം ഖാദിയാന്റെ നാഗരിക ജീവിതത്തിൽ കല്ലിൽ കൊത്തിവെച്ച ഓർമ്മയായി. അതേ ദിവസം തന്നെ ഖാദിയാനിൽ വാഗ്ദത്ത മസീഹിന്റെ കുടുംബത്തിൽ ഒരു തിരുപ്പിറവി നടക്കുകയുണ്ടായി. വാഗ്ദത്ത മസീഹിന്റെ(അ) യുഗപ്രഭാവനായ പുത്രൻ മുസ്‌ലിഹ് മൗഊദും ഖലീഫത്തുൽ മസീഹ് രണ്ടാമനുമായ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)ന്റേയും ഹസ്റത്ത് മറിയം സിദ്ധീക്കാ(റ)യുടേയും പുത്രനായി മിർസാ ത്വാഹിർ അഹ്മദിന്റെ ജനനമായിരുന്നു അത്. അഹ്മദികളുടെ ഹൃദയ ചക്രവാളത്തിൽ ഉജ്ജ്വല ശോഭയോടെ എക്കാലവും നിലകൊള്ളുന്ന ഒരു സുവർണ്ണ താരകത്തിന്റെ തിരുപ്പിറവി!

### സ്നേഹമയിയായ മാതാവിന്റെ ഓമന പുത്രൻ

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ മൂന്നാമത്തെ പത്നിയായിരുന്നു മിർസാ ത്വാഹിർ അഹ്മദിന്റെ വന്ദ്യ മാതാവ് മറിയം സിദ്ധീക്ക സാഹിബ. അമത്തുൽ ഹക്കീം, അമത്തുൽ ബാസിത് എന്നീ രണ്ട് സഹോദരിമാരും ത്വാഹിറിന്നുണ്ടായിരുന്നു. ദൈവത്തേയും മനുഷ്യരേയും സ്നേഹിക്കാൻ മാത്രമറിയാവുന്ന പരമ സാത്വികയായ ഒരു മഹതീരത്നമായിരുന്നു ത്വാഹിറിന്റെ മാതാവ്. അവരുടെ ഭക്ത ഹൃദയം സാധുജനങ്ങളോടുള്ള അനുകമ്പയിൽ എന്നും ആർദ്രമായിരുന്നു. തന്റെ മകന്റെ പോഷണത്തിന് വേണ്ടി നൽകുന്ന പാലും ഭക്ഷണവും പാവങ്ങളുടെ മക്കൾക്കും ആ ഔദാര്യനിധി മുടക്കം കൂടാതെ നൽകിപ്പോന്നു. നിർധനരായ പെൺകുട്ടികളുടെ വിവാഹം കഴിക്കാനാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കൽ അവരുടെ കൂടി ഒരു ബാദ്ധ്യതയായി ആ മഹതി കരുതി. ഖലീഫത്തുൽ മസീഹിന്റെ മറ്റെല്ലാ ഭാര്യമാരിലുമുള്ള

മക്കൾക്കും മാതൃതുല്യമായ വാത്സല്യം നൽകി. ആ സ്നേഹ സ്രോതസ്സ് കുടുംബത്തിന്റെ വിളക്കായി നിലകൊണ്ടു. മൂത്ത ഒരാൺകുഞ്ഞ് മരിച്ചതിന് ശേഷം ലഭിച്ച ത്വാഹിർ എന്ന പുത്രനെ ആ മാതാവ് അതിരറ്റു സ്നേഹിച്ചു. മാതാവിന്റെ സ്നേഹ സാമ്രാജ്യത്തിലെ രാജകുമാരനായി വിടർന്ന കണ്ണുകളുള്ള ത്വാഹിർ പിച്ചവെച്ചു തുടങ്ങി. കൗമാരത്തിലെത്തി. ത്വാഹിറിന്റെ ഖുർആനോടുള്ള ബന്ധത്തെക്കുറിച്ചും നമസ്കാരത്തിലുള്ള നിഷ്ഠയെ സംബന്ധിച്ചുമായിരുന്നു എപ്പോഴും ആ മാതാവിന്റെ ഉൽക്കണ്ഠ. ത്വാഹിറിനോടുള്ള വഴക്കും, വക്കാണവുമെല്ലാം അതിന്റെ പേരിലായിരുന്നു. ഭക്തിമയവും സ്നേഹസാന്ദ്രവുമായ ഈ മാതൃപുത്ര ബന്ധം കുടുംബ വൃത്തങ്ങളിൽ ഒരു സംസാര വിഷയമായിരുന്നു. അത്രമാത്രം ഗാഢമായിരുന്നു ആ ആത്മബന്ധം. ത്വാഹിറിന്റെ അർദ്ധ സഹോദരൻ മിർസാ മുസഫർ അഹ്മദ് ഓർക്കുന്നു. 'ആ മാതാവിന്ന് മകനെപ്പറ്റി ഒരേയൊരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളു. ത്വാഹിർ വളർന്ന് വലിയ ആളാവണം. അഹ്മദിയ്യാ ലോകത്ത് പുകൾപ്പെറ്റ ഒരുതാരമായിത്തീരണം.'

കളികളിലും ബാലസഹജമായ സാഹസികതയിലും എന്നും മുമ്പനായിരുന്ന ത്വാഹിറിന്റെ ബാല്യം ചുറുചുറുക്കുള്ളതായിരുന്നു. കളികളിലും മത്സരങ്ങളിലും ആരേയും വെല്ലുവിളിക്കാനുള്ള സന്നദ്ധതയും പ്രസരിപ്പും ചെറുപ്പത്തിൽ തന്നെ ത്വാഹിറിനെ ഒരു ഹീറോ ആക്കി. ഗഹനമായ ചിന്തയുടെ അഗാധ തീരങ്ങളിൽ ലയം കൊണ്ടിരുന്ന പിതാവിന്റെ ഗൗരവം മുറ്റിയ മുഖഭാവമായിരുന്നില്ല ത്വാഹിറിന്റേത്. നർമ്മബോധവും സാരസ്യവും മുഖത്ത് കളിയാടിയിരുന്നു. എപ്പോഴും പ്രസന്നവും കുസൃതിച്ചിരികലർന്നതുമായിരുന്നു അത്. അന്യന്റെ ഭാവുകത്വത്തെയും ബഹുമാനത്തെയും വ്രണപ്പെടുത്താതെ ഫലിതം പറയുന്ന അദ്ദേഹത്തിന്റെ നർമ്മബോധം ഉന്നതവും കുലീനവും സംസ്കാരസമ്പന്നവുമായിരുന്നു.

ആഹ്ലാദകരമായ തന്റെ ബാല്യയൗവനത്തിനുമേൽ കരിനിഴൽ വീഴ്ത്തിയ ആ ദിനങ്ങൾ വന്നെത്തി. മെട്രിക്കുലേഷൻ പരീക്ഷയുടെ കാലമായിരുന്നു അത്. തന്റെ വന്ദ്യമാതാവ് രോഗാതുരയായി. ത്വാഹിറിന്റെ ബാല ഹൃദയം വേദനകൾകൊണ്ട് തിങ്ങിവിങ്ങി. തന്റെ ദുഃഖങ്ങളെല്ലാം മാതാവിന്നുവേണ്ടിയുള്ള പ്രാർത്ഥനകളായി സുജൂദുകളിൽ കണ്ണീരായൊഴുകി. ലാഹോറിലെ ആശുപത്രിയിൽ മൂന്ന് മാസക്കാലത്തിലധികം ആ സാധ്വി ശയ്യാവലംബയായി. ഖലീഫത്തുൽ മസീഹ് രണ്ടാമനും രണ്ട് സഹോദരിമാരും അവരെ ശുശ്രൂഷിച്ച് കൂടെ തന്നെയുണ്ടായിരുന്നു. പരീക്ഷകാരണം ത്വാഹിറിന്ന് ഖാദിയാനിൽ തന്നെ കഴിയേണ്ടിവന്നു.

ത്വാഹിറിന്റെ പ്രിയമാതാവിന് അല്ലാഹു വിധിച്ച ആയുസ്സിന്റെ നാൾവഴിയിലെ ദിവസങ്ങളെല്ലാം തീർന്നു. ത്വാഹിറിന്റെ പ്രിയമാതാവ് പ്രിയപുത്രനേയും ലോകത്തേയും വിട്ട് തന്റെ നാഥന്റെ സവിധത്തിലേക്ക് യാത്രയായി. കേവലം 40-ാം വയസ്സിൽ തന്നെ മരണം പൂകേണ്ടിവന്ന തേജസ്വിയായ ആ മഹിളാരത്നത്തിന്റെ വേർപാട് വാഗ്ദത്ത മസീഹിന്റെ കുടുംബത്തെയാകമാനം ദുഃഖത്തിലാഴ്ത്തി. ത്വാഹിറിന്റെ ദുഃഖത്തിന്നതിരില്ലായിരുന്നു. പ്രായത്തിൽ കവിഞ്ഞ പക്വത പ്രാപിച്ച ദിവ്യനിയോഗങ്ങളുള്ള ആ പ്രിയപുത്രന്റെ വേദനകളെല്ലാം ദൈവത്തിൻെറ മുമ്പിൽ സമർപ്പിച്ചു. ഖാദിയാനിലെ മസ്ജിദുൽ മുബാറക്കിലെ മുസല്ലകളെ കണ്ണീരിൽ കുതിർത്തുകൊണ്ട് ആ യുവഹൃദയം വിതുമ്പിക്കരയുകയായിരുന്നു.' സർ സഫറുല്ലാഹ് ഖാൻ ഓർക്കുന്നു. അഗാധമായ ദുഃഖംകൊണ്ട് വിവർണമായ മുഖത്തോടുകൂടി ദീർഘമായ പ്രാർത്ഥനയിൽ മുഴുകി മസ്ജിദ് മുബാറക്കിലേക്കുള്ള ഇടനാഴിയിലെ മുറികളിലൊന്നിൽ യുവാവായ ത്വാഹിറിനെ കണ്ടത് ഞാനിപ്പോഴും ഓർക്കുന്നു. ജീവകാരുണ്യത്തിന്റെ പാഠങ്ങൾ തനിക്കു പഠിപ്പിച്ച മാതാവിനെക്കുറിച്ചുള്ള ഓർമ്മകൾ ഖലീഫയായതിന് ശേഷവും അദ്ദേഹത്തിന് ഗൃഹാതുരത്തമുളവാക്കുന്നതായിരുന്നു. ദിവംഗതനാകുന്നതിന് കുറച്ച് ആഴ്ചകൾക്ക് മുമ്പുള്ള ഒരു ഖുത്ബയിൽ സുമംഗലികളാകുന്ന തങ്ങളുടെ പെൺകുട്ടികൾക്ക് കൈയ്യിലും കഴുത്തിലും എന്തെങ്കിലുമണിയിക്കാൻ കഴിയാതെ നിരാശയിൽ കഴിയുന്ന നിർധനരായ രക്ഷിതാക്കന്മാർക്ക് ധനസഹായം നൽകുന്ന ഒരു ഫണ്ട് പ്രഖ്യാപിക്കുകയുണ്ടായി. തന്റെ വന്ദ്യമാതാവിന്റെ പേരിൽ ആരംഭിച്ച 'മറിയം ശാദീ ഫണ്ടി'ലേക്ക് ലക്ഷക്കണക്കിന് ഡോളറുകളുടെ പ്രവാഹമുണ്ടായതായി ഹുസൂർ തന്നെ വെളിപ്പെടുത്തുകയുണ്ടായി. സൽഗുണ സമ്പന്നയായ മാതാവിന്റെ നാമം അനശ്വരമാക്കിയ കീർത്തിമാനായ പുത്രന്റെ പദ്ധതിയെ അല്ലാഹു അനുഗ്രഹിക്കുകയായിരുന്നു.

## പിതാവിന്റെ സ്വപ്നം

പിൽകാലത്ത് തന്റെ മകൻ ഖലീഫയാകുമെന്ന് മറിയം സിദ്ധീക്കാ സാഹിബ മനസ്സിലാക്കിയതായി നമുക്ക് ഗ്രഹിക്കാവുന്നതാണ്. ഹസ്റത്ത് ഖലീഫ തിരുമനസ്സ് മിർസാ ത്വാഹിറിന് തന്നെക്കാൾ പത്ത് വയസ്സ് മുതിർന്ന ഒരു ബാല്യകാല സുഹൃത്തുണ്ടായിരുന്നു. അൻവർ ഖാലോൺ എന്ന് പേരുള്ള ആ സ്നേഹിതന്റെ കുടുംബവും ഹുസൂറിന്റെ കുടുംബവും തമ്മിൽ വളരെയേറെ അടുപ്പത്തിലായിരുന്നു. അൻവർ ഖാലോൺ പിന്നീട് വളരെ സമ്പന്നനായ ബിസിനസുകാരനായി മാറി. ബ്രിട്ടനിലെ അമീറാവുകയും ചെയ്തു. അടുത്ത സുഹൃത്തായിട്ടും ഖലീഫയാകുന്നതിന് മുമ്പ് തന്നെ ഹുസൂറിനെ വളരെ ബഹുമാന പുരസ്സരം ബഹുവചനത്തിലാണ് അഭിസംബോധന ചെയ്തത്. ഖാലോന്റെ ഭാര്യപോലും തന്നെക്കാൾ ഇളയ ത്വാഹിറിനെ പേരുവിളിച്ച് അഭിസംബോധ ചെയ്തിട്ടും ഖാലോൺ ബഹുമാനസൂചകമായ പദം തന്നെയായിരുന്നു ഉപയോഗിച്ചത്. ഹുസൂറിനേയും മസീഹ് മൗഊദിന്റെ കുടുംബത്തിലുള്ളവരെയെല്ലാം ഈ വിധത്തിലായിരുന്നു അദ്ദേഹം വിളിച്ചത്. മസീഹ് മഊദിന്റെ കുടുംബവുമായി അടുത്ത സുഹൃദ് ബന്ധമുണ്ടായിരുന്ന അൻവറിന്റെ മാതാവിന്റെ, കർശനമായ നിർദ്ദേശമായിരുന്നു

ഇങ്ങനെ വിളിക്കണമെന്നത്. അതിൽ കൂടുതലായി അൻവറിന്റെ മാതാവിന് ത്വാഹിറിനോട് ശൈശവമായിരിക്കുമ്പോൾ തന്നെ എന്തെന്നില്ലാത്ത ആദരവായിരുന്നു. ഇതിന്റെ കാരണമെന്താണെന്ന് അൻവർ ഖാലോൺ തന്റെ മാതാവിനോട് ചോദിച്ചപ്പോൾ ഉത്തരം പറഞ്ഞില്ല. ഹുസൂർ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടപ്പോഴാണ് അൻവറിന്റെ പിതാവ് ആ രഹസ്യം അദ്ദേഹത്തോട് പറഞ്ഞത്. അതായത് അൻവറിന്റെ മാതാവും ഖലീഫാ തിരുമനസ്സ് മിർസാത്വാഹിറിന്റെ മാതാവും സ്നേഹിതകളായിരുന്നു. ത്വാഹിറിന് മൂന്നുവയസ്സ് പ്രായമായ കാലം. ഒരുദിവസം ഉച്ചക്ക് അൻവറിന്റെ മാതാവ് മറിയം സിദ്ധിക്കാ സാഹിബയെ സന്ദർശിക്കാൻ പോയി. പെട്ടെന്ന് താഹിറിന്റെ മാതാവ് അകത്ത് പോയി തന്റെ ഭർത്താവിന്റെ (ഖലീഫത്തുൽ മസീഹ് രണ്ടാമൻ) തലപ്പാവുമായി തിരിച്ചുവന്നു. ത്വാഹിറിന്റെ തലയിൽ അത് ധരിപ്പിച്ചു. "ഒരുദിവസം ഇവൻ ഖലീഫയാകും" എന്ന് പറഞ്ഞു. അന്ന് രാവിലെ തന്റെ ഭർത്താവ് ഖലീഫ രണ്ടാമൻ കണ്ട ഒരു ദർശനത്തിലുള്ള വിവരമായിരുന്ന ഒരു ആവേശത്തള്ളിച്ചയിൽ ആ മാതാവ് തന്റെ സ്നേഹിതയോട് പറഞ്ഞത്. വീണ്ടുവിചാരം വന്നപ്പോൾ ഈ രഹസ്യം ആരോടും പറയരുതെന്നും പറഞ്ഞു. അതായിരുന്നു തന്റെ മാതാവ് അൻവറിനോട് ത്വാഹിറിനെ ശിശുപ്രായത്തിൽ തന്നെ ബഹുമാനിക്കാൻ പറഞ്ഞതും. അങ്ങനെ ഒരുപദേശം നൽകിയതിന്റെ രഹസ്യം പറയാതിരുന്നതും.

## ഖാദിയാനിലെ കർമ്മഭടൻ

ദൗർഭാഗ്യകരമായ ഇന്ത്യാ വിഭജനത്തിന്റെ നാളുകളിൽ രക്തത്തിന്റേയും കണ്ണുനീരിന്റെയും അണപൊട്ടിയൊഴുകിയ പ്രവാഹം പഞ്ചാബ് ദേശത്തെയാകമാനം രുധിരസിക്തമാക്കി. ഒരുമിച്ചു ജീവിക്കാൻ കഴിയാത്ത രണ്ടു മതസമൂഹങ്ങളിൽ പെട്ട ജനലക്ഷങ്ങളുടെ ഇരുദേശങ്ങളിലേക്കുള്ള മഹാപ്രയാണങ്ങൾ. പുണ്യ ഖാദിയാൻ ഈ മനുഷ്യ മഹാദുരന്തത്തിന്റെ നടുവിലായിരുന്നു. യുവാവായ ത്വാഹിറിന്റെ കർമ്മ കോശങ്ങളിലേക്ക് ജീവകാരുണ്യത്തിന്റേയും സുരക്ഷാ ദൗത്യത്തിന്റേയും ആലക്തിക ശക്തി മിന്നിമറിഞ്ഞു. ആ യുവാവിനു പിന്നെ വിശ്രമമുണ്ടായില്ല. അഹ്മദിയ്യാ ജമാഅത്തിലെ യുവജന സംഘടനയായ ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവാംഗമായിരുന്നു ത്വാഹിർ. കർശനമായ അച്ചടക്കവും തളരാത്ത കർമ്മ ബോധവുമുള്ള അനൗപചാരിക പട്ടാളമായിരുന്നു ഖുദ്ദാമുൽ അഹ്മദിയ്യാ. ഖാദിയാന്റെ മധ്യഭാഗത്തിന്റെ സംരക്ഷണമായിരുന്നു തൻെറ മേലുദ്യോഗസ്ഥന്മാർ ഏൽപിച്ചത്. അതൃപ്തിയോടെയാണ് ആ ദൗത്യം ത്വാഹിർ ഏറ്റെടുത്തത്. ത്വാഹിറിന്റെ യുവസഹജമായ സാഹിസകതയും കർമ്മ ധീരതയും കലാപ ഭൂമിയിലേക്ക് അദ്ദേഹത്തെ മാടിവിളിച്ചു. ത്വാഹിറിന്റെ കൂടി സുരക്ഷിതത്വത്തിന് വേണ്ടിയായിരുന്നു ഏറെക്കുറെ അപകടരഹിതമായ അഹ്മദിയ്യാ ആസ്ഥാനത്തിന്റെ മധ്യഭാഗത്തിന്റെ സുരക്ഷയുടെ മേൽനോട്ടം അദ്ദേഹത്തെ ഏൽപിച്ചത്. കലാപ ഭൂമിയിലെ അപായ സാധ്യതകളൊന്നും നോക്കാതെ നിർഭയനായി ചെന്ന് ധീരനായ ത്വാഹിർ ഏല്പിക്കപ്പെട്ട ദൗത്യം നിർവ്വഹിക്കുമെന്ന് ഖുദ്ദാമുൽ അഹ്മദിയ്യാ നേതാവിന്നറിയാമായിരുന്നതു കൊണ്ടായിരുന്നു ത്വാഹിറിനെ ഖാദിയാന്റെ മധ്യഭാഗത്ത് തളച്ചിട്ടത്.

❖

**മൂത്ത ഒരാൺകുഞ്ഞ് മരിച്ചതിന് ശേഷം ലഭിച്ച ത്വാഹിർ എന്ന പുത്രനെ ആ മാതാവ് അതിരറ്റു സ്നേഹിച്ചു. ഭക്തിമയവും സ്നേഹസാന്ദ്രവുമായ ഈ മാതൃപുത്ര ബന്ധം കുടുംബ വൃത്തങ്ങളിൽ ഒരു സംസാരവിഷയമായിരുന്നു. അത്ര മാത്രം ഗാഢമായിരുന്നു ആ ആത്മബന്ധം..**

❖

## റബ്വയിലെ യുവ ഗായകൻ

അഹ്മദിയ്യത്തിന്റെ ജന്മസ്ഥലമായ ഖാദിയാൻ ഒരു സംഘം സന്നദ്ധ സേവകരെ മേൽനോട്ട മേൽപിച്ച് ഭൂരിഭാഗം അഹ്മദികളും ഖലീഫ രണ്ടാമന്റെ നേതൃത്വത്തിൽ പാക്കിസ്താനിലേക്ക് പലായനം ചെയ്തു. പാക്കിസ്താനിലെ 'റബ്വ' എന്നു പേരിട്ട ഒരു പാഴ് ഭൂമിയിൽ അഹ്മദിയ്യാ ആസ്ഥാനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭഘട്ടം തുടങ്ങി. പ്രയാസമേറിയതും അരിഷ്ടതയുടേയും ആ നാളുകളിൽ ചളിയും നാടൻ ഇഷ്ടികയുമുപയോഗിച്ച് മൂവായിരം വസതികളുടെ എളിയതോതിലുള്ള നിർമ്മാണമായിരുന്നു പ്രാഥമിക ഘട്ടം. പരിമിതമായ ഭക്ഷണവും അല്പം ശുദ്ധ ജലവുമായി അഹ്മദികൾ നടത്തിയ ത്യാഗത്തിന്റെ ഇതിഹാസമായിരുന്നു റബ്വാ പട്ടണ നിർമാണം. നിർമാണ പ്രവർത്തനങ്ങളിലേർപ്പെട്ട അഹ്മദികൾക്ക് നിർദേശങ്ങൾ നൽകാൻ ഒരു ഉച്ചഭാഷിണി അവിടെ സ്ഥാപിച്ചിരുന്നു. ഒരു ദിവസം രാത്രി റബ്വയിലെ ഘനഗംഭീരമായ ശാന്തതയെ ഭേദിച്ചുകൊണ്ട് ആവേശദായകമായ ഒരു കവിത ഉച്ചഭാഷിണിയിലൂടെ ഒഴുകിയെത്തി. 'നിങ്ങളുടെ കർമ്മകാണ്ഡങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകതന്നെ ചെയ്യും. ആസന്ന വിജയം നമുക്കുമാത്രമുള്ളതാണ്. തളരാതെ മുന്നോട്ട്' എന്നർത്ഥം വരുന്ന ആവേശകരമായ കവിത ഖലീഫ തിരുമനസ്സും ശ്രവിച്ചു. ആരാണ് ഇത്ര മനോഹരമായ കവിത ആലപിക്കുന്നത്? അദ്ദേഹം ആരാഞ്ഞു. 'ഇതുപോലെയുള്ള കവിതകളാണ് നമുക്കിപ്പോഴാവശ്യം.' കൂടെയുണ്ടായിരുന്ന പത്നി പറഞ്ഞു, 'താങ്കൾക്ക് തിരിച്ചറിയാനാവുന്നില്ലേ അത് നമ്മുടെ ത്വാഹിറാണ്?'

## ഭുട്ടോ കാണാൻ കൊതിച്ച സുഹൃത്ത്

പാക്കിസ്താനിലെ വിദേശകാര്യ മന്ത്രിയായിരുന്ന ദുൽഫുക്കാർ അലി

ഭൂട്ടോ അദ്ദേഹത്തിന്റെ വാഗ്മിത്വവും സാമർത്ഥ്യവും കാരണം പൊടുന്നനെ പാക്കിസ്താന്റെ ദേശീയ നേതാവായി മാറി. മിർസാ ത്വാഹിറിന്റെ പിതാവ് രോഗാതുരനായപ്പോൾ ജ്യേഷ്ഠനും പിന്നീട് മൂന്നാം ഖലീഫയുമായി തീർന്ന നാസിർ അഹ്മദ്(റ) ആയിരുന്നു മിക്ക ചുമതലകളും നിർവ്വഹിച്ചിരുന്നത്. ഒരിക്കൽ ഭൂട്ടോ എടുത്ത ഒരു ദേശീയ നിലപാടിനെ അഭിനന്ദിക്കാൻ മിർസാ ത്വാഹിറിനെ ജേഷ്ഠൻ ഇസ്ലാമാബാദിലേക്കയക്കുകയുണ്ടായി. ത്വാഹിറിനെ കണ്ടമാത്രയിൽ ഡ്രോയിംങ്ങ് റൂമിൽ ഭൂട്ടോ സ്വീകരിച്ചിരുത്തി. പിന്നീട് ആ സ്ഥലം അത്ര സുരക്ഷിതമല്ല എന്നു പറഞ്ഞുകൊണ്ട് ഇടുങ്ങിയ മറ്റൊരു റൂമിൽ കൊണ്ടുപോയി ഒരുമേശക്ക് അഭിമുഖമായിരുന്നു അവർ രണ്ടുപേരും സംസാരിച്ചു. രണ്ടുപേരും ദർശന മാത്രയിൽ തന്നെ മിത്രങ്ങളായി. അതിനുശേഷം കുറേകാലത്തേക്ക് പരസ്പരം കണ്ടില്ല. അതിനിടക്ക് ഭൂട്ടോ പട്ടാളഭരണത്തിൽ ജയിലിലുമായിരുന്നു. ജയിൽ മോചിതനായതിന് ശേഷം മിർസാ ത്വാഹിർ സാഹിബ് ഖലീഫ മൂന്നാമന്റെ അനുമതിയോടെ ഭൂട്ടോവിനെ കാണാൻ വീണ്ടും ചെന്നു. പിന്നീട് അവരുടെ സ്നേഹബന്ധം ദൃഢതരമായി. ഭൂട്ടോ ഒരിക്കൽ തിരഞ്ഞെടുപ്പിന് വേണ്ടി പണം ആവശ്യപ്പെട്ടു. 'ഞങ്ങളുടേത് പരിമിതമായ വിഭവങ്ങളും അത്യുന്നതമായ ലക്ഷ്യങ്ങളുമുള്ള ഒരു ദരിദ്ര ജമാഅത്താണെന്ന്, പറഞ്ഞ്' ഭൂട്ടോയുടെ ആ ആവശ്യം അദ്ദേഹം നിരസിക്കുകയുണ്ടായി. ഭൂട്ടോ തന്റെ രാഷ്ട്രീയ പദ്ധതികൾ മിർസാ ത്വാഹിറുമായി ചർച്ച ചെയ്യാറുണ്ടായിരുന്നു. രാഷ്ട്രീയ രംഗത്ത് അപാരമായ ഉൾക്കാഴ്ചയും വിശകലന ശേഷിയുമുള്ള ഒരു അതുല്യ പ്രതിഭയായിരുന്നു മിർസാ ത്വാഹിർ. പി പി പിയുടെ രാഷ്ട്രീയ ഘടനയെ പറ്റി പല നിർദ്ദേശങ്ങളും ഭൂട്ടോക്ക് മുമ്പിൽ അദ്ദേഹം സമർപ്പിക്കുകയുണ്ടായി. ഒരിക്കൽ പി പി പി തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ തയ്യാറെടുക്കുകയായിരുന്നു. സ്ഥാനാർത്ഥി പട്ടികയിൽ ഇടതുപക്ഷ തീവ്രവാദികളായ ആളുകൾ പി പി പിയിൽ ധാരാളമായി കടന്നുകൂടിയിരുന്നു. ഭൂട്ടോ ഇടതുപക്ഷവും വലതുപക്ഷവും തമ്മിൽ ഒരു സന്തുലനമുണ്ടാക്കി അതിന്റെ മേധാവിത്വം കൈയ്യിലെടുത്തു മുന്നോട്ടു പോകാമെന്ന ധാരണയിലായിരുന്നു. മിർസാ ത്വാഹിർ ഈ സ്ഥാനാർത്ഥികൾ ജയിച്ചാലുണ്ടാകുന്ന അപകടത്തെപറ്റിയും, പാർട്ടി മൊത്തത്തിൽ പരാജയപ്പെടാനുള്ള സധ്യതയെ പറ്റിയും ഭൂട്ടോയെ പറഞ്ഞു ബോധ്യപ്പെടുത്തുകയുണ്ടായി. ഉടനെ തന്നെ പത്രസമ്മേളനം വിളിച്ചുകൂട്ടി സ്ഥാനാർത്ഥി പട്ടിക അന്തിമമല്ലെന്നും അത് പുനഃപ്രസിദ്ധീകരിക്കുന്നതാണെന്നും ഭൂട്ടോ പ്രസ്താവിച്ചു. സ്ഥാനാർത്ഥി പട്ടികയിൽ നിന്നും തീവ്ര ഇടതുപക്ഷക്കാരെ ഒഴിവാക്കി പുനഃപ്രസിദ്ധീകരിച്ചു. പി പി പി വമ്പിച്ച വിജയത്തോടെ തിരഞ്ഞെടുപ്പിൽ ജയിക്കുകയും ചെയ്തു.

തിരഞ്ഞെടുപ്പ് ജയത്തിന്ന് ശേഷം മിർസാ ത്വാഹിർ ഭൂട്ടോയെ വന്നുകണ്ടുപറഞ്ഞു. സർ ഞാൻ താങ്കളോടു യാത്ര പറയാൻ വന്നതാണ്' ഭൂട്ടോ മറുപടി പറഞ്ഞു. എന്ത് വിടപറയലോ ത്വാഹിർ?' 'അതെ, താങ്കളുടെ ചുറ്റുമിപ്പോൾ സ്തുതിപാഠകരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. അവർ മധുരവാക്കുകളല്ലാതെ മറ്റൊന്നും താങ്കൾക്ക് നൽകുന്നില്ല. എന്നാൽ ഞാൻ നൽകുന്നത് യാഥാർത്ഥ്യത്തിന്റെ കൈപ്പേറിയ ഗുളികകളാണ്. താങ്കൾക്ക് ഒരുപക്ഷേ അത് ഇഷ്ടപ്പെട്ടില്ല എന്നുവരും.'

ഭൂട്ടോ പ്രസിഡണ്ടായിരുന്നപ്പോഴും, പ്രധാനമന്ത്രിയായിരുന്നപ്പോഴുമെല്ലാം കൂടിക്കാഴ്ചകൾ തുടർന്നുകൊണ്ടിരുന്നു. ഇലക്ഷൻ വാഗ്ദാനങ്ങൾ പലതും പി പി പി പൂർത്തിയാക്കിയില്ല എന്ന് മിർസാ ത്വാഹിർ ഭൂട്ടോവിനോട് തുറന്നു പറഞ്ഞു. പിന്നീട് ഭൂട്ടോ അഹ്മദിയ്യാ വിരുദ്ധരുടെ പാളയത്തിലേക്ക് നീങ്ങുകയായിരുന്നു. സർക്കാർ അഹ്മദികൾക്കെതിരെ കാണിക്കുന്ന വിവേചനങ്ങൾക്കെതിരെ അഹ്മദികളുടെ സ്ക്കൂളും സ്ഥലവും ഗവണ്മെന്റ് പിടിച്ചടക്കിയതിനെതിരെയും അദ്ദേഹം ഭൂട്ടോവിനോട് സംസാരിച്ചു. ക്രമേണ അവരുടെ സൗഹൃദം തണുത്തു. ഭൂട്ടോയെ സന്ദർശിക്കൽ നിലച്ചു. മാസത്തിലൊരിക്കലെങ്കിലും തന്നെ സന്ദർശിക്കണമെന്ന് ത്വാഹിറിനോട് ഭൂട്ടോ അഭ്യർത്ഥിച്ചു. മിർസാ ത്വാഹിറിന്റെ അർദ്ധ ജ്യേഷ്ഠനും ലോകപ്രശസ്ത സാമ്പത്തിക പണ്ഡിതനുമായ മിർസാ മുസഫർ അഹ്മദിനോട് പാക്കിസ്താൻ ബഡ്ജറ്റ് തയ്യാറാക്കാൻ വാഷിംഗ്ടണിൽ നിന്ന് വിളിച്ചു വരുത്തിയപ്പോൾ മുഖ്യമായി പറഞ്ഞ പരാതി ത്വാഹിർ തന്നെ സന്ദർശിക്കാറില്ല എന്നായിരുന്നു. ഖലീഫാ മൂന്നാമനോടും നേരിട്ട് വിളിച്ച് ഭൂട്ടോ ഈ പരാതിപറഞ്ഞു. പ്രധാനമന്ത്രിയുടെ വസതിയിൽ വെച്ച് മിർസാ മുസഫർ അഹ്മദിനോടൊന്നിച്ച് അവസാനമായി ത്വാഹിർ ഭൂട്ടോയെ സന്ദർശിച്ചു. ഔദ്യോഗികവസതിയിലെ പുൽതകിടിയിൽ വെച്ച് ചായ കഴിക്കവേ ഈസി ചെയറിൽ നിന്ന് എഴുന്നേറ്റ ഭൂട്ടോ ത്വാഹിറിനെ കെട്ടിപിടിച്ചുകൊണ്ട് പറഞ്ഞു. 'ഈ മനുഷ്യൻ കുറെ നാളായി എന്നെ സന്ദർശിക്കാൻ കൂട്ടാക്കാത്തയാളാണ്.' 1970കളിൽ ഭൂട്ടോ തന്റെ രാഷ്ട്രീയ ദുർമോഹങ്ങളുമായി അഹ്മദിയ്യാ വിരുദ്ധ പക്ഷത്തേക്ക് നടന്നടുക്കുകയായിരുന്നു. അതോടൊപ്പം തന്നെ കാത്തുനിന്ന ബീഭത്സമായ ദുർവിധിയിലേക്കും അദ്ദേഹം നടന്നടുത്തു.

## ഉറങ്ങാത്ത മനുഷ്യൻ

ആയിരത്തിലധികം സ്റ്റാഫുകളുള്ള അതിവിപുലമായ ഒരു സെക്രട്ടറിയേറ്റ് ഹുസൂർതിരുമനസ്സിന്റെ സേവനത്തിന്നായുണ്ട്. അതിൽ ബഹുഭൂരിപക്ഷവും സന്നദ്ധ സേവകരാണ്. അതിൽ ബഹുഭൂരിപക്ഷമാകട്ടെ സ്ത്രീകളും! സ്ത്രീകളുടെ ഒഴിവു സമയങ്ങൾ ഒരു സമൂഹത്തിന്റെ അദ്ധ്യാത്മികവും സാമൂഹ്യവുമായ പുരോഗതിക്ക് ഇത്രമാത്രം ഉപയോഗപ്പെടുത്തിയ മറ്റൊരു മതനേതാവും ഭൂമുഖത്തില്ല. ഇംഗ്ലണ്ടിലെജോലിയുള്ളവരും, വീട്ടമ്മമാരുമായ സ്ത്രീകളാണ് ഖലീഫയുടെ പേപ്പർ വർക്കുകളെല്ലാം നിർവ്വഹിക്കുന്നത്.

തഹജ്ജുദ് നമസ്കാരത്തിന് ശേഷമാണ് ഹുസൂർ തിരുമനസ്സിന്റെ ദിവസം

ചെറിയൊരു ഉത്തേജനം മാത്രമാണ് ആവശ്യമായിട്ടുള്ളത്. ഒരു വസ്തു ശരീരത്തിലുണ്ടാക്കുന്ന പ്രതികരണമാണ് രോഗം. ആ വസ്തുവേ തന്നെ ഉപയോഗപ്പെടുത്തി രോഗത്തെ ചികിത്സിക്കാനാവും എന്നാണ് ഹോമിയോ സിദ്ധാന്തം. മനുഷ്യ ശരീരത്തിന്റെ പ്രതികരണങ്ങളെപറ്റി അതിസൂക്ഷ്മമായ അറിവും സമഗ്രമായ കാഴ്ചപാടും ഹോമിയോ ചികിത്സകന് ആവശ്യമാണ്.

ഹുസൂർ ഹോമിയോ ചികിത്സാ സമ്പ്രദായത്തിന്റെ ഒരു ആഗോള പ്രചാരകനും ആ വിഷയത്തിൽ പല നൂതന ഗവേഷണങ്ങളും നടത്തിയ അപാര ജ്ഞാനമുള്ള പ്രാമാണികനുമായിരുന്നു. ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന അദ്ദേഹത്തിന്റെ രോഗികൾക്ക് സൗജന്യമായി മരുന്നും വൈദ്യോപദേശവും നൽകാൻ വലിയൊരു സമയം അദ്ദേഹം വിനിയോഗിച്ചു. ഇതു സംബന്ധമായി ആധികാരികമായ ഒരു പുസ്തകവും അദ്ദേഹം എഴുതിയിട്ടുണ്ട്.

## ഉപസംഹാരം

നാഗരികമായും വൈജ്ഞാനികമായും പ്രബുദ്ധമായ ആധുനിക കാലഘട്ടത്തിന്റെ എല്ലാ നന്മയും സ്വാംശീകരിച്ച ഒരു ആത്മീയ നേതാവായിരുന്നു അദ്ദേഹം. ഇക്കാലത്തെ സത്യാന്വേഷികളുടെ ആത്മീയ ജീവിതത്തിന് പ്രചോദനമേകുമാറ് ഒരു സംശുദ്ധ ജീവിതമായിരുന്നു ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദി(റഹ്)ന്റേത്. അദ്ദേഹത്തിന്റെ സ്വകാര്യ ജീവിതവും പൊതുജീവിതവും ഒരുപോലെ പരിശുദ്ധവും അനുകരണീയമായ മാതൃക ഉൾക്കൊള്ളുന്നതുമാണ്. മനുഷ്യനോടുള്ള അഗാധ സ്നേഹവും സഹജീവികക്ക് സാന്ത്വനവും ശ്രേയസ്സും നൽകുവാനുള്ള അവിരാമമായ ശ്രമവുമായിരുന്നു ആ മഹൽജീവിതം. അല്ലാഹു ആ മഹാത്മാവിന് അവന്റെ സവിധത്തിൽ ഉന്നതമായ സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ. ■

*റഫറൻസ് : A Man of God*

ആളുകളെ അമ്പരപ്പിക്കുന്ന അപാരമായ ഓർമ്മശക്തികൊണ്ട് അനുഗൃഹീതനായിരുന്ന ഹുസൂർ. പതിനഞ്ച് കൊല്ലം മുമ്പ് വരെ ഒരു നോക്ക് കണ്ട ഒരു ഡോക്ടറുടെ പേരും കണ്ട സ്ഥലവും എല്ലാ വിവരങ്ങളും സൂക്ഷ്മമായി അദ്ദേഹം പറയുകയുണ്ടായി. നൂറു കണക്കിന് പുതിയ മുഖങ്ങളുമായി ദിവസേന പരിചയപ്പെടുന്ന അദ്ദേഹത്തിന് ഇതെങ്ങനെ സാധിക്കുന്നു എന്നത് ഒരത്ഭുതമാണ്.

## ഹോമിയോപതിയുടെ പ്രചാരകൻ

അതിരുകവിഞ്ഞ പ്രഫഷനലിസവും അതിസങ്കീർണമായ വിശേഷവത്കരണവും അലോപ്പതി വൈദ്യത്തെ മാനവീയമല്ലാതാക്കിക്കൊണ്ടിരിക്കുകയാണല്ലോ. മനുഷ്യന്റെ ആത്മീയ സത്ത അവഗണിച്ചു കൊണ്ട് ശാരീരിക ധർമ്മങ്ങളെ രാസയൗഗികങ്ങളുടെ പ്രവർത്തനങ്ങളും സൂത്രവാക്യങ്ങളുമായി കാണുന്ന അലോപ്പതി, മനുഷ്യനെ അപമാനവീകരിച്ചുകൊണ്ടിരിക്കുന്നു എന്ന് പറയാം. ഇതിന്നൊരു ബദൽ വൈദ്യ സമ്പ്രദായം ലോകം മുഴുവൻ രൂപപ്പെട്ടുവരികയാണ്. ഹോമിയോപതിയുടെ പ്രചാരണത്തിന് ഈ സാഹചര്യം കൂടി ഹുസൂർ കണക്കിലെടുത്തിട്ടുണ്ടാകാം.

ആതുരസേവനം ഖലീഫത്തുൽ മസീഹിന്റെ ഒരു പൈതൃകവും ജനിതക പാരമ്പര്യവുമായിരുന്നു. അദ്ദേഹത്തിന്റെ പ്രപിതാമഹനും വാഗ്ദത്ത മസീഹിന്റെ പിതാവുമായ ഹസ്റത്ത് മിർസാ ഗുലാം മുർതസ സാഹിബ് പ്രഗത്ഭനായ ഒരു യൂനാനി വൈദ്യനായിരുന്നു. വാഗ്ദത്ത മസീഹും (അ) ഒരു വൈദ്യ വിജ്ഞാനിയായിരുന്നു. 200 വർഷങ്ങൾക്ക് മുമ്പ് രൂപം കൊണ്ട ഹോമിയോപതിയുടെ മാനവീയമായ മുഖമായിരിക്കാം വൈദ്യവിജ്ഞാനം സിരകളിലോടുന്ന ഖലീഫത്തുൽ മസീഹിന്റെ ശ്രദ്ധ അങ്ങോട്ട് തിരിയാൻ കാരണം. അല്ലാഹു സൃഷ്ടിച്ച മനുഷ്യ ശരീരത്തിന് തന്നെ രോഗത്തെ അതിജീവിക്കാനുള്ള ശേഷിയുണ്ട്. പുറമേ നിന്ന്

ആരംഭിക്കുക. എല്ലാവരും സാധാരണയായി ഖുർആൻ ഓതൽ സുബ്ഹി നമസ്കാരത്തിന് ശേഷമാണ്. എന്നാൽ മൂന്ന് മണിക്ക് എഴുന്നേൽക്കുന്ന ഹുസൂർ തഹജ്ജുദ് നമസ്കാരത്തിന് ശേഷമാണ് ഖുർആൻ പഠനത്തിലേർപ്പെടുക. അഗാധമായ ശ്രദ്ധ കേന്ദ്രീകരണത്തിന് ആ സമയമാണ് അദ്ദേഹം തിരഞ്ഞെടുത്തത്. ഹുസൂറിന്റെ ഖുർആൻ പാരായണം ഗവേഷണാത്മകമായിരുന്നു. മനസ്സിൽ നാമ്പെടുക്കുന്ന ഏതെങ്കിലും ഒരു ആശയത്തിന് ഖുർആനിക വചനങ്ങളുടെ കണ്ടെത്തലും ഖുർആനിക വചനങ്ങളിൽ നിന്നും പുതിയ ആശയങ്ങൾ മനസ്സിൽ രൂപം കൊള്ളലും. അങ്ങനെ വിശുദ്ധ ഖുർആനും ഹുസൂറിന്റെ ഹൃദയവും തമ്മിൽ രാത്രിയുടെ ഏകാന്തയിൽ നടക്കുന്ന ഗഹനമായ മൗനസംവാദങ്ങളിൽ നിന്നാണ് ഖുത്ബകളുടെ വിഷയങ്ങൾ രൂപം കൊള്ളുന്നത്.

ഹുസൂറിന്റെ ഉറക്കസമയം അദ്ദേഹം സൂക്ഷിച്ച ഒരു രഹസ്യമായിരുന്നു. ബലഹീനരായ നാം അനുകരിക്കേണ്ട എന്ന് കരുതിയാകാം ഹുസൂർ ആ രഹസ്യം വെളിപ്പെടുത്തിയിരുന്നില്ല. കണക്ക് കൂട്ടി നോക്കിയാൽ മൂന്ന് മണിക്കൂർ മാത്രമാണ് അദ്ദേഹം രാത്രി ഉറങ്ങുക. പിന്നീട് രാവിലെയും ഉച്ചക്കും അരമണിക്കൂർ വീതവും. ഒരിക്കൽ രാത്രിയുറക്കത്തിന്റെ ഈ രഹസ്യം ഒരു കുട്ടി വെളിപ്പെടുത്തിയ രസകരമായ ഒരു സന്ദർഭമുണ്ടായി. കുട്ടികളുമായുള്ള ഒരു ചോദ്യോത്തര വേളയിൽ ഒരു പെൺകുട്ടി ചോദിച്ചു 'ഹുസൂർ താങ്കൾ എത്രമണിക്കാണ് ഉണരുക'? അതിന് മറുപടി പറഞ്ഞത് മറ്റൊരു ആൺകുട്ടിയാണ്. 'ഹുസൂർ മൂന്ന് മണിക്കാണ് എഴുന്നേൽക്കാറ് എന്നെനിക്കറിയാം. എന്റെ അമ്മാവനോടൊപ്പം ഒരിക്കൽ ഹുസൂറിന്റെ വീടിന്നുമുന്നിൽ രാത്രി കാവൽ നിൽക്കുമ്പോൾ മൂന്ന് മണിക്ക് ഞാൻ വീട്ടിൽ വെളിച്ചം കണ്ടിട്ടുണ്ട്.' ഉടനെ ഹുസൂർ ആ കുട്ടിയെ നോക്കി പറഞ്ഞു. "ഓ അങ്ങിനെയോ? എന്റെ ഈ രഹസ്യം ഇനി മറ്റാരോടെങ്കിലും പറഞ്ഞാൽ ഞാൻ നിന്റെ അമ്മാവനോട് നിന്നെപറ്റി പരാതിപറയും."

*20-ാം പേജിൽ നിന്ന്*

ചെയ്തുവരികയാണ്. പാക്കിസ്താനിൽ അഹ്മദിയാ ജമാഅത്തിന്റെ ശബ്ദം പുറത്തുവരരുതെന്ന ഉദ്ദേശ്യത്തോടെ സിയാവുൽ ഹഖ് ഓർഡിനൻസു പുറപ്പെടുവിച്ചു. എന്നാൽ ഇന്നു അഹ്മദിയ്യത്തിന്റെ ശബ്ദം ഉപഗ്രഹം വഴിയായി ലോകത്തെങ്ങും കമ്പനം കൊള്ളുകയാണ് ആ ശബ്ദത്തെ അടിച്ചമർത്തുവാൻ ഒരു ശക്തിക്കും സാധ്യമല്ലാത്തവിധം ലോകത്തെങ്ങും മാറ്റൊലി കൊള്ളുകയാണ്. ഇത് സംബന്ധിച്ച് ഹുസൂർ തിരുമനസ്സ് അരുൾ ചെയ്യുന്നു:

"ഞാൻ പാക്കിസ്താനിൽ ഉള്ള മൗലവിമാരോട് നിങ്ങൾ അഹ്മദിയ്യത്തിന്റെ മുന്നേറ്റപ്പാതയിൽ തടസ്സങ്ങൾ ഉണ്ടാക്കരുതെന്നും അതു ഞങ്ങൾക്കു തന്നെ നഷ്ടകരമായിത്തീരുമെന്നും പറഞ്ഞിരുന്നു. ഞങ്ങൾ ഒരുവഴി അടക്കുകയാണെങ്കിൽ അല്ലാഹു ഡസൻ കണക്കിലുള്ള വഴികൾ തുറന്നുതരുന്നതാണ്. നിങ്ങൾ ഭൗമികമായ വഴികൾ അടക്കുകയാണെങ്കിൽ ലോകത്തുള്ള ഒരു ശക്തിക്കും തടസ്സപ്പെടുത്തുവാൻ സാധിക്കാത്ത രീതിയിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആകാശത്തുനിന്നു വർഷിച്ചുകൊണ്ടിരിക്കുന്നതാണ്. ആകാശത്ത് നിന്ന് അഹ്മദിയ്യാ ജമാഅത്തിന്നുമീതെ അനുഗ്രഹങ്ങളുടെ മഴ പെയ്യുമ്പോൾ നിങ്ങളുടെ കുടകളാലും കൂടാരങ്ങളാലും ആ മഴയെ നിങ്ങൾക്കു തടുത്തു നിറുത്തുവാൻ സാധിക്കുമോ?...... ഞങ്ങൾ അല്ലാഹുവിന്റെ ദാസന്മാരാണ്. ഞങ്ങളെ പരാജയപ്പെടുത്തുവാൻ നിങ്ങൾക്ക് സാധിക്കുന്നതല്ല. ഞങ്ങളുടെ എല്ലാ ശക്തികളെയും ഒന്നിച്ചു പ്രാവർത്തികമാക്കിയാലും അല്ലാഹുവിന്റെ പേരിൽ ഞാൻ ആണയിട്ടു പറയുകയാണ്, ഞങ്ങൾക്കൊരിക്കലും വിജയം വരിക്കുവാൻ സാധിക്കുന്നതല്ല.

(ഖുത്ബ 21.8.1992)

സിയാഉൽഹഖുമായി ബന്ധപ്പെട്ടത് കൂടാതെ ഭയാശങ്കകൾ സമാധാനമായി മാറ്റപ്പെട്ട ധാരാളം സംഭവങ്ങൾ നാലാമത് ഖിലാഫത്തിൽ നടന്നിട്ടുണ്ട്. അവയൊക്കെ വിവരിക്കുന്നതിന് ഒരു ബൃഹദ് ഗ്രന്ഥം തന്നെ ആവശ്യമാണ്. ചുരുക്കത്തിൽ ഖിലാഫത്തിന്റെ രണ്ടു മഹത്തായ ഉദ്ദേശ്യലക്ഷ്യങ്ങൾ ഹസ്റത്ത് നാലാം ഖലീഫത്തുൽ മസിഹിന്റെ കാലത്ത് ഏറ്റവും മഹത്തായ രീതിയിൽ പ്രാപിച്ചിരിക്കുന്നു.

അവസാനമായി ഹുസൂർ തിരുമനസ്സിന്റെ തന്റെ ജമാഅത്തിനോടുള്ള ഉൽബോധനവും അതോടനുബന്ധിച്ച സുവിശേഷവും അറിയിച്ചുകൊണ്ടീ ലേഖനം അവസാനിപ്പിക്കുന്നു.

"നിങ്ങൾ ബൈഅത്തിന്റെ നിബന്ധനകൾ പാലിക്കുകയും എന്റെ ഇഷ്ടത്തിൽ നിന്നും ഹിദായത്തിൽ നിന്നും പുറത്തു പോകാതിരിക്കുകയും എന്റെ നിർദ്ദേശാനുസാരം അല്ലാഹുവിനു വേണ്ടി നിങ്ങളുടെതെല്ലാം ത്യാഗം ചെയ്യുവാൻ സന്നദ്ധരാവുകയുമാണെങ്കിൽ ഏതൊരുവന്റെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് അവന്റെ പേരിൽ ഞാൻ ആണയിട്ടു പറയുകയാണ്, തീർച്ചയായും വിജയം നിങ്ങളുടെ കാലടികളെ ചുംബിക്കുന്നതാണ്. ലോകത്തുള്ള ഒരു ശക്തിക്കും ഈ വിജയത്തെ മാറ്റുവാൻ സാധിക്കുന്നതല്ല. നാം വളരെ വേഗതയോടുകൂടി മുന്നോട്ടു ഗമിക്കേണ്ട കാലം സമാഗതമായിരിക്കുന്നു.

അഹ്മദിയ്യാ ജമാഅത്തിന്നെതിരായി എതിർപ്പു ശക്തമാവുകയും അതിന്റെ ഫലമായി ജമാഅത്ത് ദുർബലപ്പെട്ടു പോവുകയും ചെയ്ത ഒരു സംഭവവും ഇതുവരെ ഉണ്ടായിട്ടില്ല. മറിച്ച് ഓരോ എതിർപ്പിന്നും ശേഷം പൂർവ്വാധികം ശക്തിയോടുകൂടി ജമാഅത്തിൽ ഉണർവ്വ് ഉണ്ടായിക്കൊണ്ടിരുന്നു. ഇത്രയും നീചവും നിന്ദ്യവുമായ എതിർപ്പ് ഇതിന്നു മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. അതേ പ്രകാരം നിങ്ങൾക്ക് സങ്കല്പിക്കുവാൻ കൂടി സാധിക്കാത്ത ദൈവികാനുഗ്രഹം ഞങ്ങൾക്കു കാണുവാൻ സാധിക്കുന്നതാണ്. ദൈവിക സഹായത്തിന്റെ പുതിയ പുതിയ അത്ഭുതങ്ങൾ നിങ്ങൾ കാണാനിരിക്കുന്നേയുള്ളു. നിങ്ങൾക്കായി ആകാശത്തുനിന്ന് മലക്കുകൾ ഇറങ്ങി അത്ഭുതകരമായ കാര്യങ്ങൾ കാണിച്ചു തരുന്നതാണ്. ആ കാലമാണ് വരാൻ പോകുന്നത്."

"അല്ലാഹുവിന്റെ അനുഗ്രഹത്തോടുകൂടി ധൈര്യസമേതം ഉദാത്തവും ഉന്നതവുമായ ഉദ്ദേശ്യലക്ഷ്യപ്രാപ്തിക്കായി സിംഹങ്ങളെപ്പോലെ ഗർജ്ജിച്ചുകൊണ്ട് ഇസ്ലാമിന്റെ മുന്നേറ്റപ്പാതയിൽ പുരോഗതി പ്രാപിച്ച് കൊണ്ടേ ഇരിക്കുക. അല്ലാഹു നിങ്ങളുടെ സംരക്ഷകനും സഹായിയും ആയിരിക്കുമാറാകട്ടെ. അവന്റെ കാരുണ്യത്തിന്റെ നിഴൽ അവന്റെ ഹിദായത്താകുന്ന അനുഗ്രഹം എന്നെന്നും നമ്മിൽ വർഷിച്ചുകൊണ്ടിരിക്കുമാറാകട്ടെ. അല്ലാഹുവേ! നീ അങ്ങനെ തന്നെ ആക്കേണമേ! ആമീൻ.

## ദുർബ്ബലരോടുള്ള സഹതാപം

**അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി തിരുമേനി(സ) അരുൾ ചെയ്തു. 'പ്രാകൃതരെന്നുതോന്നത്തക്കവിധം ചീകാതെ പൊടിപാറിയ മുടിയോടു കൂടിയ എത്രയോ ആളുകളുണ്ട്. അവരങ്ങയാൽ വാതിലുകൾ അവരുടെ നേരെ കൊട്ടിയടക്കപ്പെടുന്നു. എന്നാൽ (അവർക്ക് അല്ലാഹുവിന്റെ അടുത്ത് സ്ഥാനമുണ്ട്.) അല്ലാഹുവിന്റെ പേരിൽ അവർ ആണയിട്ടാൽ അല്ലാഹു അവരുടെ വാക്കുകൾ സാക്ഷാൽക്കരിക്കും.'**

***(മുസ്ലിം)***

# ഒരു പലായനത്തിന്റെ ദിവ്യാത്ഭുത മുഹൂർത്തങ്ങൾ

കെ. പി. അഹ്മദ്

## ആത്മീയ പ്രസ്ഥാനങ്ങൾക്കൊപ്പം എന്നും പലായനത്തിന്റെ പാതയുമുണ്ടായിരുന്നു. വിജയ സോപാനങ്ങളിലേക്ക് നയിക്കുന്ന ദൈവ നിശ്ചയങ്ങളുടെ അത്ഭുതകരമായ രക്ഷാപാതകളായിരുന്നു അതെല്ലാം

പാക്കിസ്താന്റെ ആകാശത്തിൻ കീഴിൽ കലാപ കാലുഷ്യത്തിന്റെ കറുത്ത പുകപടലങ്ങൾ കരിമേഘങ്ങളായി മേഞ്ഞു നടക്കുകയായിരുന്നു! അഗ്നിച്ചിറകുള്ള കഴുകന്മാർ അഹ്മദികളെ ഭസ്മീകരിക്കാൻ നടത്തിയ ശ്രമങ്ങളായിരുന്നു അത്! അഹ്മദികളുടെ ഭവനങ്ങളും പള്ളികളും ഗ്രന്ഥാലയങ്ങളും അഗ്നിയുടെ നാവുകൾ ആർത്തിയോടെ നക്കിയെടുക്കുമ്പോൾ ജൂത റബ്ബിമാരെ അനുസ്മരിപ്പിക്കുന്ന ഒരുകൂട്ടം മുല്ലമാർ ആർത്തു ചിരിക്കുന്നുണ്ടായിരുന്നു! ഭ്രാന്തമായ ആവേശത്തിന്റെ കുതിരപ്പുറത്ത് സവാരിചെയ്യാൻ സാമാന്യജനങ്ങൾക്ക് ഉത്തേജനം കുത്തിവെച്ചത് അവരാണല്ലൊ! എവിടെയെല്ലാമോ മുഴങ്ങിക്കേട്ട വെടിയൊച്ചകളിലും കൂർത്ത കഠാരകളുടെ സീൽക്കാരങ്ങളിലും അഹ്മദികളുടെ ദീനരോദനങ്ങൾ ആരും കേൾക്കാതെ പോയി.

ഇതൊക്കെ തെരുവോരങ്ങളിൽ അരങ്ങേറിയ പേശീ പ്രദർശനത്തിന്റെ ഗുണ്ടാവിളയാട്ടമാണെങ്കിൽ സ്വർണ്ണപ്പല്ലുള്ള ആധുനിക ഫറോവയുടെ കൊട്ടാരവളപ്പിൽ മറ്റൊരു ഗൂഢാലോചന രൂപം കൊള്ളുന്നുണ്ടായിരുന്നു! ഏതോ ഒരു ദുർദ്ദിനത്തിൽ അപ്രത്യക്ഷനായ അസ്‌ലം ഖുറൈശി എന്ന ഒരാളുടെ ഘാതകനായി അഹ്മദിയ്യാ ഖലീഫ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബിനെ പ്രതിയാക്കി ജയിലിലടക്കുകയായിരുന്നു ആ ഉപജാപത്തിന്റെ നിഗൂഢ ലക്ഷ്യം!

പക്ഷെ, സങ്കീർണ്ണമായ ഈ സാഹചര്യത്തെ കുറിച്ച് ബോധവാന്മാരായ അഹ്മദികൾ അവരുടെ ആത്മാവിന്റെ അംശമായ ഖലീഫാതിരുമനസ്സിനെ ബലികൊടുക്കാൻ തയാറായിരുന്നില്ല! പ്രവാസം അനിവാര്യമായിത്തീർന്ന ഈ ദുർഘടസന്ധിയിൽ എന്ത് വിലകൊടുത്തും പാക്കിസ്താനിൽ നിന്നും ഹുസൂറിനെ രക്ഷപ്പെടുത്താനുള്ള നിർണ്ണായകമായ തീരുമാനം എല്ലാ അമീർമാരും ചേർന്ന് ചർച്ച ചെയ്ത് വിലയിരുത്തി! ഹുസൂറിന്റെ പേരിൽ വാറണ്ടോ ഏതെങ്കിലും സർക്കാർ കമ്മീഷന്റെ മുമ്പിൽ ഹാജരാവാനുള്ള ഉത്തരവോ ഉണ്ടാകാൻ പാടില്ലെന്ന ദൃഢനിശ്ചയത്തിലായിരുന്നുഅവർ! പിന്നീട് സാഹസികമായ ഈ പലായനത്തിന്റെ ഉത്തരവാദിത്വം പാക്കിസ്താനിലെ അഹ്മദികളായ ഉയർന്ന റിട്ടയേർഡ് പട്ടാള ഉദ്യോഗസ്ഥന്മാരാണ് ഏറ്റെടുത്തത്! ഡച്ച് എയർ വെയ്സിന്റെ കെ എൽ എം വിമാനത്തിൽ ഒരു സാധാരണയാത്രക്കാരൻ എന്ന നിലയിൽ അവരതിന് പദ്ധതി ആസൂത്രണം ചെയ്തു! ലണ്ടനിലെ ആംസ്റ്റർ ഡാമിലേക്ക് ടിക്കറ്റ് ബുക്ക് ചെയ്യാൻ ഒരാളെ ചുമതലപ്പെടുത്തി കറാച്ചിയിലേക്കയച്ചു! ടെലിഫോൺ സന്ദേശത്തിലൂടെ ഈ വിവരം ചോർന്നു പോകാതിരിക്കാനാണ് അതീവ രഹസ്യമായി ഇങ്ങനെ ഒരാളെ വിട്ടത്. പാക്കിസ്ഥാനിൽ നിന്നും രണ്ട് കെ എൽ എം വിമാനങ്ങളാണ് ഒരാഴ്ചയിൽ ഉണ്ടായിരുന്നത്. ഏപ്രിൽ 30 തിങ്കളാഴ്ചയും മെയ് 2 ബുധനാഴ്ചയും!

ബുധനാഴ്ച പുറപ്പെടുന്ന വിമാനത്തിൽ യാത്രചെയ്യാമെന്നാണ് ഹുസൂർ തീരുമാനിച്ചതെങ്കിലും കറാച്ചിയിൽ നിന്ന് ടിക്കറ്റുമായി വന്ന ആൾ റിപ്പോർട്ട് നൽകിയത് തിങ്കളാഴ്ച ദിവസത്തേക്ക് മാറ്റിയെന്നാണ്! ബുധനാഴ്ച ധാരാളം സീറ്റുകളുണ്ടായിട്ടും തിരക്കേറിയ തിങ്കളാഴ്ച തന്നെ തിരഞ്ഞെടുത്തതിന്റെ പിന്നാമ്പുറത്ത് ഞെട്ടിക്കുന്ന ഒരു രഹസ്യമുണ്ടായിരുന്നു! ബുധനാഴ്ച പുറപ്പെടുന്ന വിമാനം ഗൾഫിൽ തങ്ങിയതിന് ശേഷമേ യൂറോപ്പിലേക്ക് തിരിക്കുകയുള്ളു! എന്നാൽ തിങ്കളാഴ്ച പുറപ്പെടുന്ന വിമാനം എവിടെയും തങ്ങാതെ ആംസ്റ്റർ ഡാമിലേക്കാണ് പറക്കുന്നത്! ഒരു പക്ഷെ, ബുധനാഴ്ച പുറപ്പെടുന്ന വിമാനം ഗൾഫിൽ തങ്ങുന്ന ഇടവേളയിൽ പിടികിട്ടാപ്പുള്ളിയായി (വാൻഡഡ് ക്രിമിനൽ) മുദ്രകുത്തി ഹുസൂറിനെ അറസ്റ്റ് ചെയ്യിപ്പിക്കാൻ പാക്കിസ്താൻ ഗവർമ്മെണ്ടിന് സാധിച്ചേക്കാം! പക്ഷെ, ഹുസൂറിന്റെ സംരക്ഷണച്ചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥന്മാരുടെ സൂക്ഷ്മദൃഷ്ടികൾ ഈ പഴുതും കൂടി അടച്ചുകളയുകയായിരുന്നു!

'റബ്വ'യുടെ അകത്തും പുറത്തുമുള്ള റോഡുകൾ സിയാഉൽ ഹഖിന്റെ രഹസ്യ പൊലീസുകാരുടെ നിരീക്ഷണത്തിലായിരുന്നു! എന്നാൽ ഈ പോലീസുകാരെ തിരിച്ചറിയുന്നത് എളുപ്പമായിരുന്നില്ല! ഭിക്ഷക്കാരുടെ വേഷത്തിലാണ് അവരവിടെ പ്രത്യക്ഷപ്പെട്ടത്! പക്ഷെ ഒരു പമ്പരവിഡ്ഢിത്തം അവിടെ സത്യം വെളിപ്പെടുത്തുകയുണ്ടായിയെന്നതാണ്. യാചക വേഷത്തിൽ നിലയുറപ്പിച്ച ഈ പോലീസുകാരെ തിരിച്ചറിയാൻ ഹുസൂറിന്റെ സംരക്ഷകന്മാർക്ക് കഴിഞ്ഞു. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ച യാചകരാണെങ്കിലും അവർ പാദങ്ങളിൽ അണിഞ്ഞിരുന്നത് വിലകൂടിയ പട്ടാള ബൂട്ടുകളായിരുന്നു! മാത്രമല്ല; അരോഗദൃഢഗാത്രരായിരുന്ന അവർ പട്ടിണിക്കോലങ്ങളുമായിരുന്നില്ല!

സാഹസികമായ ഈ പലായനത്തിലും ഹുസൂറിന് ചില നിർബന്ധങ്ങളുണ്ടായിരുന്നു. "വേഷം മാറിയിട്ടോ വ്യാജപാസ്പോർട്ടിലോ താനൊരിക്കലും രാജ്യം വിടുകയില്ല! ഈ ഉറച്ച നിലപാടായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്.

പലായനത്തിന്റ ദിവസമായ തിങ്കളാഴ്ച! പുലരിയുടെ പൊൻവെട്ടം ആകാശത്ത് പരക്കുന്നതിന് മുമ്പ് സുബ്ഹി നമസ്ക്കാരത്തിന് ശേഷം ഹുസൂർ പരിവാര സമേതം 'റബ്വ'യിൽ നിന്ന് പുറപ്പെട്ടു. സാധാരണ സഞ്ചരിക്കാറുള്ളതുപോലെ മുമ്പിൽ ഒരു കാറും അടുത്ത കാറിന്റെ പിൻസീറ്റിൽ ഹുസൂറും അതിന് പിന്നിൽ രണ്ടുകാറുകളിലായി സുരക്ഷാ ഉദ്യോഗസ്ഥന്മാരുമാണ് ഉണ്ടായിരുന്നത്. സിയാഉൽ ഹഖിന്റെ രഹസ്യപോലീസിന് ഇവരെയൊക്കെ സുപരിചിതമായിരുന്നു! എല്ലാവരും കാണുമാറ് പരസ്യമായിട്ടുതന്നെയാണ് ഹുസൂർ യാത്ര ചെയ്തിരുന്നത്. ഈ സന്ദർഭത്തിൽ സിയായുടെ രഹസ്യപോലീസ് റബ്വയിലെ ഓരോ ചലനങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ടായിരുന്നു. ഹുസൂർ ഇസ്ലാമാബാദ് സന്ദർശിക്കുമ്പോഴൊക്കെ അദ്ദേഹത്തിന്റെ അടുത്ത ബന്ധുവായ മിർസാ മുനീർ അഹ്മദ് സാഹിബിന്റെ പിണ്ടിയിലുള്ള ചിപ്പ് ബോർഡ് ഫാക്റ്ററിയിൽ പോവുകയും അവിടെ ഒരു രാത്രി തങ്ങി പിറ്റേന്ന് ഇസ്ലാമാബാദിലേക്ക് പുറപ്പെടുകയുമാണ് പതിവ്. ഇത്തവണയും അതുതന്നെയാണ് ആവർത്തിച്ചത്! സിയായുടെ രഹസ്യ പോലീസുകാർ ഹുസൂർ പിണ്ടിയിലേക്ക് പോയ വിവരം ഉടനെ റിപ്പോർട്ട് ചെയ്തു. അവരുടെ ദൃഷ്ടിയിൽ ഹുസൂർ പിണ്ടിയിലായിരുന്നു! പക്ഷെ, ഇവിടെ സംഭവിച്ചത് മറ്റൊന്നായിരുന്നു! പരിവാരസമേതം പുറപ്പെട്ട മെഴ്സിഡസി കാറിൽ ഹുസൂർ ഉണ്ടായിരുന്നില്ല! പകരം അദ്ദേഹത്തിന്റെ മൂത്ത സഹോദരന്മാരിലൊരാളായ മിർസാ മുനവ്വർ അഹ്മദ് സാഹിബായിരുന്നു ആ കാറിലുണ്ടായിരുന്നത്! ഇവിടെ ഹുസൂറിന്റെ സംരക്ഷണചുമതല ഏറ്റെടുത്ത ഉദ്യോഗസ്ഥന്മാർ സിയായുടെ പോലീസ് വ്യൂഹത്തെ വെള്ളം കുടിപ്പിക്കുകയായിരുന്നു! എന്നാൽ ഈ ആസൂത്രണ പദ്ധതികളൊന്നും ഹുസൂർ അറിഞ്ഞിരുന്നില്ല! മറ്റു അഹ്മദികൾക്കും ഇതൊക്കെ അജ്ഞാതമായിരുന്നു!

മണിക്കൂറുകൾ പിന്നിട്ടപ്പോൾ 'റബ്വ'യിൽ നിന്നും രണ്ടു കാറുകൾ പുറപ്പെട്ടു! പ്രാന്തപ്രദേശങ്ങളിലൂടെ സഞ്ചരിച്ച ഈ വാഹനങ്ങൾ ജാലിയൻ - ജംഗ് പോലുള്ള ചെറിയ പട്ടണങ്ങൾ താണ്ടി 750 കിലോമീറ്റർ പിന്നിട്ടുവേണം കറാച്ചിയിലെത്താൻ! ആദ്യത്തെ കാറിൽ ഹുസൂറിന്റെ സുരക്ഷാ ഉദ്യോഗസ്ഥന്മാരും രണ്ടാമത്തെ കാറിൽ ഡ്രൈവറുടെ സീറ്റിനടുത്ത് ഹുസൂറും ഉണ്ടായിരുന്നു! വളരെ ആസൂത്രിതവും കർശനമായ നിയന്ത്രണങ്ങളുമാണ് ലണ്ടനിലേക്കുള്ള ഈ യാത്രയിൽ സ്വീകരിച്ചിരുന്നത്! എല്ലാ തീരുമാനങ്ങളുടേയും കടിഞ്ഞാൺ പിടിച്ചത് ഹുസൂറിന്റെ സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരായിരുന്നു!

ജാലിയാൻ - ജംഗ് വഴികളിൽ റോഡുകൾ വെള്ളപ്പൊക്കംകൊണ്ടും മറ്റു കാരണങ്ങളാലും യാത്രായോഗ്യമല്ലായിരുന്നു. റിപ്പയർ നടന്നുകൊണ്ടിരുന്ന റോഡിലൂടെ വേഗത കുറച്ചാണ് വാഹനങ്ങൾ ഓടിച്ചിരുന്നത്! ഈ റോഡിന്റെ ഇരുവശങ്ങളിലും വേഷ പ്രച്ഛന്നരായ രഹസ്യ പോലീസുകാരുടെ കാവലേർപ്പെടുത്തിയിരുന്നു. യാചക വേഷം ധരിച്ച പോലീസുകാരാണ് ഇവിടെയും കാണപ്പെട്ടത്! പെട്ടെന്നാണ് അതു സംഭവിച്ചത്! ചില പോലീസുകാർ ഹുസൂർ സഞ്ചരിച്ച കാറിന്റെ നേർക്ക് കൈനീട്ടി അടുക്കാൻ തുനിഞ്ഞു! അപ്പോഴേക്കും മുമ്പിൽ സഞ്ചരിച്ചിരുന്ന സെക്യൂരിറ്റി വാഹനത്തിൽ നിന്ന് ഭിക്ഷക്കാരുടെ നേരെ കറൻസി നോട്ടുകൾ എറിയപ്പെട്ടുകഴിഞ്ഞിരുന്നു! പോലീസുകാർ പറക്കുന്ന നോട്ടുകൾ പിടിച്ചുപറ്റാൻ തുടങ്ങുമ്പോഴേക്കും ഹുസൂറിന്റെ കാർ അപകടകരമായ ആ പരിസരം പിന്നിട്ട് മുമ്പോട്ടു ഗമിച്ചു കഴിഞ്ഞിരുന്നു! ഒരുപക്ഷെ, എങ്ങോട്ടോ ധൃതിപിടിച്ച് ഓടുന്ന ഏതോ പണച്ചാക്കായിരിക്കാം കാറിലുണ്ടായിരുന്നതെന്ന് സിയാഉൽ ഹഖിന്റെ പോലീസുകാർ ധരിച്ചുകാണും!

കറാച്ചിക്ക് സമീപം ഹുസൂർ ഖലീഫയാകുന്നതിന് മുമ്പ് പലപ്പോഴും ചായ കുടിക്കാറുള്ള ഒരു കഫേയുടെ മുമ്പിൽ കാറുകൾ പാർക്ക് ചെയ്തു. ആ റസ്റ്റാറണ്ടിന്റെ ഉടമയുമായി ഹുസൂറിന് നേരത്തേ സൗഹൃദ ബന്ധമുണ്ടാ

യിരുന്നു. എന്നാൽ തികച്ചും അപകടകരമായ ഈ പലായന ഘട്ടത്തിലും അദ്ദേഹം പതിവു കൂടിക്കാഴ്ച മുടക്കിയില്ല! കഫേയിൽ നിന്ന് അദ്ദേഹവും പരിവാരവും ചായ കഴിച്ച് സുഹൃത്തിനോട് ക്ഷേമാന്വേഷണങ്ങൾ നടത്തി വീണ്ടും കറാച്ചി എയർപോർട്ടിലേക്ക് യാത്രയായി.

എയർപോർട്ടിന്റെ കൗണ്ടറിൽ അന്വേഷണം നടത്തിയ ഹുസൂർ പ്രൈവറ്റ് വിസിറ്റിങ്ങ് റൂമിൽ വിമാനത്തിന്റെ സമയവും പ്രതീക്ഷിച്ച് കാത്തിരുന്നു. അപ്പോഴാണ് അപ്രതീക്ഷിതമായ ഒരു അറിയിപ്പ് മൈക്കിലൂടെ മുഴങ്ങുന്നത്! "വിമാനം പുറപ്പെടാൻ താമസം നേരിടും." വിമാനത്താവള അധികൃതർക്ക് പാക്കിസ്താൻ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശം ലഭിക്കാത്തതായിരുന്നു കാരണം!

സങ്കീർണ്ണമായ നിമിഷങ്ങൾ പലരേയും വീർപ്പുമുട്ടിച്ചു! ഹുസൂറിന്റെ ഭാര്യയും സെക്യൂരിറ്റിയും ഉൽക്കണ്ഠാകുലരായി മിഴിച്ചുനിന്നു! എന്നാൽ ആപൽക്കരമായ ഈ പ്രതിസന്ധിയിലും ഹുസൂർ അക്ഷോഭ്യനായി കാണപ്പെട്ടു! അദ്ദേഹത്തിന്റെ ഇളയ രണ്ടു പെൺകുട്ടികൾ ഇതൊന്നുമറിയാതെ ഉറങ്ങിക്കിടക്കുകയായിരുന്നു! നിഷ്കളങ്കരായ ആ കുട്ടികൾക്ക് ഈ അഗ്നിപരീക്ഷണത്തിന്റെ സമ്മർദ്ദങ്ങൾ അജ്ഞാതമാണല്ലോ! മുൾമുനയിൽ കോർത്തുവെച്ച നിമിഷങ്ങൾ ഒന്നൊന്നായി കടന്നുപോവുകയായിരുന്നു! ഒടുവിൽ ഒരുമണിക്കൂർ പിന്നിട്ടപ്പോൾ വിമാനം പുറപ്പെടാറായെന്ന അറിയിപ്പുണ്ടായി. ഹസ്റത്ത് മിർസാതാഹിർ അഹ്മദ് സാഹിബും ഭാര്യയും രണ്ടു പെൺകുട്ടികളും, ലാഹോർ അമീർ ചൗധരി ഹമീദ് നസറുള്ളാഹ് ഖാനും, ഒരു റിട്ടയേർഡ് ആർമി ഓഫീസറും ആംസ്റ്റർഡാമിലേക്കുള്ള യാത്രക്ക് തയ്യാറെടുത്തുകൊണ്ട് പാസ്പോർട്ട് ഓഫീസറുടെ മുമ്പിൽ ഹാജരായി.

പക്ഷെ പാസ്പോർട്ട് ഓഫീസറുടെ മേശപ്പുറത്ത് സ്വർണ്ണപ്പല്ല് കെട്ടിയ ഫറോവയുടെ കർശനമായ ഒരു ഉത്തരവ് കിടക്കുന്നുണ്ടായിരുന്നു.

"മീർസാ നാസിർ അഹ്മദ് സ്വന്തമായി പ്രഖ്യാപിക്കുന്നു, അഹ്മദിയ്യാ മൂവ്മെന്റിന്റെ ഖലീഫയാണെന്ന്. അയാളെ ഒരുതരത്തിലും പാക്കിസ്താനിൽ നിന്നും പുറത്തേക്ക് വിടരുത്."

വിമാനം വൈകിയത് ഇതുകൊണ്ടായിരുന്നു! ജനറൽ സിയായുടെ സെക്യൂരിറ്റി ഓഫീസർമാർ പരസ്പരം പറഞ്ഞു.

"രണ്ടുവർഷം മുമ്പ് മരിച്ച മിർസാ നാസിർ അഹ്മദിനെ പുറത്തുവിടാൻ പാടില്ലെന്നാണ് സിയാ ഉത്തരവിട്ടിരിക്കുന്നത്. ഇത് മിർസാ ത്വാഹിർ അഹ്മദാണ്."

ഇസ്ലാമാബാദിലേക്ക് ഈ പ്രശ്നത്തെച്ചൊല്ലി മെസ്സേജ് കൊടുത്തെങ്കിലും എന്തുചെയ്യണമെന്നറിയാതെ അവിടത്തെ ഉദ്യോഗസ്ഥന്മാർ ഇരുട്ടിൽ തപ്പുകയായിരുന്നു! അതോടൊപ്പം മിർസാ ത്വാഹിർ അഹ്മദ് സാഹിബിനെ പിന്തുടർന്ന ആദ്യത്തെ രഹസ്യപോലീസ് റിപ്പോർട്ടാണെങ്കിൽ പിണ്ടിയിലെ ചിപ്പ് ബോർഡ് ഫാക്റ്ററിക്കു ചുറ്റും കറങ്ങിനടക്കുകയായിരുന്നു! ചുരുക്കത്തിൽ ദുർബ്ബലമായ എട്ടുകാലിവല അജയ്യ ദുർഗ്ഗമായി മാറുന്ന ദിവ്യാത്ഭുതമാണ് ഇവിടെ സംഭവിച്ചത്! ആധുനിക ഫറോവയുടെ പേനത്തുമ്പിലൂടെ പേരുമാറ്റത്തിന്റെ ഇന്ദ്രജാലം കാണിച്ചതും ദിവ്യാത്ഭുതമാണ്! പിന്നെ വൈകിയില്ല! അഹ്മദിയ്യാ ഖിലാഫത്തിന്റെ ജൈത്രയാത്ര തുടരാൻ. ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ആംസ്റ്റർഡാമിലേക്ക് പറന്നു! വർഷങ്ങൾ പിന്നിട്ടപ്പോൾ അപ്രത്യക്ഷനായ അസ്ലം ഖുറൈശി ജീവിച്ചിരിപ്പുണ്ടെന്നും അയാളെ ആരും കൊലപ്പെടുത്തിയിട്ടില്ലെന്നും ലോകം തിരിച്ചറിഞ്ഞു! എന്നാൽ ദൈവത്തോട് പോരിനിറങ്ങിയ ജനറൽ സിയാ ആകാശപ്പരപ്പിൽ ധൂളിക്കപ്പെട്ടു. ——■

**(കടപ്പാട് : എ മാൻ ഓഫ് ഗോഡ്)**

## ഐഹിക ജീവിതം കളിയും ചിരിയും

**ഐഹികജീവിതം ഒരുകളിയും ഒരു വിനോദവും മാത്രമാണ്. നിങ്ങൾ വിശ്വസിക്കുകയും ദോഷബാധയെ സൂക്ഷിക്കുകയും ചെയ്യുന്നപക്ഷം നിങ്ങളുടെ പ്രതിഫലങ്ങൾ അവൻ നിങ്ങൾക്ക് നൽകുന്നതാണ്. നിങ്ങളുടെ ധനം നിങ്ങളോട് അവൻ ചോദിക്കുകയുമില്ല.**

***വി. ഖുർആൻ(47:33)***

## ഐഹിക ജീവിതത്തിൽ സഹായം

**"തീർച്ചയായും നാം നമ്മുടെ ദൂതന്മാരേയും വിശ്വസിച്ചവരേയും ഐഹിക ജീവിതത്തിലും സാക്ഷികൾ എഴുന്നേൽപിക്കുന്ന നാളിലും സഹായിക്കും**

***വി. ഖുർആൻ (40:52)***

ലേഖനം

# മഹാജ്ഞാനിയുടെ മഹദ് ഗ്രന്ഥം

എം. ആലിക്കോയ

**പുതിയ സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുന്ന ഏതൊരു പ്രതിഭാധനനായ വിശ്വാസിയുടെയും ചിന്തയെ ജാഗരപ്പെടുത്തുന്ന ഉജ്ജ്വല രചനയാണ് ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദിന്റെ Revelation, Rationality. Knowledge and Truth എന്ന ഗ്രന്ഥം.**

"Revelation, Rationality. Knowledge and Truth (വെളിപാട്, യുക്തി, അറിവ്, സത്യം) എന്ന ബലഹദ് ഗ്രന്ഥം പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളിലൂടെ ദൈവത്തിന്റെ ഏകത്വം ഉദ്ഗാനം ചെയ്യപ്പെടുന്ന ഒരു ഉത്തമ ഗ്രന്ഥമാണ് - ദൈവശാസ്ത്രപരവും ദാർശനികവും ഭൗതികശാസ്ത്ര പരവും ചരിത്രപരവുമായ വിജ്ഞാനീയങ്ങളുടെ വെളിച്ചത്തിൽ ഖുർആനിക ജ്ഞാനങ്ങളെ ഈ ഗ്രന്ഥം പ്രപഞ്ചനം ചെയ്യുന്നു. മനുഷ്യന് വിധേയമായ എല്ലാ മാനവീയ മണ്ഡലങ്ങളിലും പുതിയ സഹസ്രാബ്ദത്തിന്റെ പരിവർത്തനമുദ്രകളുണ്ട്. കഴിഞ്ഞ കാലത്തെ ഭൗതിക ജീവിത പ്രത്യയ ശാസ്ത്രങ്ങളും, മാനവീയ ദർശനങ്ങളും അനുസ്മരണങ്ങളുടെ ശവക്കച്ചയിൽ പൊതിഞ്ഞു ലോകം ചരമ ഗീതങ്ങൾ ആലപിക്കുകയാണ്. എന്നാൽ ആത്മീയ മൂല്യങ്ങളിലധിഷ്ഠിതമായ ജീവിത പദ്ധതികളും, ദൈവിക മുദ്രകളുള്ള പ്രപഞ്ച ദർശനങ്ങളും പുനരാവിഷ്ക്കരിക്കപ്പെടുകയും പുതിയ ജീവിത തുടിപ്പുകളുമായി പുതിയ സഹസ്രാബ്ദത്തിലേക്ക് ആവേശപൂർവ്വം നടന്നുപോകുകയും ചെയ്യുന്ന യുഗസംക്രമണം വിശുദ്ധ ഖുർആന്റെ പുനർ വ്യാഖ്യാനം ആവശ്യപ്പെടുന്നു. ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദിനാൽ രചിക്കപ്പെട്ട 'വെളിപാട്, യുക്തി, അറിവ്, സത്യം' എന്ന പുസ്തകം പുതിയ ലോകത്തിന്റെ ധൈഷണിക പാതയാണ്. ഖുർആന്റെ ജ്ഞാനം കൊണ്ട് വെട്ടിത്തെളിയിച്ച ഈ രാജവീഥിയിലൂടെ ഏതൊരു പ്രതിഭാധനനായ വിശ്വാസിക്കും പ്രബുദ്ധ മനസ്സുമായി പുതിയ സഹസ്രാബ്ദത്തിലേക്ക് കടന്നുചെല്ലാം.

## ആർബറിയും ഖുർആനും

കോംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ അറബിക് പ്രൊഫസറും ഖുർആൻ പരിഭാഷകനുമായിരുന്ന എ ജെ ആർബറിക്ക് ഖുർആനെക്കുറിച്ച് പറയാനുണ്ടായിരുന്നത് ഇതായിരുന്നു.

"വിശാല വ്യാപകത്വവും വമ്പിച്ച അധികാരശക്തിയും മികച്ച സജീവതയുമുള്ള ഒരു നാഗരികതയുടെ ഉദയത്തിന് ഇടയാക്കിയ ഒരു മതപ്രസ്ഥാനത്തിന്റെ പ്രധാന പ്രചോദനമായിരുന്നു ഖുർആൻ. ഈ ജ്ഞാന സ്രോതസ്സിൽ നിന്നായിരുന്നു എല്ലാ മുസ്ലിം ജനതയുടേയും സാഹിത്യവും സുകുമാരകലകളും ഉയർന്നുപൊങ്ങുന്നത്. ഇസ്ലാം മത പ്രകാരമുള്ളതോ സമാന ലോകത്തോ ജീവിക്കുവാൻ മാർഗ്ഗം ആരായുന്ന ആർക്കും തന്നെ ഖുർആൻ എന്ന് വിളിക്കപ്പെടുന്ന ഗ്രന്ഥത്തെ ലാഘവത്തോടെയെടുക്കുന്നതും അറിവില്ലാതെ വിലയിരുത്തുന്നതും സഹിക്കാനാവില്ല. മനുഷ്യവംശത്തിന്റെ ഏറ്റവും മഹത്തായ ശാശ്വതസ്വഭാവമുള്ള ചരിത്ര സ്മാരകങ്ങളിൽപ്പെട്ടതാണത്."

## ബ്രിട്ടീഷ് പാർലമെന്റ് അംഗം പുസ്തകത്തെക്കുറിച്ച്

ഹസ്റത്ത് മിർസാ ത്വാഹിറിന്റെ കൃതികൾ വായിക്കുമ്പോൾ ഈ ഉത്തമ ഗ്രന്ഥത്തിന്റെ രചനയിൽ എന്തുമാത്രം ധിഷണാശക്തി ഉപയോഗപ്പെട്ടിരിക്കുന്നുവെന്ന് കണ്ട് ഈ ലേഖകൻ അന്തം വിട്ടുപോയിട്ടുണ്ട്. ഒരുപാട് അടിസ്ഥാന വിവരങ്ങൾ പ്രദാനം ചെയ്യുന്ന വിപുലമായ വിജ്ഞാന മണ്ഡലത്തെ ഉൾക്കൊള്ളുന്ന ഗൗരവമേറിയതും മൂല്യവത്തുമായ കൃതിയാണിത്. ബ്രിട്ടീഷ് പാർലമെന്റ് അംഗമായ ബഹു. ടോം കോക്സ് ഗ്രന്ഥത്തെക്കുറിച്ച് പറയുന്നു.

"മാനവ ധൈഷണിക ചരിത്രത്തിൽ ഏറ്റവും പ്രബലമായി ചർച്ച ചെയ്യപ്പെടുകയുണ്ടായ വിഷയങ്ങളിലൊന്നാണ് വെളിപാടും യുക്തിയും തമ്മിലുള്ള ബന്ധം. രണ്ടായിരത്തിലേറെ വർഷമായി ചർച്ച ചെയ്യപ്പെട്ട് വരുന്നതാണ് ആ വിഷയമെങ്കിലും അതിന്റെ പ്രസക്തിയും ആകർഷണീയതയും ഒരിക്കലും നഷ്ടപെട്ടിട്ടില്ല. ക്രിസ്തീയ ജൂത പരിപ്രേക്ഷ്യത്തിൽ ഫോഴ്സ്, എഡ്വാൾഡ് എന്നിവരെപ്പോലുള്ളവർ ഇത് ചർച്ച ചെയ്യുകയുണ്ടായി. ദൈവികമായ യാതൊരു പ്രതിപാദനവുമി

ല്ലാതെ അർഹതയുള്ളവ അതിജീവിക്കുമെന്ന സിദ്ധാന്തം വാദിച്ചുറപ്പിക്കാനാണ് സാർവിൻ, ലൈലെയ്ക്കും, ഹുക്കറും ഈയ്യടുത്ത കാലത്ത് റിച്ചാർഡ് സോക്കിൻസും ശ്രമിച്ചത്.

ഒരുപക്ഷേ പ്രൊഫസർ ആർബറി ഒഴികെ വെളിപാടിനെക്കുറിച്ചുള്ള ഇസ്‌ലാമിക ധാരണ സ്പഷ്ടമായി വിശദീകരിച്ചവർ ചുരുക്കമാണ്. വെളിപാട് യുക്തി, വിജ്ഞാനം, സത്യം' എന്ന ത്വാഹിർ അഹ്മദിന്റെ പുതിയ പുസ്തക പ്രസിദ്ധീകരണത്തോടെ സത്യം തേടുന്നവരുടെ പ്രതീക്ഷയറ്റ ആവശ്യകത അദ്ദേഹം നിറവേറ്റിയിരിക്കുന്നു. അദ്ദേഹത്തിന്റെ അഗാതപാണ്ഡിത്യം കൊണ്ട് വെളിപാട് വിഷയത്തിലുള്ള ഒരു വാദവും മറുപടി ലഭിക്കാതെ ഈ ഗ്രന്ഥത്തിൽ അവശേഷിക്കുന്നില്ല" ടോം കോക്സ് തുടരുന്നു

"ലോകത്തെ ഇതരമതങ്ങളിൽ നിലവിലുള്ളതായ പരികൽപനയെന്നപോലെ തന്നെ വെളിപാട് വിഷയസംബന്ധമായുള്ള അനേകം ഇസ്‌ലാമിക ചിന്താസരണികളുടെ വിശദാംശങ്ങളും അദ്ദേഹം തന്റെ പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. സംശയാലുക്കൾക്കും നാസ്തികർക്കുമെതിരായുള്ള അദ്ദേഹത്തിന്റെ വാദഗതികൾ ഉത്തരം മുട്ടിക്കുന്നവയും ചിന്തനീയമല്ലാത്തതും അസംസ്കൃതവുമായ അവരുടെ സിദ്ധാന്തങ്ങളെ പുനരാലോജനക്ക് നിർബന്ധിക്കുന്നതുമാണ്.

"തന്റെ വാദഗതികളെ, അത് നിരാകരണമാകട്ടെ പിന്തുണക്കലാകട്ടെ, അതിന് വേണ്ടി അദ്ദേഹം അവലംബമാക്കുന്നത് ഖുർആനിലുള്ള തന്റെ അവഗാഹമാണ്. ഇതാണ് ഈ പുസ്തകത്തെ ഏറ്റവും വ്യതിരിക്തമാക്കുന്നത്. കേവലം ലളിതമായ പഠനങ്ങൾ കൊണ്ട് വന്നുചേരുന്നതല്ല പുണ്യഗ്രന്ഥങ്ങളിലെ ഇത്തരം അറിവ്. നന്നേ ചുരുക്കം പേർക്ക് വരദാനമായി ലഭിക്കുന്ന ദൈവത്തിൽ നിന്നുള്ള സമ്മാനമാണിത്. അത് വെളിപാടെന്ന് വിളിക്കപ്പെടേണ്ടതായ സമ്മാനമത്രെ. നന്നേ ചുരുക്കം പേർക്ക് നൽകപ്പെടുന്ന വെളിപാട് ലഭിച്ചയാളാണ് അദ്ദേഹമെന്ന് പറയുന്നതിൽ എനിക്ക് സങ്കോചമില്ല. ഇസ്‌ലാമിക ലോകത്തിലെ വിജ്ഞരുടെ രാജകുമാരനാണ് ശരിക്കുമദ്ദേഹം എന്ന് ഉറപ്പിച്ചു പറയുവാൻ എനിക്കാവും. ഞാൻ താങ്കളെ അഭിവാദം ചെയ്യുന്നു. (Review of Religions)

## ഗ്രന്ഥ കർത്താവിന്റെ പാണ്ഡിത്യം

വെളിപാടും യുക്തിയും തമ്മിലുള്ള ബന്ധം തത്ത്വജ്ഞാനികൾക്കും, ദാർശനികന്മാർക്കും മുമ്പിൽ വെല്ലുവിളിയുയർത്തിക്കൊണ്ട് സഹസ്രാബ്ദങ്ങളായി നിലകൊള്ളുന്ന ഒരു സമസ്യയാണ്. ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്. ഏറ്റവും യുക്തിഭദ്രതയോടെ അവതമ്മിലുള്ള സാമഞ്ജസ്യം എടുത്തുകാട്ടുകയുണ്ടായി. നാളിതുവരെയുള്ള പ്രതിഭാശാലികൾക്ക് കഴിയാത്ത വിധം ആത്മജ്ഞാനം കൊണ്ട് അനുഗൃഹീതനായ ഗ്രന്ഥകർത്താവ് വിശേഷ വത്കൃതമായ ഭൗതിക ശാസ്ത്രങ്ങളെ ഉപജീവിച്ചുകൊണ്ടാണ് വിശുദ്ധ ഖുർആനെ സമീപിക്കുന്നതും ഭാവിലോകത്തിന്റെ മത വൈജ്ഞാനിക പ്രപഞ്ചം രൂപപ്പെടുത്തുന്നതും. തത്വചിന്താ ചരിത്രം, പ്രപഞ്ച വിജ്ഞാനീയം, അന്യഗ്രഹ ജീവികളുടെ സാന്നിദ്ധ്യം, ഭൂമിയിൽ ജീവന്റെ ഭാവി, പ്രകൃതിനിർദ്ധാരണവും പരിണാമവും, പ്രപഞ്ചത്തിന്റെ നാശം, സൂക്ഷ്മകണങ്ങളുടെ ലോകം. മസീഹിന്റെ ആഗമനം, വെളിപാടുകളുടെ ഭാവി തുടങ്ങി, നിരവധി വിഷയങ്ങൾ ഈ പുസ്തകം ആഴത്തിലും പരപ്പിലും സൂക്ഷ്മമായി ചർച്ച ചെയ്യുന്നുണ്ട്.

❖

**കേവലം ലളിതമായ പഠനങ്ങൾ കൊണ്ട് വന്നുചേരുന്നതല്ല പുണ്യഗ്രന്ഥങ്ങളിലെ ഇത്തരം അറിവ്. നന്നേ ചുരുക്കം പേർക്ക് വരദാനമായി ലഭിക്കുന്ന ദൈവത്തിൽ നിന്നുള്ള സമ്മാനമാണിത്. അത് വെളിപാടെന്ന് വിളിക്കപ്പെടേണ്ടതായ സമ്മാനമത്രെ.**

❖

## മതവും യുക്തിചിന്തയും

'വെളിപാട് യുക്തി,.......സത്യം' എന്ന പുസ്തകം യുക്തിയും വെളിപാടും അവിഭാജ്യവും ഒരേ നാണയത്തിന്റെ ഇരുവശങ്ങളുമാണെന്ന സമർത്ഥനമാണ് നൽകുന്നത്. മതവും യുക്തിചിന്തയും തോളോട് തോളൊത്ത് നീങ്ങുന്നില്ലെങ്കിൽ ഏതെങ്കിലുമൊന്നിന് ഗുരുതരമായ തകരാറ് സംഭവിച്ചിട്ടുണ്ടാകുമെന്നാണ് ഗ്രന്ഥകർത്താവിന്റെ നിരീക്ഷണം. വെളിപാട് ദൈവവചനവും പ്രകൃതി നിയമങ്ങൾ ദൈവത്തിന്റെ പ്രവർത്തനവുമാണ്. എല്ലാ മതഗ്രന്ഥങ്ങളും ദൈവത്തിൽ നിന്നും ലബ്ധമായ സ്വഛമായ വെളിപാടുകളാണ്. പിന്നീട് കലർപ്പുകളിലൂടെ തനിമ നഷ്ടപ്പെടുകയാണുണ്ടായത്. ഖുർആൻ ഇത്തരം പ്രക്ഷിപ്തങ്ങളിൽ നിന്ന് സുരക്ഷിതമാണെന്നാണ് അതിന്റെ അവകാശവാദം. കോടിക്കണക്കിന് മനുഷ്യാത്മക്കൾ ഹൃദയപൂർവ്വം പരിരക്ഷിച്ച ഖുർആനിൽ യാതൊരു കലർപ്പും ഉണ്ടായിട്ടില്ല എന്നത് ചരിത്രപരമായ ഒരു സത്യവുമാണ്. ഖുർആനും പ്രകൃതിയും തമ്മിലുള്ള രമ്യ മനോഹരമായ ഈ സമഞ്ജസതയെ ഖുർആൻ തന്നെ. ഊന്നിപ്പറയുന്നു. "ഏഴ് ആകാശങ്ങളെ പടിപടിയായി സൃഷ്ടിച്ചവനാണവൻ. പൊരുത്തക്കേടോ, ചേർച്ചയില്ലായ്മയോ ഇല്ല തന്നെ. കാരുണികനായവന്റെ സൃഷ്ടിയിൽ ഒരു പിഴവ് കണ്ടെത്താൻ നിനക്കാവില്ല. പിന്നെയും ആവർത്തിച്ചു നോക്കുക ഏതെങ്കിലും ഏറ്റക്കുറച്ചിൽ നിനക്ക് കാണാനാവുമോ എന്ന്. ഹതാശവും ക്ഷീണിതവുമായി നിന്റെ പര്യവേക്ഷണം നിന്നിൽ തിരിച്ചെത്തും" (67:4-5) ഇതേ സംഗതി തന്നെയാണ് ഖുർആൻ മറ്റൊരിടത്ത് ആവർത്തിക്കുന്നത്. "അല്ലാഹുവിൽ നിന്നുള്ളതല്ലാത്തവരുടെതായിരുന്നു ഖുർആനെങ്കിൽ തീർച്ചയായും അതിൽ വൈരുദ്ധ്യങ്ങൾ കണ്ടെത്താനാവുമായിരുന്നു." (4:83)

മിർസാ ത്വാഹിർ പറയുന്നു: സൃഷ്ടിയുടെ സങ്കീർണതകൾക്ക് പിറകിൽ

ണ്ടെന്ന് ഈ വചനങ്ങൾ സൂചന നൽകുന്നു. (പേജ്: 488)

## അന്യഗ്രഹ ജീവികൾ

'പ്രപഞ്ചത്തിൽ നാം തനിച്ചല്ലെന്നതിലേക്ക് ആധുനിക ശാസ്ത്രം വെളിച്ചം വീശുന്നു. 1977 ജൂലായിൽ നാസ അയച്ച പാത്ത് ഫൈന്റർ എന്ന ബഹിരാകാശയാനം ചൊവ്വയിൽ ഇറങ്ങുകയും ആ ധൂസര ഗ്രഹത്തിൽ ഒരു നാൾ ജീവൻ തുടിച്ചിരുന്നുവെന്നുമുള്ള യാഥാർത്ഥ്യത്തിലേക്ക് സൂചനകൾ നൽകുകയുമുണ്ടായി. മനുഷ്യനു പുറമെ മറ്റു ജീവികളും പ്രപഞ്ചത്തിലുണ്ടാവാമെന്നതിലേക്ക് ഖുർആൻ ശക്തമായ സൂചന നൽകുന്നു.

"ആകാശങ്ങളുടേയും ഭൂമിയുടേയും അവ രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടേയും സൃഷ്ടിപ്പ് അവന്റെ അടയാളങ്ങളിൽപ്പെട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ അവൻ ഒരുമിച്ചുകൂട്ടുന്നു. ഈ സൂക്തത്തെ വിവരിച്ചുകൊണ്ട് ഗ്രന്ഥകർത്താവ് എഴുതുന്നു.

'ഈ വചനത്തിലെ, ദാബത്ത്' എന്ന പദം ഭൂമിയിലെ ഇഴയുന്നതും ചലിക്കുന്നതുമായ എല്ലാ ജീവികളേയും സൂചിപ്പിക്കുന്നു. നീന്തുകയും, പറക്കുകയും ചെയ്യുന്ന ജീവികൾ 'ദാബത്ത്' എന്ന പദത്തിൽ പെടുകയില്ല. ആത്മാവുള്ള ഒരു ജീവിക്കും ഈ പദം പ്രയോഗിക്കാൻ സാധ്യമല്ല. അറബിഭാഷയിൽ ഒരു പിശാചിനേയോ മാലാഖയേയോ 'ദാബത്ത്' എന്ന് വിശേഷിപ്പിക്കാറില്ല. ഈ വചനങ്ങളിലെ അവസാനത്തെ ഭാഗം അനുഗ്രഹ ജീവികളെപ്പറ്റിയുള്ള സാധ്യതകളെക്കുറിച്ച് പറയുക മാത്രമല്ല അത് നിലനിൽക്കുന്നു എന്ന വസ്തുത അസന്നിഗ്ദമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇതൊരവകാശവാദമാണ്. ഈ രംഗത്ത് ഗവേഷണം നടത്തുന്ന ആധുനിക ശാസ്ത്രജ്ഞന്മാർക്ക് പോലും ഇത്ര ദൃഢമായി ഇത് സംബന്ധിച്ച് ഒരു പ്രഖ്യാപനം നടത്തുവാൻ സാധിച്ചിട്ടില്ല. ഇത് മാത്രമല്ല ഈ വചനം വെളിപ്പെടുത്തുന്നത്. ഈ വചനത്തിന്റെ അവസാന ഭാഗം വായിക്കുമ്പോൾ നാം അത്ഭുതപരതന്ത്രരായി പോവുന്നു. അതായത് 'അല്ലാഹു

തത്തെ പറ്റിയുള്ള പ്രതിപാദനമല്ല. ഈ വചനത്തിൽ ഉപയോഗിച്ചിരിക്കുന്ന 'ഇൻ' എന്ന സോപാധിക ഉപസർഗ്ഗ പ്രയോഗം 'എങ്കിൽ' എന്നാണ് അർത്ഥമാക്കുന്നത്. ഇത് മരണാനന്തര ജീവിതത്തെ കുറിച്ചുള്ള പ്രതിപാദനമായിരുന്നുവെങ്കിൽ മരണാനന്തര ജീവിതം എന്ന സുനിശ്ചിതമായ അവസ്ഥ സംശയാസ്പദമായി തീരുമായിരുന്നു. എന്നാൽ മരണാനന്ത ജീവിതം – തീർച്ചയായും പുലരുന്ന ഒരു യാഥാർത്ഥ്യമായാണ് ഖുർആനിലുടനീളം പ്രസ്താവിതമായിട്ടുള്ളത്. മനുഷ്യന് പകരം അവനെപ്പോലെയുള്ളവരെ കൊണ്ടുവരും എന്നല്ല ഈ വചനത്തിൽ പറഞ്ഞിരിക്കുന്നത് – തികച്ചും നൂതനമായ പുതിയൊരു സൃഷ്ടിയെ (ഖൽക്ക്) കൊണ്ടുവരുമെന്നാണ് പറഞ്ഞിരിക്കുന്നത്. മുഴു മനുഷ്യവർഗ്ഗത്തിനും പകരമായി മറ്റൊരു ജൈവികാസ്തിത്വത്തെ കൊണ്ടുവരുമെന്നാണ് പറഞ്ഞിട്ടുള്ളത്. (പേജ് 487)

ഖുർആൻ തുടരുന്നു: "അവരെ സൃഷ്ടിച്ചതും അവരുടെ ശരീര ഘടനയെ ബലപ്പെടുത്തിയതും നാമാണ്. നാം ഉദ്ദേശിക്കുന്നതായാൽ അവരുടെ ആകാരങ്ങൾ തികച്ചും മാറ്റിമറിക്കുന്നതാണ് (76:29). "അല്ല, കിഴക്കിന്റേയും പടിഞ്ഞാറിന്റേയും നാഥനെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു തീർച്ചയായും നാം അവർക്ക് പകരം അവരെക്കാൾ ശ്രേഷ്ഠരായവരെ കൊണ്ടുവരാൻ കഴിവുള്ളവനാണ്. നാം ഒരിക്കലും പിൻതള്ളപ്പെടുന്നവനല്ല (10:41,42) ഈ വചനങ്ങളെ വ്യാഖ്യാനിച്ച് കൊണ്ട് ഗ്രന്ഥകർത്താവ് എഴുതുന്നു.

"നമ്മുടെ അഞ്ച് ഇന്ദ്രിയങ്ങളേക്കാൾ സംവേദനക്ഷമമായ അത്യുന്നത ഗ്രാഹ്യ ശക്തിയുള്ള ജീവന്റെ വികസിത രൂപങ്ങൾ ഉണ്ടാവാനുള്ള സാധ്യത ഖുർആൻ ഉയർത്തുന്നു. അതേസമയം ഇത് സാധ്യത മാത്രമാണെന്നും തീർച്ചയായും സംഭവിക്കണമെന്നില്ലെന്നും ഖുർആൻ പറയുന്നു. എങ്കിലും അത്തരം പരിവർത്തനങ്ങൾ ദൈവത്തിന്റെ സൃഷ്ടിപദ്ധതികക്കത്ത് വരുത്തുവാൻ ദൈവത്തിന് കഴിവു

സർവ്വതോന്നതനും സർവ്വജ്ഞനും സർവ്വ ശക്തനുമായ സ്രഷ്ടാവിന്റെ കരങ്ങൾ കാണാതെ ശാസ്ത്രജ്ഞന്മാർ ദൈവത്തെ വിട്ടുകളയുമ്പോൾ പ്രപഞ്ചത്തിലെ പ്രകടിതയാഥാർത്ഥ്യങ്ങൾ അവർ കരുതിക്കൂട്ടി അന്ധത നടിച്ച് കാണാതിരിക്കുകയാണ്. ഒരാൾ ദൈവത്തിന്റെ അസ്തിത്വം അംഗീകരിക്കുമ്പോൾ ഈ വൈരുദ്ധ്യങ്ങൾ ഇല്ലാതായി തീരുകയാണ്. വസ്തു നിഷ്ഠമായ കാലക്രമ പദ്ധതിയിൽ ദൈവത്തിന്റെ സൃഷ്ടിപരമായ പങ്ക് അംഗീകരിക്കാൻ ശാസ്ത്രജ്ഞരുടെ ഔദ്ധത്യം നിറഞ്ഞ ഭൗതികവാദപരമായ നിലപാട് അവരെ അനുവദിക്കുന്നില്ല എന്നതാണ് പ്രശ്നം. തീർച്ചയായും പ്രപഞ്ചത്തിൽ യാതൊരുവിധ വൈരുദ്ധ്യവുമില്ല.

ദൈവം താൻ തന്നെ സൃഷ്ടിച്ച പ്രപഞ്ചത്തിൽ നിന്നും ബഹിഷ്കൃതനാകുമ്പോഴാണ് സമസ്യകൾ ആരംഭിക്കുന്നത് അത്തരം ശാസ്ത്രജ്ഞന്മാരുടെ സമസ്യാ നിർദ്ധാരണങ്ങളിൽ ഒരു വിക്ഷോഭം സ്വാഭാവികമായും കാണാം. ഇത് യഥാർത്ഥത്തിൽ തികഞ്ഞ നൈരാശ്യത്തെ അംഗീകരിക്കലാണ്.

## ഭൂമിയിലെ മനുഷ്യ ജീവിതത്തിന്റെ ഭാവി

'അല്ലാഹു ആകാശങ്ങളേയും ഭൂമിയേയും നീതിയുക്തമായ (ഹഖ്) നിലയിൽ സൃഷ്ടിച്ചത് നീ കാണുന്നില്ലേ. അവൻ ഉദ്ദേശിക്കുന്നതായാൽ (ഇൻയശാഅ് യുദ്ഹിബ്കു) നിങ്ങളെ അവൻ നശിപ്പിക്കുകയും തൽസ്ഥാനത്ത് ഒരു പുതിയ സൃഷ്ടിയെ (ബിഹൽഖിം) കൊണ്ടുവരികയും ചെയ്യുന്നതാണ്. അല്ലാഹുവിന്ന് അത് പ്രയാസമുള്ള കാര്യമല്ല. (14:20, 21)

ഈ സൂക്തങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് ഹസ്റത്ത് മിർസാത്വാഹിർ ഭൂമിയിലെ മനുഷ്യ ജീവിതത്തിന്റെ ജൈവികമായ പരിവർത്തനങ്ങളേയും ഭാവിയേയും സംബന്ധിച്ച് സൂക്ഷ്മമായി ചിന്തിക്കുന്നത് കാണുക. അദ്ദേഹം എഴുതുന്നു.

'ഈ വചനങ്ങൾ മരണാനന്തര ജീവി

അവനുദ്ദേശിക്കുമ്പോൾ ആകാശത്തുള്ള ആ ജീവികളെ ഭൂമിയിലുള്ള ജീവികളുമായി ഒന്നിച്ചുചേർക്കുമെന്ന് ഈ വചനത്തിലെ 'ജംയിഹിം' എന്ന പദം ഭൂമിയിലെ ജീവികളേയും എവിടെയുമുള്ള ജീവികളേയും ഒന്നിച്ചു ചേർക്കുക എന്ന അർത്ഥം വരുന്ന അറബി പദമാണ്. (പേ:331)

## ഉപസംഹാരം

നാനാവിധത്തിലുള്ള വിജ്ഞാനങ്ങൾ ഖുർആനിക പരിപ്രേക്ഷ്യത്തിൽ ചർച്ച ചെയ്യുന്ന ഈ വിശോത്തര ഗ്രന്ഥം. ഇസ്‌ലാമിക ചരിത്രത്തിൽ ഇന്നോളം എഴുതപ്പെട്ടിട്ടില്ലാത്ത ഒരു ധൈഷണിക വിപ്ലവത്തിന്റെ നാന്ദി കുറിക്കുന്നു. ആധുനിക ഭൗതിക വിജ്ഞാനങ്ങളുടെ പ്രവേശനത്തേക്കാൾ ഈ ബൃഹദ് ഗ്രന്ഥം സൂക്ഷ്മ പഠനങ്ങൾക്ക് വിധേയമാക്കണമെന്ന് ആത്മാർത്ഥമായി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു. —■

# FORM OF DECLARATION

**FORM I (SEE RULE 3)**

I, A.P. Kunhamoo, Ameer, Ahmadiyya, Muslim State Committee (Kerala) residing at Meenchanda, Calicut declare that I am the Printer and Publisher of the news paper entitled The SATHYA DOOTHAN to be printed and published of Calicut and that the particulars in respect of the newspaper given hereunder are true to the best of my knowledge and belief.

1.Title of Newspaper. : THE SATHYA DOOTHAN

2. Languge in which it is to be published : Malayalam.

3. Periodicity of the publication
(a) Whether a daily, tri-weekly, bi-weekly weekly, fortnightly or otherwise : Monthly
(b) In the case of daily, please state whether it is a morning of evening news paper : NA
(c) In the case of a newspaper other than a daily, please state the days(s) on which it is (to be posted) : 10th every month.

4. Retail selling price of the newspaper per copy. : Rs. 10/- (Rupees ten only)
(a) if the newspaper is for free distribution, please state that it is for free distritbution. : No.
(b) If it has only one annual subscription and no retail price, state the annual subscription. : 100/- (Rupees one hundred only) for one year

5. Publisher's name : A.P. KUNHAMMOO
Nationality : Indian.
Address : DARUSSALAM, Arts College P.O., Calicut - 673018

6. Place of publication (Please give the complete postal address.) : Baithul Quddus, G.H. Road, Calicut - 673001.

7. Printer's name : A. P. KUNHAMMOO

8. Name(s) of the printing press where printing to be conducted and the true and precise description of the premises in which the press(s) is/are installed. : Geethanjali Offset Printers, Kundayithode, Feroke, Kozhikode.

9. Editor's Name : A.M. Mohammed Salim Darussalam, N/R Zeena Plastics, Pavangad, Calicut.

10. Owner's Name:
(a) Please state the particulars of Individual(s) or of the firm, joint stock company, trust, Co-operative society or association which owns the newspaper : KERALA AHMADIYYA MUSLIM JAMAAT
(b) Please sate whether the owner owns any other news paper and if so, its name, periodicity, language and place of publication : NO

11. Please state whether the declaration is in respect of
(a) a new Newspaper
OR
(b) an existing Newspaper : Existing
(b) In case the declaration falls under item(b) the reason for filing the fresh declaration : Due to change in the publisher.

Place : Calicut
Date : 2.5.03

Signature : sd/-
Name (In block letters) A.P. KUNHAMOO
Designation: Ameer, Ahamdiyya Muslim Jamaat, Kerala.

ലേഖനം

# "വരണ്ട കളിമണ്ണിൽ" നിന്നുള്ള മനുഷ്യ സൃഷ്ടിപ്പ്

കെ വി ഈസക്കോയ

## കളിമണ്ണിന്റെ ദ്രവ്യഗുണങ്ങൾ തന്നെയാണ് മനുഷ്യ സൃഷ്ടിപ്പിന് ആവശ്യമായ ഉപാദാനങ്ങൾ. ഹുസൂറിന്റെ റെവലേഷൻ റേഷനാലിറ്റി നോളജ് ആന്റ് ട്രൂത്ത് എന്ന ഗ്രന്ഥത്തെ അടിസ്ഥാനമാക്കി ഒരു നിരീക്ഷണം.

ദിവംഗതനായ നാലാം ഖലീഫ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റ)ന്റെ മഹത്തവും ശ്രദ്ധേയവുമായ ഗ്രന്ഥമാണ് "റെവലേഷൻ, റേഷനാലിറ്റി, നോളജ് ആന്റ് ട്രൂത്ത്." ആധുനിക വിജ്ഞാനങ്ങളുടെ അതീവ ഗൗരവങ്ങളായ സങ്കീർണ്ണ പ്രശ്നങ്ങൾ അതിസൂക്ഷ്മമായി ഈ ഗ്രന്ഥത്തിൽ വിശകലനം ചെയ്യപ്പെട്ടിരിക്കുന്നു. വായനക്കാരന്റെ വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നാലും അവന്റെ അഭിരുചിക്കനുസരിച്ച വിധത്തിൽ അവയെല്ലാം കൈകാര്യം ചെയ്യപ്പെട്ടിരിക്കുന്നു. വിവിധ സ്വഭാവത്തിലുള്ള വിഷയങ്ങൾ, തത്വശാസ്ത്രം, വെളിപാട്, ഉൽപത്തി, വാനശാസ്ത്രം, ജീവി ലോകത്തിന്റെ ഭാവി. അതിജീവിക്കുവാനുള്ള ജീവജാലങ്ങളുടെ അർഹത കേവലം യാദൃശ്ചികമായി ഉണ്ടായതാണോ എന്നീ വിഷയങ്ങളെ പുരസ്കരിച്ചും, ഒരു പരിഷ്കർത്താവിന്റെ ആഗമനം, മഹ്ദീ ഇമാമിന്റെ വെളിപ്പെടൽ തുടങ്ങിയ നിരവധി പ്രശ്നങ്ങളെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ വിചിന്തനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ ബ്രഹ്മാണ്ഡത്തിന്റെ ഉൽപത്തിയെക്കുറിച്ചും നിർണിതമായ അതിന്റെ അന്ത്യത്തെക്കുറിച്ചും ഭൂതകാല സംഭവങ്ങളെക്കുറിച്ചും വർത്തമാനത്തെക്കുറിച്ചും ഭാവിയെക്കുറിച്ചും അന്യൂനം പ്രതിപാദിക്കുവാനുള്ള ഖുർആന്റെ നൈപുണ്യത്തിനാണ് ഈ ഗ്രന്ഥത്തിൽ പരമ പ്രധാന്യം നൽകിയിരിക്കുന്നത്. അസന്ദിഗ്ധ യുക്തവാദംകൊണ്ടും ശാസ്ത്രീയ തെളിവുംഖുർആനെ യുക്തിയുടെ കൂലങ്കശ പരിശോധനക്ക് ഈ ഗ്രന്ഥത്തിൽ വിധേയമാക്കിയിരിക്കുന്നു.

ജീവോൽപത്തിയിലും മനുഷ്യ സൃഷ്ടിപ്പിലും ജലവും കളിമണ്ണും വഹിച്ച പങ്കിനെക്കുറിച്ച് 1400 വർഷങ്ങൾക്കു മുമ്പ് പ്രതിപാദിച്ച വിശുദ്ധഖുർആന്റെ വിസ്മയാവഹമായ ഉജ്ജ്വല തേജസ്സിനെക്കുറിച്ച് ആലോചിച്ച് തെല്ലിട അത്ഭുത പരതന്ത്രരാകാതിരിക്കാൻ നമുക്ക് കഴിയുമോ? കളിമണ്ണ് കുഴച്ച് പാകപ്പെടുത്തി മനുഷ്യരൂപം മെനഞ്ഞെടുത്ത് ഉണക്കി അതിൽ ജീവൻ നൽകുകവഴി കണ്ണും, മൂക്കും ചെവിയും അസ്ഥിവ്യൂഹവും, തലച്ചോറും, രക്തചംക്രമണവും, പ്രതിരോധശക്തിയും, നാഡിവ്യവസ്ഥയും, ഉൽപാദനേന്ദ്രിയങ്ങളും ഡി എൻ എ, ആർ എൻ എ പോലുള്ള അതിസങ്കീർണ്ണ ഘടകങ്ങളും ഞൊടിയിടയിൽ ഉടലെടുത്തുണ്ടായ ആദ്യ മനുഷ്യൻ ആദമിനെക്കുറിച്ചുള്ള മൂഢ കഥകൾ വിവരിക്കുന്ന ബൈബിളിനേക്കാൾ എത്രയോ ബുദ്ധിപൂർവ്വവും ശാസ്ത്രീയവുമായ പ്രതിപാദനങ്ങളാണ് ഖുർആൻ കാഴ്ചവെക്കുന്നത്? മനുഷ്യ സൃഷ്ടിപ്പിനെ ലക്ഷ്യമിട്ട് കൊണ്ട് ജന്തുലോകം കടന്ന് വന്ന പരിണാമ ഘട്ടങ്ങൾ സൃഷ്ടിപ്പിന്റെ വിസ്മയാവഹമായ അത്ഭുതവും സമാനതയില്ലാത്ത അതിവിശിഷ്ട നൈപുണ്യവുമാണ്.

"വാസ്തവത്തിൽ അവൻ നിങ്ങളെ പല ദശകളിലായി സൃഷ്ടിച്ചിരിക്കുന്നു (71:15)" "നിങ്ങൾ തീർച്ചയായും ഒരു സ്ഥിതിയിൽ നിന്ന് മറ്റൊരു സ്ഥിതിയിലേക്ക് പടിപടിയായി കയറി പോയ്കൊ

ണ്ടിരിക്കും" (84:20) എന്നീ ഖുർആൻ സൂക്തങ്ങൾ അനുസരിച്ച് സ്രഷ്ടാവായ അല്ലാഹു പടിപടിയായി നടത്തിയ സൃഷ്ടിപ്പിന്റെ പരമ പ്രധാനമായ ലക്ഷ്യം മനുഷ്യനായിരുന്നുവെന്നും അല്ലാതെ ജന്തുശാസ്ത്രജ്ഞന്മാർ കരുതുന്നത് പോലെ പരിണാമ പ്രക്രിയയിൽ യാദൃശ്ചികമായി ഉടലെടുത്ത ഒരു സൃഷ്ടിയല്ല മനുഷ്യൻ എന്നും വളരെ രസാവഹമായി ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു. ജീവിതത്തിന്റെ ഉറവിടത്തെക്കുറിച്ചും തുടർന്നുള്ള പരിണാമ ദശകളെക്കുറിച്ചും ഖുർആൻ നൽകിയ വെളിപാടുകളിൽ ഒന്നുപോലും ഖണ്ഡിക്കുവാൻ ശാസ്ത്രത്തിനും, ഇന്ന് നിലവിലുള്ള ശാസ്ത്ര തത്വങ്ങൾക്കും കഴിഞ്ഞിട്ടില്ല. ജീവൻ ഉടലെടുക്കുന്നതിന് മൂന്നര ബില്യൻ വർഷങ്ങൾക്ക് മുമ്പ് തന്നെ ഭൗമാന്തരീക്ഷം നിലവിലുണ്ടായിരുന്നു. അന്ന് അന്തരീക്ഷത്തിൽ ഓക്സിജൻ ഉണ്ടായിരുന്നില്ല. അന്ന് പ്രപഞ്ചതാപത്തിൽ നിന്നും ഊർജ്ജം ആഗിരണം ചെയ്ത് ജീവിക്കുന്ന ആർക്കി ബാക്ടീരിയകൾ മാത്രമെ ഉണ്ടായിരുന്നുള്ളു.

"ഇതിന് മുമ്പേ (മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുമ്പേ) കഠിനമായ അഗ്നിയിൽ നിന്നും ജിന്നിനെ നാം സൃഷ്ടിച്ചു" (75:28) എന്നും, "ജിന്നുകളെ അഗ്നിജ്വാലകളിൽ നിന്നും അവൻ സൃഷ്ടിച്ചു" (55:16) എന്നുമുള്ള ഖുർആൻ വാക്യങ്ങൾ ജീവോൽപത്തിയിലെ പൂർവ്വ കണ്ണികളായ" ആർക്കി ബാക്ടീരിയ" എന്ന ഇനം ബാക്ടീരിയകളെയാണ് ഉദ്ദേശിക്കുന്നത്. ഇവ മിന്നൽ പിണറുകളിൽ നിന്നും കോസ്മിക്ക് റേഡിയേഷനിൽനിന്നും ഊർജ്ജം ആഗിരണം ചെയ്തായിരുന്നു ജീവിച്ചിരുന്നത് എന്നും "Dickson" എന്ന ശാസ്ത്രജ്ഞൻ പറയുന്നു. നബി വചനങ്ങളിൽ നിന്നും ജിന്ന് എന്ന പദം ഇത്തരം ബാക്ടീരിയകളെ കൂടി പ്രതിനിധാനം ചെയ്തിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. മനുഷ്യ സൃഷ്ടിപ്പിന്റെ എത്രയോ മുമ്പ് തന്നെ ഇത്തരം അതിസൂക്ഷ്മ ജിന്നുകളെ നാം അഗ്നിയിൽ നിന്ന് സൃഷ്ടിച്ചു എന്ന ഖുർആനിക വെളിപാട് തികച്ചും യുക്തിപൂർവ്വക

❖

**അന്ന് അന്തരീക്ഷത്തിൽ ഓക്സിജൻ ഉണ്ടായിരുന്നില്ല. അന്ന് പ്രപഞ്ചതാപത്തിൽ നിന്നും ഊർജ്ജം ആഗിരണം ചെയ്ത് ജീവിക്കുന്ന ആർക്കി ബാക്ടീരിയകൾ മാത്രമെ ഉണ്ടായിരുന്നുള്ളു.**

❖

മായി തന്നെ നിലകൊള്ളുന്നു. ജീവോൽപ്പത്തിക്ക് മുമ്പ് കോടിക്കണക്കിന് വർഷങ്ങളോളം ഭൗമാന്തരീക്ഷത്തിൽ പെറ്റ് പെരുകിയ ഇത്തരം സൂക്ഷ്മാണു ജീവികളുടെ മൃതകോശങ്ങൾ വീണടിച്ച് നുരഞ്ഞ് പതഞ്ഞതിന്റെ ഫലമായി ഭൂമിയിലെ ആദിമ കടലുകൾ ജൈവകോശ വളർച്ചക്ക് തയ്യാറെടുത്ത് നിൽക്കുന്ന ദ്രാവക സഞ്ചയമായി (Primordial Soup) തീർന്നിരിക്കാവുന്നതുമാണ്.

അനേകം അമിനോ അമ്ലതന്മാത്രകൾ യോജിച്ചാണ് പ്രൊട്ടീൻ ഉണ്ടാവുന്നത്. വിവിധതരത്തിലുള്ള ഈ പ്രൊട്ടീനുകളാണ് ജൈവശരീര നിർമ്മിതിക്കാവശ്യമായ ചുടുകട്ടകൾ ആയി പ്രവർത്തിക്കുന്നത്. പ്രാഥമിക ഭൗമാന്തരീക്ഷ വാതകങ്ങൾ അതിശക്തമായ മിന്നൽ പിണറുകളുടെയും സൂക്ഷ്മ താപ വികിരണങ്ങളുടെയും സാന്നിദ്ധ്യത്തിൽ കടൽ ജലവുമായി നടക്കുന്ന രാസ പ്രവർത്തനങ്ങൾ കാരണമായി ജൈവകോശ നിർമ്മിതിക്കാവശ്യമായ പ്രൊട്ടീൻ തന്മാത്രകളായി രൂപപ്പെടുകയായിരുന്നുവെന്നാണ് ശാസ്ത്രജന്മാർ വിശ്വസിക്കുന്നത്. 1953ൽ Stanlay Miller നടത്തിയ പരീക്ഷണമാണ് ശാസ്ത്രജ്ഞന്മാരെ ഈ നിഗമനത്തിലെത്തിച്ചത്.

ഏകദേശം ഇതേകാലഘട്ടത്തിൽ തന്നെ Watson And Crick എന്നീ ശാസ്ത്രജ്ഞന്മാർ ജീവന്റെ അടിസ്ഥാന ശിലകൾ എന്നറിയപ്പെടുന്ന ഡി എൻ എയുടെയും, ആർ എൻ എയുടെയും ഘടനാ നിഗൂഢതകൾ അനാവരണം ചെയ്യുകയുണ്ടായി. ശൂന്യാകാശത്തിൽ നിന്നും പതിച്ച ഉൽക്കകളിന്മേൽ ചില ശാസ്ത്രജ്ഞന്മാർ അമിനോ അമ്ലങ്ങൾ കണ്ടെത്തുകയുണ്ടായി. ഇതിനെ തുടർന്ന് ജീവന്റെ അടിസ്ഥാന ശിലകളായ അമിനോ അമ്ലങ്ങൾ ആകാശോൽപന്നങ്ങളായി ചിത്രീകരിക്കപ്പെട്ടു.

## കളിമണ്ണിന്റെ സുപ്രധാന ധർമ്മം

ആർക്കി ബാക്ടീരിയകൾ എന്നറിയപ്പെടുന്ന ജിന്നുകൾക്കും സസ്യജാലങ്ങൾ പ്രത്യക്ഷപ്പെട്ട കാലത്തിന്നുമിടക്കുണ്ടായിരുന്ന കാലഘട്ടം ജീവോൽപത്തിക്ക് അനിവാര്യങ്ങളായ പദാർത്ഥങ്ങളുടെ സങ്കലന കാലഘട്ടമായിരുന്നു. ജൈവകോശ നിർമ്മിതിക്ക് ആവശ്യമായ പദാർത്ഥ രൂപീകരണത്തിൽ ജലം ഒരു സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ജലത്തിന്റെ സഹായത്തോടെ രൂപീകൃതമായ ഈ പദാർത്ഥം ജൈവകാർബണിക സംയുക്തങ്ങളടങ്ങുന്ന ഉറഞ്ഞ് കിടക്കുന്ന കളിമണ്ണായിരുന്നു.

കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ അടങ്ങിയ കാർബണിക സംയുക്തത്തോട് (Aldehyde) അമോണിയ കൂടിച്ചേർന്ന് അമിനോ നൈട്രേറ്റ് ഉണ്ടാകുന്നു. അമിനോ നൈട്രേറ്റിന് ജല വിശ്ലേഷണം സംഭവിച്ച് അമിനോ അമ്ലമാവുന്നു. ഇങ്ങിനെ ഉണ്ടാവുന്ന അമിനോ അമ്ലം ജലത്തിൽ തന്നെ സ്ഥിതി ചെയ്യുമ്പോൾ, ഏത് നിമിഷവും അതിനോട് ഒരു ഹൈഡ്രജൻ തന്മാത്ര ചേർന്ന് വീണ്ടും അമിനോ നൈട്രേറ്റ് ആയിമാറാവുന്നതാണ്. ഇത് സംഭവിക്കാതിരിക്കണമെങ്കിൽ അമിനോ അമ്ല തന്മാത്രകൾ ജല കണികകൾ ഇല്ലാത്ത ഒരു വരണ്ട അവസ്ഥയിൽ എത്തേണ്ടിയിരിക്കുന്നു. അമിനോ അമ്ലങ്ങളിൽ നിന്നും കോശ നിർമ്മിതിക്ക് ആവശ്യമായ പ്രൊട്ടീനുകളും ന്യൂക്ലിയോടൈഡും ഉണ്ടാവണ

മെങ്കിൽ അതിൽ നിന്നും ജല തന്മാത്രകൾ നഷ്ടപ്പെടേണ്ടിയിരിക്കുന്നു. എന്നാൽ ജല സാന്നിദ്ധ്യത്തിൽ ഇവ വീണ്ടും പഴയ രാസസംയുക്തങ്ങളായി മാറുകയും ചെയ്യും. ആദിമ കടൽ തിരമാലകൾ ഈ സംയുക്തങ്ങളെ പാറകളിലും, ചെളിയിലും മണ്ണിലും എത്തിയാൽ അവ അവിടെ കിടന്ന് ഉണങ്ങി വരണ്ട് സ്ഥിര സംയുക്തങ്ങളായിത്തീരുന്നതാണ്. ഈ മാറ്റത്തിന് മരത്തിലെ സിലിക്കയും കളിമണ്ണും ഉൽപ്രേരകങ്ങളായി (Catalysts) പ്രവർത്തിക്കുന്നു. CAIRNS SMITH എന്ന ശാസ്ത്രജ്ഞൻ 1966ൽ അവതരിപ്പിച്ച ഉപന്യാസത്തിന്റെ ആദ്യ ഭാഗത്ത്, സിലിക്കയുടെ സഹായമില്ലാതെ ജൈവസംയുക്ത നിർമ്മിതിക്ക് സഹായിച്ച ഒരേ ഒരു വസ്തു കളിമണ്ണ് മാത്രമായിരുന്നുവെന്ന് സമർത്ഥിക്കുകയുണ്ടായി.

ജലത്തിൽ വെച്ചുള്ള പ്രാഥമിക സംയുക്ത രൂപീകരണത്തിന് ശേഷം ജൈവകോശ രൂപീകരണത്തിനിടയിൽ ഒരു വരണ്ട, നിർജ്ജലാവസ്ഥ കൂടാതെ പ്രൊട്ടീനുകളും ന്യൂക്ലിയോ ടൈഡുകളും ഉണ്ടാവുന്ന ഒരു രാസമാറ്റം ചിന്തനീയമല്ലാത്ത കാര്യം ഇതിൽ നിന്നും വ്യക്തമാവുന്നു.

ജലത്തിൽ നിന്നാരംഭിച്ച് ഉണങ്ങിവരണ്ട ഒരു മദ്ധ്യഘട്ടം തരണം ചെയ്ത ശേഷമാണ് ജീവോൽപ്പത്തിക്ക് പ്രാരംഭം കുറിച്ചതെന്ന അഭിപ്രായ പ്രകടനക്കാരുടെ പക്ഷത്താണ് വിശുദ്ധ ഖുർആൻ നിലകൊള്ളുന്നത്. സാന്ദ്രതയേറിയ പ്രാഗ്രൂപ ദ്രാവകം കളിമൺ പാളികളിൽ പൊതിഞ്ഞ് ചൂളക്ക് വെച്ച മൺപാത്രം പോലെ മുട്ടിയാൽ മുഴങ്ങുന്ന അവസ്ഥയിലായിത്തീർന്നു. ജൈവ പദാർത്ഥ രൂപീകരണത്തിൽ കളിമണ്ണ് വഹിച്ച സുപ്രധാന ധർമ്മത്തെ NOAM LAHER, DAVID WHITE, SHER WOOD CHANG, എന്നീ ശാസ്ത്രജ്ഞന്മാരുടെ പരീക്ഷണങ്ങൾ കൂടുതൽ ശക്തമായി സ്ഥിരീകരിക്കുന്നുണ്ട്. ഈ സിദ്ധാന്തം ഖുർആനിക പ്രസ്താവനകളോട് വളരെയേറെ സാമ്യം പുലർത്തുന്നു.

‘‘ജീവനുള്ള എല്ലാ വസ്തുക്കളെയും നാം ജലത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു.” (21:31)

“അദ്ദേഹത്തെ (ആദമിനെ) അവൻ കളിമണ്ണിൽ നിന്ന് സൃഷ്ടിച്ചു.” (3:60)

“അവനത്രെ നിങ്ങളെ കളിമണ്ണിൽ നിന്നും സൃഷ്ടിച്ചത്.” (6:3)

“ചൂളക്ക് വെച്ച മൺപാത്രം പോലെ മുട്ടിയാൽ മുഴങ്ങുന്ന വരണ്ട കളിമണ്ണിൽ നിന്നും അവൻ മനുഷ്യനെ സൃഷ്ടിച്ചു.” (55:15)

“സത്യമായും മുട്ടിയാൽ ശബ്ദിക്കുന്ന രൂപപ്പെടുത്തിയ കറുത്ത കളിമണ്ണിൽ നിന്നും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു.” (15:27)

ഓസോൺ പാളികൾ ഇല്ലാത്ത അന്നത്തെ ഭൗമാന്തരീക്ഷം, അൾട്രാ വയലറ്റ് രശ്മികളുടെ അതികഠിനമായ റേഡിയോ വികിരണ താപം ഉണങ്ങി വരണ്ട കളിമൺപാളികളുടെ നേർത്ത ചർമ്മ പടലങ്ങൾ ഒന്നിന് മീതെ ഒന്നായി അടുക്കുകളായി ശേഖരിക്കപ്പെടുന്നതിന്നിടയാക്കുന്നു. അസംഖ്യം വരുന്ന ഈ പാളികൾ രാസ പ്രക്രിയകൾക്കുള്ള ഊഹാതീതമായ പ്രതല വിസ്തീർണ്ണം പ്രദാനം ചെയ്യുന്നുവെന്നതാണ് മറ്റൊരു പ്രധാന സവിശേഷത. രാസപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഊർജ്ജം സൂക്ഷ്മ താപ വികിരണങ്ങളിൽ നിന്നും ആഗിരണം ചെയ്യുവാനുള്ള കഴിവും ഇത്തരം കളിമൺ പാളികൾക്കുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിരിക്കുന്നു. (Coyne - University of California)

അവലംബം : Revelation, Rationality, Knowledge and Truth-By Hazrath Mirza Tahir Ahmad.

## മുസ്‌ലിം സമുദായത്തിന്റെ ശോച്യാവസ്ഥ

**അബ്ദുല്ലാഹിബ്നു അംറ് (റ) നിവേദനം ചെയ്യുന്നു. തിരുനബി (സ) ഇങ്ങനെ അരുൾ ചെയ്തു. 'ഇസ്റാഈൽ ജനതയിൽ സംഭവിച്ചത് തീർച്ചയയും എന്റെ സമുദായത്തിനും സംഭവിക്കും. ഒരു ജോഡി ചെരുപ്പിൽ ഒന്നു മറ്റേതിനോട് സാദൃശ്യമുള്ളതുപോലെ അവർ തമ്മിലും സാദൃശ്യമുണ്ടായിരിക്കും. ഇങ്ങേയറ്റം ഇസ്റാഈല്യരിൽ ആരെങ്കിലും പരസ്യമായി സ്വന്തം മാതാവിനെ പരിഗ്രഹിച്ചിട്ടുണ്ടെങ്കിൽ എന്റെ ജനതയിലും അപ്രകാരം പ്രവർത്തിക്കുന്നുവരുണ്ടാകും. ഇസ്റാഈൽ ജനത 72 കക്ഷികളായി പിരിഞ്ഞിരുന്നു. എന്നാൽ എന്റെ സമുദായം 73 കക്ഷികളായി പിരിയും. അവരിൽ ഒരു കക്ഷിയൊഴികെ ബാക്കിയുള്ളവരെല്ലാം നരകാവകാശികളായി ത്തീരും.' അപ്പോൾ അനുയായികൾ ചോദിച്ചു. അല്ലാഹുവിന്റെ ദൂതരേ! അവർ ആരായിരിക്കും? തിരുനബി(സ) പ്രതിവചിച്ചു: 'ഞാനും എന്റെ സഹചരന്മാരും ഏതൊരവസ്ഥയിൽ സ്ഥിതി ചെയ്യുന്നുവോ ആ സ്ഥിതിയിലുള്ളവർ.'**

**(തിർമിദി)**

# എന്റെ ആത്മനിശ്വാസത്തിൽ വസിക്കുന്നവരേ

*ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്*

സമ്പാദനം, ഗദ്യ വിവർത്തനം : കെ എ നദീർ അഹ്മദ്

1. ദയാറെ മഗ്‌രിബ്സെ ജാനെ വാലോ-
ദയാറെ മശ്‌രിഖ് കെ ബാസിയോംകൊ
2 കിസി ഗരീബുൽ വത്വൻ മുസാഫിർ കി-
ചാഹത്തോം കാ സലാം കഹ്നാ
3 ഹമാരെ ശാമോ സഹർ കാ ക്യാഹാൽ-
പൂഛ്ത്തെ ഹോ കെ ലംഹ ലംഹ
4 നസീബ് ഉൻകാ ബനാ രഹേഹം-
തുംഹാരെഹി സുബ്ഹൊ ശാം കഹ്നാ
5 തുംഹാരി ഖുശിയാം ഝലക്ക് രഹിഹെം-
മേരെ മുഖദ്ദർ കെ സായിച്ചെ മെം
6 തുംഹാരെ ഖൂനെ ജിഗർസെഹി-
മേരെ ഗം കാ ഭർത്താ ജാം കഹ്നാ
7 അലഗ് നഹീം കോയി സാത്ത് മേരി
തുംഹിതൊ ഹൊ കായിനാത്ത് മേരി
8 തുംഹാരി യാദോം സെഹി മുഅൻവൻ-
ഹെ സീസ്ത് കാ ഇൻസ്വിറാം കഹ്നാ
9 ഏ! മേരെ സാൻ സോം മെ ബസ്നെവാലോ-
ഭലാജുദാ കബ് ഹുവെഥെ മുഝ്സെ.
10 ഖുദാനെ ബാന്ദാ ഹെ ജൊ തഅല്ലുഖ്-
രഹേഗാ ഖായിം മദാം കഹ്നാ.
11 തുംഹാരി ഖാത്തിർ ഹെം മേരെ നഗ്മെ-
മെരി ദുആയേം തുംഹാരിദൗലത്ത്-
12 തുംഹാരെ ദർദൊ അലംസെ തർഹെം-
മെരെ സുജൂദൊ ഖയാം കഹ്നാ.
13 തുംഹേം മിഠാനെ കാ സഅം ലേക്കർ-
ഉഠെ ഹെം ജൊഖാക്ക് കെ ബഗോലെ
14 ഖുദാ ഉഡാദേഗാ ഖാക്ക് ഉൻകി-
കരേഗാ റുസ്വായെ ആം കഹ്നാ.
15 ഖുദാകെ ശേറോ തുംഹേം നഹീം സേബ്-
ഖൗഫ് ജംഗൽ കെ ബാസിയോം കാ.
16 ഗറജ്ത്തെ ആഗെ ബഢോ കെ സേറെ നഗീം-
കറോ ഹർ മഖാം കഹ്നാ.
17 ബസാഥെ ദുനിയാ ഉലറ്രഹീഹെ-
ഹസീൻ ഔർ പായിദാർ നഖ്ശെ.
18 ജഹാനെ നൗകെ ഉഭർ രഹേ ഹെം-
ബദൽ രഹാഹെ നിസാമ് കഹ്നാ.
19 കലീദെ ഫത്ത്ഹൊ സഫർ ഥമായി-
തുംഹേ ഖുദാനെ അപ് ആസ്മാംപർ.
20 നിശാനെ ഫത്ത്ഹൊ സഫർ ഹെ ലിഖായാ-
തുംഹാരെ ഹി നാം കഹ്നാ
21 ബഢേ ചലോ ശാഹ്രാഹെ ദീനെ-
മത്തീൻപെ ദുറാന സായിബാംഹെ.
22 തുംഹാരെ സർപർ ഖുദാക്കി റഹ്മത്ത്-
ഖദം ഖദം ഗാം ഗാം കഹ്നാ.

---

1. പടിഞ്ഞാറ് ദേശത്ത് നിന്ന് പോകുന്നവരേ, കിഴക്ക് ദേശത്ത് വസിക്കുന്നവരോട്,
2. ഈ നിസ്വനായ അവരുടെ രാജ്യത്തെ യാത്രികന്റെ സ്നേഹം നിറഞ്ഞ സലാം പറയുക.
3. അവരെന്നോട് എന്റെ പകലന്തിയുടെ വർത്തമാനങ്ങൾ നിരന്തരം ആരായുന്നു.
4. ഞാനവരുടെ ശ്രേയസ്സിന്റെ നിർമ്മിതിയിലാണെന്ന് പറയുക.

*ശേഷം പേജ് 39ൽ*

**കുറിപ്പുകൾ**

**മുസാഫിർ**

# അറബികൾ ദജ്ജാലിന്റെ പിടിയിൽ

അവസാന കാലത്ത് ശക്തി പ്രഭാവത്തോടെ പ്രത്യക്ഷപ്പെടുമെന്ന് പ്രവചനങ്ങളിൽ വിവരിക്കപ്പെട്ട ദജ്ജാൽ എന്ന വിനാശശക്തിയുടെ അധിനിവേശമാണ് നാം മുസ്‌ലിം നാടുകളിൽ കാണുന്നത്. ക്രിസ്തുമതത്തിന്റെ വികലമായ രൂപം സ്വീകരിച്ച ഭൗതികോന്മുഖമായ പാശ്ചാത്യൻ നാഗരികതയാണ് 'ദജ്ജാൽ.' യഅ്ജൂജ് മഅ്ജൂജ് എന്നത് ദജ്ജാലിന്റെ ജനവർഗ്ഗപരമായ രണ്ട് ശാക്തികചേരികളാണ്. ഭാഷാപരവും നരവംശ ശാസ്ത്രപരവുമായ വ്യതിരേകങ്ങളിലൂടെ ഇവർ ആരാണെന്ന് ആധുനിക കാലത്ത് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹസ്റത്ത് അഹ്മദ്(അ) ലോകത്തിന് കാണിച്ചുതന്നിട്ടുണ്ട്. അഗാധമായ അർത്ഥ തലങ്ങളുള്ള വിശുദ്ധ ഖുർആൻ, ഹദീസ്, ബൈബിൾ, പൗരാണിക ചരിത്രങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ യഅ്ജൂജ് മഅ്ജൂജിലെ ആദ്യത്തെക്കൂട്ടർ ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന ജനതയും മറ്റെ കൂട്ടർ റഷ്യൻ (സ്ലാവ്) ജനതയുമാണെന്നാണ് ഹസ്റത്ത് അഹ്മദ് നൂറു വർഷങ്ങൾക്ക് മുമ്പ് വെളിപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തികവും സാമ്രാജ്യത്വപരവുമായ താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ ഈ രണ്ടു ശക്തികളും പരസ്പരം ശത്രുതയോടെ ധ്രുവീകരിക്കപ്പെട്ട് ശാക്തിക ചേരികളായി തീരുമെന്നും അവ മുസ്‌ലിം നാടുകളിലേക്ക് ഇരമ്പിക്കയറുമെന്നും തിരുനബി (സ) പ്രവചിച്ചിരിക്കുന്നു.

ഒരിക്കൽ റസൂൽ തിരുമേനി(സ) ഒരു ആത്മീയ ദർശനത്തിന് ശേഷം സംഭീതനായിക്കൊണ്ട് സദസ്സിലേക്ക് വന്നു. ഇങ്ങിനെ അരുൾച്ചെയ്തു: "അല്ലാഹുവല്ലാതെ വേറൊരു ആരാധ്യനുമില്ല. ആസന്നമായിരിക്കുന്ന വിപത്തുകൾ കാരണം അറബികൾക്ക് മഹാനാശം. ഇന്നേ ദിവസം യഅ്ജൂജ് മഅ്ജൂജിന്റെ മതിൽക്കെട്ടിൽ ഇത്രയളവിൽ വിടവുണ്ടാക്കപ്പെട്ടിരിക്കുന്നു. "നബി തിരുമേനി തന്റെ പെരുവിരലും തൊട്ടടുത്ത വിരലും, കൊണ്ടു ഒരു വൃത്തം രൂപപ്പെടുത്തിക്കാണിച്ചു. സൈനബ്(റ) പറയുന്നു:- അപ്പോൾ ഞാൻ ചോദിച്ചു, അല്ലാഹുവിന്റെ ദൂതരെ, ഞങ്ങളിൽ സജ്ജനങ്ങളുണ്ടായിരിക്കെ ഞങ്ങൾ നശിക്കപ്പെടുമോ? എന്ന് - നബിതിരുമേനി (സ) പ്രതിവചിച്ചു: 'അതെ, തിന്മകൾ അധികരിച്ചാൽ (നശിപ്പിക്കപ്പെടും).

"റസൂൽ തിരുമേനിയുടെ തിരുഹൃദയം ദർശിച്ച ആ ഭീതി ആയിരത്തിനാന്നൂറ് വർഷങ്ങൾക്ക് ശേഷം അറബ് ലോകത്ത് അരങ്ങേറിയപ്പോൾ മുസ്‌ലിം ലോകം കിടിലം കൊണ്ടുപോയി. "Shock and awe campaign' കിടിലം കൊള്ളിക്കുന്നതും ചകിതമാക്കുന്നതുമായ സൈനികനീക്കമെന്നായിരുന്നല്ലോ ഇറാഖ് യുദ്ധം വിശേഷിപ്പിക്കപ്പെട്ടത്.

യഅ്ജൂജ് മഅ്ജൂജ് എന്ന അക്രമകാരികളായ ഒരു ജനതയെ ദുൽഖർനൈൻ രാജാവ് ഒരു ഭിത്തികെട്ടി തടഞ്ഞുനിർത്തിയ ചരിത്രം വിശുദ്ധഖുർആൻ വിവരിക്കുന്നു. കാക്കസസ് പർവ്വതത്തിന്നപ്പുറത്ത് ജീവിക്കുന്ന സിതിയൻ എന്ന പൗരാണിക ജനവർഗ്ഗത്തെ ദർബന്ധ് എന്ന സ്ഥലത്ത് ഭിത്തികെട്ടി തടഞ്ഞ മഹാനായ പേർഷ്യൻ ചക്രവർത്തി സൈറസിന്റെ ചരിത്രമാണ് ഖുർആൻ ഇവിടെ വിവരക്കുന്നത്. ആക്രമണവാസനയും കോളോണിയൽ മനോഭാവവുമുള്ള ഈ ജനത ഭിത്തിപൊട്ടിച്ച് അവസാനകാലത്ത് കിഴക്കൻ രാജ്യങ്ങളെ ആക്രമിക്കുമെന്ന് ഖുർആൻ പറയുന്നു. ആധുനികകാലത്ത് യൂറോപ്യൻ നവോത്ഥാനത്തോടെ ദജ്ജാലിന്റെ ആക്രമണം ആരംഭിച്ചു. ആ ആക്രമണത്തിന്റെ മൂർദ്ധന്യദശയിൽ ഒരു അടയാളം എന്ന നിലക്ക് യഹൂദ രാഷ്ട്രത്തിന്റെ രൂപീകരണമുണ്ടായിരിക്കുമെന്നും ഖുർആൻ പറയുന്നു.

"നാം നശിപ്പിച്ചു കഴിഞ്ഞ ഒരു നാടിനെ (ഇസ്റാഈൽ) സംബന്ധിച്ചുള്ള നമ്മുടെ ഖണ്ഡിതമായ തിരുമാനമാണത്, അവർ തീർച്ചയായും തിരിച്ചുവരികയില്ല എന്നുള്ളത്. ഏതുവരെയെന്നാൽ യഅ്ജൂജ് മഅ്ജൂജ് തുറന്നുവിടപ്പെടുകയും അവർ എല്ലാ ഉയരങ്ങളിൽ നിന്നും സമുദ്ര തിരമാലകളിൽ നിന്നും ശീഘ്രസഞ്ചാരം ചെയ്തുവരികയും ചെയ്യുന്നതുവരെ (21:97) ബ്രിട്ടൻ, അമേരിക്ക, റഷ്യ എന്നീ സമ്രാജ്യത്വ ശക്തകളുടെ സഹായത്തോടെ ചിന്നിച്ചിതറി കഴിഞ്ഞിരുന്ന യഹൂദർ 1948ൽ ജറൂസലേമിലേക്ക് തിരിച്ച് വന്നത് ഖുർആന്റെ പ്രവചനത്തെ സാധൂകരിക്കുന്നു. ഇസ്റാഈൽ സ്റ്റേറ്റിന്റെ രൂപീകരണത്തിന് ശേഷമാണ് യഅ്ജൂജിന്റെ ആക്രമണം അറബികൾക്ക് നേരെ ഏറ്റവും രൂക്ഷമായി വന്നത്.

'ഒരു ഹദീസ് ഇപ്രകാരമാണ്: സിറിയയുടേയും ഇറാഖിന്റേയും ഇടയിലൊരിടത്ത് നിന്നാവും ദജ്ജാലിന്റെ പുറ

പ്പാട്. അവർ ഇടം വലം സഞ്ചരിക്കും, ദൈവദാസന്മാരേ സൈഥര്യമവലംബി ക്കുക' (സഹീഹ് മുസ്ലിം) - അക്രമ കാരിയായ ദജ്ജാലിന്റെ ഇടത്താവളം പ്രസ്തുത ഹദീസിൽപറഞ്ഞ സ്ഥലത്ത് അഥവാ ഇറാഖിന്റേയും സിറിയയു ടെയും മദ്ധ്യേ ഇന്ന് എത്തിയിരിക്കു കയാണ്. ഇടത്തോട്ടും വലത്തോട്ടു മുള്ള അതിന്റെ സഞ്ചാരമാണ് ഇനി കാണേണ്ടത്. മറ്റൊരു ഹദീസ് ഇപ്രകാ രമാണ് "റോമാക്കാർ മുസ്ലിം ലോക ത്തിന്റെ അകത്തളങ്ങളിൽ പ്രവേശിക്കു ന്നത് വരെ അന്ത്യനാൾ (മഹായുദ്ധം) ഉണ്ടാവുകയില്ല. (മുസ്ലിം). ഇറാഖിൽ സൈനികപരമായി പ്രവേശിച്ച ദജ്ജാൽ ഇതിനകം അറബ് ലോകം മുഴുവൻ കീഴടക്കിക്കഴിഞ്ഞു. ഇനി നേരിട്ടുള്ള സൈനികാധിനിവേശം തന്നെയുണ്ടാ കാനും സാധ്യതയുണ്ട്.

ഏതായാലും യഅ്ജൂജ് മഅ്ജൂജ് എന്നീ രണ്ട് ശാക്തിക ചേരികളായി പിരിയുന്ന ദജ്ജാൽ ഒരു ലോക മഹാ യുദ്ധത്തോടെ നശിച്ചുപോകുമെന്നും അതിനുശേഷം വാഗ്ദത്ത മസീനിനാൽ പുനരുജ്ജീവിപ്പിക്കപ്പെട്ട ഇസ്ലാം മത ത്തിന്റെ പ്രതാപ കാലമായിരിക്കു മെന്നും തിരുനബി(സ)യുടെ പ്രവചന ത്തിൽ നിന്നും മനസ്സിലാവുന്നു. ഹസ്രത്ത് അഹ്മദി(അ)ന്റെ ഒരു പ്രവ ചനം ഇപ്രകാരമാണ്. 'ഈ രണ്ടു ജാതി ക്കാരും (യഅ്ജൂജ്, മഅ്ജൂജ്) മറ്റുള്ള വരെ കീഴ്പ്പെടുത്തിക്കഴിഞ്ഞശേഷം പരസ്പരം ആക്രമണം നടത്തുന്ന താണ്. ഈ രണ്ട് ജാതിക്കാർ ഇംഗ്ലീ ഷുകാരും (അമേരിക്ക, ബ്രിട്ടൻ, ആ സ്ത്രേലിയ മുതലായ രാജ്യങ്ങൾ) റഷ്യ ക്കാരുമാണ്' (ഇസാലയെ ഔഹാം. പേജ് 599) യഅ്ജൂജ് മഅ്ജൂജിന്റെ അന്ത്യം ഒരു ലോക മഹായുദ്ധത്തോ ടെയായിരിക്കുമെന്ന് ഖുർആൻ സൂചന നൽകുന്നു. യഅ്ജൂജ് മഅ്ജൂജ് ഭിത്തി പൊട്ടിച്ചുകൊണ്ട് ആധുനിക കാലത്ത് രംഗപ്രവേശം ചെയ്തശേഷം അവരുടെ ശാക്തിക വടംവലി രൂക്ഷമായി യുദ്ധ മുണ്ടാവുമെന്ന് ഖുർആൻ പറയുന്നു.

"എന്റെ നാഥന്റെ വാഗ്ദാനം സത്യ മാണ് അന്ന് അവരിൽ ചിലരെ മറ്റു ചിലർക്കെതിരിൽ തിരമാലകൾ കണക്കെ അടിച്ചു കയറുന്നവരായി നാം വിടുന്നതാണ് (18-90) ദജ്ജാൽ എന്ന നാശകാരിയെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയ ഹദീസുകളിൽ മിക്കവാറും മസീഹിനെ സംബന്ധിച്ചും മഹ്ദിയെ കുറിച്ചും സുവിശേഷം കൂടിയുണ്ടെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ദജ്ജാലിന്റെ ഏറ്റവും ഭയാനകമായ ശക്തി പ്രകടന കാലത്തിനു മുമ്പായി തന്നെ മഹ്ദിയും മസീഹുമായി അല്ലാഹു ഹസ്റത്ത് അഹ്മദിനെ അയ ക്കുകയുണ്ടായി. ദജ്ജാലിന്റെ മഹാകു ഴപ്പത്തിൽ നിന്നും എത്രയും വേഗം ലോകം രക്ഷനേടട്ടെ. അറബികൾക്ക് ഇസ്ലാമിന്റെ യഥാർത്ഥ രൂപം അഥവാ 'അഹ്മദിയ്യത്ത്' ഗ്രഹിക്കാനുള്ള സൗഭാഗ്യവുമുണ്ടാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ■

*37-ാം പേജിൽ നിന്ന്*

5. എന്റെ ഭാവി ഭാഗധേയത്തിൽ നിറയെ നിങ്ങളുടെ സന്തോ ഷങ്ങളാണ് തുളുമ്പി നിൽക്കുന്നതെന്നും,

6. എന്റെ ദുഃഖങ്ങളുടെ ഭാണ്ഡത്തിൽ നിങ്ങളുടെ ഹൃദയ വേദനകൾ മാത്രമാണെന്നും പറയുക.

7. എന്റെ അസ്തിത്വം നിങ്ങളിൽ നിന്നും വിഭിന്നമല്ല. നിങ്ങ ളാണ് എന്റെ സർവ്വസ്വവും.

8. നിങ്ങളുടെ സ്മരണകളുമായി കെട്ടുപിണഞ്ഞതാണ് എന്റെ ജീവിത ലക്ഷ്യമെന്ന് പറയുക.

9. എന്റെ ആത്മ നിശ്വാസത്തിൽ വസിക്കുന്നവരേ! നിങ്ങ ളെപ്പോഴാണ് എന്നിൽ നിന്ന് വിദൂരപ്പെട്ടത്?

10. ചിരസ്ഥായിയായ ഒരു ബന്ധമാണ് അല്ലാഹു സംയോ ജിപ്പിച്ചിട്ടുള്ളത്. അതെപ്പോഴും നിലനിൽക്കുന്നതാണ് എന്ന് (അവരോട്) പറയുക.

11. നിങ്ങൾക്ക് വേണ്ടിയാണ് എന്റെ ഗീതകം, എന്റെ ദുആ കളാണ് നിങ്ങളുടെ സമ്പത്ത്.

12. എന്റെ സുജൂദും, നമസ്ക്കാരവുമെല്ലാം നിങ്ങളുടെ വേദ നകളാലും പ്രയാസങ്ങളാലും നിറഞ്ഞതാണെന്ന് പറയു ക.

13 ഏതൊരു മൺകട്ടയാണോ നിങ്ങളെ നശിപ്പിക്കാനുള്ള ഉദ്ദേശവുമായി പുറപ്പെട്ടിരിക്കുന്നത്,

14 അല്ലാഹു അതിനെ കാറ്റിൽ പറത്തുകയും, ലോക സമക്ഷം നിന്ദ്യമാക്കുകയും ചെയ്യുന്നതാണെന്ന് പറയുക.

15 അല്ലാഹുവിന്റെ സിംഹങ്ങളേ! വനവാസികളെ പോലെ ഭയം നിങ്ങൾക്ക് ഭൂഷണമല്ല.

16 സർവ്വസ്ഥലങ്ങളും അധീനമാക്കികൊണ്ട് ആവേശഭരി തരായി മുന്നേറിക്കൊണ്ടിരിക്കുകയെന്ന് (അവരോട്) പറ യുക.

17 രമണീയവും, സുസ്ഥിരവുമായ രൂപത്തിലേക്ക് ഈ ലോകം ഗതിമാറി വരുന്നു!

18 ഒരു നവലോകം പൊട്ടിവിടരുന്നെന്നും, സംവിധാനം മാറി വരുന്നെന്നും (അവരോട്) പറയുക.

19 അന്തിമ വിജയത്തിന്റെ താക്കോൽ അല്ലാഹു നിങ്ങളുടെ കൈയ്യിലാണിപ്പോൾ ഏൽപ്പിച്ചിരിക്കുന്നത്

20 ആ വിജയത്തിന്റെ അടയാളം നിങ്ങളുടെ പേരിലാണ് മുദ്രിതമായതെന്നും (അവരോട്) പറയുക.

21 അദൃശ്യകരമായ തണൽ ലഭിച്ചിട്ടുള്ള കെട്ടുറപ്പുള്ള ഈ ദീനിന്റെ വഴിയിൽ നിങ്ങൾ മുന്നോട്ട് ഗമിച്ച് കൊണ്ടിരി ക്കുക.

22 നിങ്ങളിലും നിങ്ങളുടെ ഓരോ കാൽവെപ്പിലും അല്ലാഹു വിന്റെ റഹ്മത്ത് ഉണ്ടായിരിക്കുമെന്ന് (അവരോട്) പറയുക.

മുസാഫിർ

# മഹാമാരി വീണ്ടും

മനുഷ്യൻ പ്രയോഗിക്കുന്ന നൃശംസ്യമായ ആയുധങ്ങളേക്കാൾ അതിഭയാനകമാം വിധം മാരകമായ രോഗാണുക്കൾ നിലവിലുണ്ടെന്ന യാഥാർത്ഥ്യം ഉണർത്തിക്കൊണ്ടാണ് സാർസ് രോഗം ഇറാഖ് യുദ്ധത്തിന് ശേഷം രംഗപ്രവേശം ചെയ്തിരിക്കുന്നത്. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ആദ്യത്തെ പകർച്ചവ്യാധി എന്നനിലക്കാണ് സാർസിന്റെ കേളി. ജനപഥങ്ങളെ ജനശൂന്യമാക്കിക്കളഞ്ഞ കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിലെ കോളറയും പ്ലേഗിനും വസൂരിക്കും ശേഷം വീണ്ടും അതിദ്രുത പകർച്ച വ്യാധികൾ (Super Spread Epidemic) മനുഷ്യനെ ഭയചകിതനാക്കുന്നു.

സാധാരണ ഫ്ളൂവിൽ തുടങ്ങി ന്യൂമോണിയയായി മാറുന്ന മാരകമായ പകർച്ചവ്യാധിയാണ് സാർസ് (Severe Acute Respiratory Syndrome-SARS.) കടുത്ത പനിയും പേശികളുടെ കോച്ചിപ്പിടുത്തവും വയറിളക്കവും ചുമയുമാണ് ഇതിന്റെ ലക്ഷണങ്ങൾ. എയ്ഡ്സിനെ പോലെ സമ്പർക്കം കൊണ്ടുമാത്രം പകരുന്ന വൈറസ് രോഗമല്ല സാർസ്. വായുജന്യ വൈറസ് രോഗമായതിനാൽ സമ്പർക്കം ഇതിന് ആവശ്യമില്ല. രോഗിയുടെ ഉച്ഛ്വാസ വായുവിലെ, അതിസൂക്ഷ്മമായ ദ്രാവകകണങ്ങളിൽ സാർസ് വൈറസുകളുണ്ടാവും. അത് മറ്റുള്ളവരിലേക്ക് എളുപ്പത്തിൽ പടർന്ന് പിടിക്കും. ജനങ്ങൾകൂടുന്ന സ്ഥലങ്ങൾ, തിയേറ്ററുകൾ, വാഹനങ്ങൾ, വിമാനത്തിന്റെ അകം മുതലായ രോഗാണു ബാധയുള്ള സ്ഥലങ്ങളിൽ നിന്നെല്ലാം ഈ രോഗം പകരാം. തീ പടരുന്നതുപോലെയുള്ള സാർസിന്റെ രോഗസംക്രമണത്തിന്റെ അതിവേഗതയാണ് ആളുകളെ സംഭീതരാക്കുന്നത്.

ജലദോഷത്തിനും അതിസാരത്തിനും കാരണമാകുന്ന കൊറോണ വൈറസിന്റെ കുടുംബത്തിൽ പെട്ട ഒരു നവജാതനാണ് സാർസ് വൈറസ്. വൈറസ് ഉണ്ടാക്കുന്ന രോഗങ്ങൾക്ക് എളുപ്പത്തിൽ വാക്സിൻ കണ്ടെത്താൻ കഴിയില്ല എന്നതാണ് ചരിത്രം. കണ്ടെത്തിയാൽ തന്നെ വളരെ തുടക്കത്തിൽ മാത്രമേ അത് രോഗത്തിന് ഫലപ്രദമാകൂ. നമുക്കുണ്ടാകുന്ന ജലദോഷം ഒരു അപകടരഹിതമായ വൈറസ് രോഗമാണ്. ഇതുവരെ മരുന്ന് കണ്ടുപിടിച്ചിട്ടില്ല. ജലദോഷത്തെ പറ്റി സാധാരണ പറയാറ് ചികിത്സിച്ചാൽ ഒരാഴ്ച കൊണ്ടും ചികിത്സിച്ചിട്ടില്ലെങ്കിൽ ഏഴു ദിവസം കൊണ്ടും മാറുന്ന ഒരു രോഗമാണെന്നാണ്. ശരീരം തന്നെ അത് മാറ്റിയെടുക്കുന്നു. പുതിയ വൈറസുകൾ മൂലമുണ്ടാകുന്ന രോഗങ്ങൾ ആധുനിക കാലത്തിന്റെ ഒരു ശാപമാണ്. 1918 –19 കാലത്തുണ്ടായ സ്പാനിഷ് ഫ്ളൂ ലോകത്താകെ 200ലക്ഷം മുതൽ 400 ലക്ഷംവരെയാളുകളെയാണ് സംഹരിച്ചത്. സാർസ് പോലെ ഇതും ഒരു യുദ്ധശേഷമായിരുന്നു പൊട്ടിപുറപ്പെട്ടത്, ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം. 1956 – 57 കാലഘട്ടങ്ങളിലുണ്ടായ ഏഷ്യൻ ഫ്ളൂവിൽ 10ലക്ഷം പേരാണ് മരിച്ചത്. 1981ൽ ദൃശ്യമായ എയിഡ്സ് ഇതുവരെ 250ലക്ഷം പേരെ കൊന്നു. 400ലക്ഷം പേർക്ക് രോഗബാധയുണ്ട്. 1976ലെ എബോള 1997ലെ ഏവിയൻ ഫ്ളൂ 1998ലെ നിപാ വൈറസ് എന്നിങ്ങനെ പോവുന്നു വൈറസ് രോഗങ്ങളുടെ താണ്ഡവ ചരിത്രം.

ലോകം മുഴുവൻ സംഭ്രാന്തി പരത്തി മുന്നേറുന്ന സാർസ് രോഗം ലോക സമ്പദ് വ്യവസ്ഥയെ വമ്പിച്ച തോതിൽ ബാധിക്കുകയും ചൈനീസ് സമ്പദ് വ്യവസ്ഥയെ ഇതിനകം അടിമേൽ മറിക്കുകയും ചെയ്തിട്ടുണ്ട്. ചൈനയിലെ ഗുവാങ് ഡോങ് പ്രവിശ്യയിലാണ് ഇത് ആദ്യം പ്രത്യക്ഷപ്പെട്ടത്. 2003 ഫെബ്രുവരിയിലാണ് രോഗത്തിന് 'സാർസ്' എന്ന് നാമകരണം ചെയ്യപ്പെട്ടത്. ചൈനീസ് ഗവണ്മെന്റ് ഇക്കാര്യത്തിൽ കാണിക്കുന്ന സുതാര്യതയില്ലായ്മയും അമേരിക്ക ഈ അവസരം ഉപയോഗപ്പെടുത്തി ചൈനക്കെതിരെ നടത്തുന്ന മാധ്യമ പ്രചാരണവുമാണ് ആളുകളിൽ ഭീതി പരത്തിയത്.

ചൈനയിൽ സാർസ് രോഗം ബാധിച്ചവർ തുടക്കത്തിൽ ഇതൊരു അതിദ്രുത പകർച്ച വ്യാധിയാണെന്നറിയാതെ പൊതുസ്ഥലങ്ങളിൽ നിർബാധം സഞ്ചരിച്ചതിനാലും, യാതൊരു മുൻകരുതലുകളുമില്ലാതെ രോഗികളെ ശുശ്രൂഷിച്ചതിനാലും ആണ് രോഗം ഇത്രകൂടുതൽ പകരാൻ കാരണം. രോഗബാധിതർ രോഗം പകരാനിടയുള്ള പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കരുതെന്ന് നബി തിരുമേനി(സ) പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് ഉപദേശിച്ച രോഗമര്യാദ എത്ര ഉചിതം. ചൈനയിൽ ഇപ്പോൾ ആയിരിക്കണക്കിന് രോഗികൾ വീട്ടുതടങ്കലിലാണ്. പുറത്തിറങ്ങുന്നവർക്ക് കഠിനമായ ശിക്ഷ നൽകുമെന്നാണ് താക്കീത്. ഇന്ത്യയിലും ഇതിനകം സാർസ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വിദേശികളിലൂടെയാണ് നമ്മുടെ നാട്ടിൽ രോഗം പകരുന്നത്. ഗോവയിലാണ് ആദ്യരോഗി പ്രത്യക്ഷപ്പെട്ടത്.

സാർസ് വൈറസുകളുടെ ഉത്ഭവത്തെക്കുറിച്ച് ശാസ്ത്രജ്ഞന്മാർക്ക് വ്യക്തമായ ധാരണകളൊന്നുമില്ല. പലരും പല അഭ്യൂഹങ്ങളും പറയുന്നു. മൃഗങ്ങളിൽ നിന്നും പ്രത്യേകിച്ച് പന്നികളിൽ നിന്നും മനുഷ്യനിലേക്ക് പരിണമിച്ച് കയറിയതാണ് ഇതെന്നാണ് ഒരു സിദ്ധാന്തം. അമേരിക്ക ചൈനക്കെതിരെ പ്രയോഗിച്ച ഒരു ജൈവായുധ

മാണ് ഇത് എന്ന് കരുതുന്നവരുണ്ട്. കൊടുങ്കാടുകളിലെ ചതുപ്പുകളിലും മറ്റും വസിച്ചിരുന്ന വൈറസുകൾ കാടു വെട്ടി തെളിയിക്കുന്നത് മൂലം ആവാസ വ്യവസ്ഥ വിട്ട് മനുഷ്യനിലേക്ക് കുടിയേറുന്നുവെന്നതാണ് മറ്റൊരു സിദ്ധാന്തം. വേറൊരു പ്രാമാണികമായ അഭിപ്രായം വൈറസുകൾ ബഹിരാകാശത്ത് നിന്ന് ഭൂമിയിലേക്ക് ഉൽക്കകൾ മുഖേന വരുന്നതാണെന്നാണ്. ബാക്ടീരിയകൾ ഉണ്ടാക്കുന്ന പുതിയ രോഗങ്ങൾ ഏറെക്കുറെ ആന്റിബയോട്ടിക്കുകൾ കൊണ്ട് നിയന്ത്രിക്കാൻ ആധുനിക ശാസ്ത്രത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ വൈറസുകൾ ഉണ്ടാക്കുന്ന രോഗങ്ങൾക്ക് വാക്സിൻ കണ്ടെത്തുക എന്നത് ഇന്നും ഒരു ബാലികേറാമലയാണ്. വൈറസുകൾ എന്നത് അത്ഭുതകരമായ ഒരു സൃഷ്ടിയാണ്. ജീവിയാണോ നിർജീവിയാണോ എന്ന് തീർത്ത് പറയാൻ സാധിക്കാത്ത അതിസൂക്ഷ്മകണമാണ് വൈറസ്. ഒരു സജീവ കോശത്തിൽ പ്രവേശിക്കുന്നതോടെയാണ് വൈറസിന് ജീവൻ വെക്കുന്നത്. ജീവന്റെ ഉത്ഭവത്തെപ്പറ്റിയും, രോഗാണുക്കളുടെ ആവിർഭാവത്തെക്കുറിച്ചും പഠിക്കുവാൻ പ്രയോജനകരമായ ഒന്നാണ് വൈറസ് എന്നും ഓർക്കണം. കാരണം ജീവന്റെയും നിർജീവാവസ്ഥയുടെയും മദ്ധ്യേ നിൽക്കുന്ന ഒന്നാണ് വൈറസ്. ഖുർആൻ പറഞ്ഞതുപോലെ "നിർജീവമായതിൽ നിന്ന് ജീവനുള്ളതിനേയും ജീവനുള്ളതിൽ നിന്ന് നിർജീവമായതിനേയും സൃഷ്ടിക്കുന്നവൻ ആരാണ്?...... എന്നിട്ട് നിങ്ങൾ എന്തുകൊണ്ട് സൂക്ഷ്മത പാലിക്കുന്നില്ല?" (10:32) വൈറസ് ഒരു ആരോഗ്യമുള്ള കോശത്തിൽ പ്രവേശിച്ച് തന്റെ മർമ്മാമ്ലം (Nucleic Acid) കോശത്തിൽ കുത്തിവെക്കുന്നു. കോശത്തിന്റെ സ്വാഭാവിക പ്രവർത്തം അതോടെ നശിക്കുകയും വൈറസിന്റെ മർമ്മാമ്ലം ലക്കുംലഗാനുമില്ലാതെ കോശത്തിന്റെ നിയന്ത്രണമേറ്റെടുക്കുകയും വിഭജിച്ച് പെരുകുകയും ചെയ്യുന്നു. അപ്പോഴാണ് ശരീരം രോഗാവസ്ഥയിൽ പ്രവേശിക്കുന്നത്.

അവസാനകാലത്ത് ചില സാംക്രമിക രോഗങ്ങൾ പൊട്ടിപുറപ്പെടുമെന്ന് നബിതിരുമേനി(സ)യുടെ ഹദീസുകളിൽ വന്നിട്ടുണ്ട്. വാഗ്ദത്ത മസീഹ് യൂറോപ്പിലും ഇതര ക്രൈസ്തവ നാടുകളിലും വ്യാപിക്കുന്ന മാരകമായ സാംക്രമിക രോഗങ്ങളെ സംബന്ധിച്ച് നൂറ് വർഷങ്ങൾക്ക് മുമ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പാപത്തിന്റെ ആധിക്യമുണ്ടാകുമ്പോൾ അതിനു പിറകെ രോഗങ്ങളും ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും ഉണ്ടാകുമെന്ന് ദിവ്യ വചനങ്ങൾ സാക്ഷ്യം വഹിക്കുന്നു. ബഹിരാകാശത്തിന് മുമ്പിൽ തുറന്നു വെക്കപ്പെട്ട ഭൂമിയിലേക്ക് ആകാശത്തിന്റെ അനന്തതകളിൽ നിന്ന് രോഗാണുക്കൾ ഉൽക്കകൾ വഴിവരാറുണ്ടെന്ന് ശാസ്ത്രം പറയുന്നു. വസൂരിരോഗം ഭൂമിയിൽ നിന്നും നിർമ്മാർജ്ജനം ചെയ്തു എന്നുറപ്പ് വരുത്തിയിട്ടും വീണ്ടും വസൂരിരോഗം പ്രത്യക്ഷപ്പെട്ടപ്പോൾ ഇത്തരം ആകാശജന്യമായ രോഗാണുക്കളുടെ രംഗ പ്രവേശങ്ങളെ പറ്റിയുള്ള അഭിപ്രായങ്ങൾക്ക് ആക്കം കൂടിയിട്ടുണ്ട്. ധാർമ്മിക സന്തുലനം തെറ്റിച്ചുകൊണ്ട് വഴിവിട്ടുള്ള ജീവിതം തന്നെയാണ് രോഗങ്ങളെ ക്ഷണിച്ചുവരുത്തുന്നത്. എയിഡ്സ് രോഗത്തിന്റെ പാഠമതാണല്ലോ. ബുഷിന്റെ പട്ടാളത്തേക്കാൾ മനുഷ്യനെ പേടിപ്പിച്ചു പരിഭ്രാന്തനാക്കുന്നതാണ് അതിദ്രുത സാംക്രമിക രോഗങ്ങളെ പറ്റിയുള്ള ഭീതി. മനുഷ്യൻ ധാർമ്മികമായി വഴിതെറ്റി പാപകൃത്യങ്ങളിൽ വ്യാപൃതരാവുമ്പോൾ ആകാശത്ത് തദനുസൃതമായി മറ്റൊരു നിയമം പ്രാവർത്തികമാകുന്നു എന്നത് നമ്മുടെ അനുഭവപാഠമാണ്. ആകാശത്തും ഭൂമിയിലും അല്ലാഹുവിന്റെ പട്ടാളം അതിന്നായി ഒരുങ്ങിനിൽപുണ്ട്. ഖുർആനിലെ ഒരു വചനം അനുസ്മരിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. 'ആകാശങ്ങളിലും ഭൂമിയിലുള്ള സൈന്യങ്ങളെല്ലാം അല്ലാഹുവിന്റേതാണ്. അല്ലാഹു സർവ്വജ്ഞനും യുക്തിജ്ഞനുമാകുന്നു..... അവൻ ശിക്ഷിക്കുന്നതിനു വേണ്ടിയുമാണിത് അവരുടെ മേൽ വിപത്തിന്റെ വലയം വീഴുന്നതാണ്." (48:5, 7) ■

## അല്ലാഹുവിന്റെ ബാധ്യത


**എന്നിട്ട് നാം നമ്മുടെ ദൂതന്മാരേയും വിശ്വസിച്ചവരേയും രക്ഷപ്പെടുത്തും. അപ്രകാരമാണ് (സംഭവിക്കുക) നമ്മുടെ മേലുള്ള ബാധ്യതയെന്ന നിലയിൽ നാം വിശ്വാസികളെ രക്ഷപ്പെടുത്തുന്നതാണ്**

(*ഖുർആൻ* – 10:104)

## സലാം എത്തിക്കുക

**നബിതിരുമേനി(സ) അരുൾ ചെയ്തു. 'അറിയുക! എനിക്കും ഈസബ്നു മർയമിനും ഇടയിൽ ഒരു നബിയും ഒരു റസൂലും ഉണ്ടായിരിക്കുകയില്ല. അറിയുക! അദ്ദേഹം (മസീഹ്) ദജ്ജാലിനെ വധിക്കും. കുരിശുടയ്ക്കും. ജിസ്യ (പരാജിതരായ ജനതയിൽനിന്നും വസൂലാക്കുന്ന നികുതി) നിർത്തലാക്കും. മതത്തിനുവേണ്ടി യുദ്ധം ഉണ്ടാകുകയില്ല. ആരെങ്കിലും അദ്ദേഹത്തെ കണ്ടെത്തിയാൽ അദ്ദേഹത്തിന് എന്റെ 'സലാം' എത്തിക്കുക.**

*(ഹദീസ് – തബ്റാനി)*



## ടി. കെ. സുലൈമാൻ സാഹിബ്

കൂടാളി ജമാഅത്തിലെ ആദ്യകാല അഹ്മദി മർഹും വാഴയിൽ പെരിങ്ങാലി വീട്ടിൽ മക്കി സാഹിബിന്റെയും തിയ്യത്തികണ്ടി മറിയം സഹിബയുടേയും മകൻ ടി. കെ. സുലൈമാൻ സാഹിബ് (84 വയസ്സ്) 24.3.2003 തിങ്കളാഴ്ച രാലെ 11.30ന് കൂടാളിയിലെ സ്വവസന്തിയിൽ വെച്ച് നിര്യാതനായി. (ഇന്നാലില്ലാഹി...) പരേതൻ മർഹും ശേഖ് മുഹ്‌യുദ്ദിൻ സാഹിബ് (റഹ്)യുടെ പ്രധാന ശിഷ്യൻ ശേഖ് അബ്ദുല്ല സാഹിബിന്റെ സഹോദര പുത്രനാണ്.

ബ്രിട്ടീഷ് ഭരണകാലത്ത് യുവാവായപ്പോൾ തന്നെ റോയൽ ഇന്ത്യൻ നേവിയിൽ ഓഫീസറായിരുന്നു പരേതൻ. ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനിയും കൂടിയായിരുന്നു. നാട്ടിൽ വന്ന ശേഷം ജമാഅത്തിന്റെ ലോക്കൽ സെക്രട്ടറിയായും ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖാഇദായും സേവനമനുഷ്ഠിച്ചിരുന്നു. പിന്നീട് മുംബൈയിലേക്ക് പോവുകയും അവിടെ ജമാഅത്തിന്റെ പ്രസിഡന്റായും മറ്റു പല ഉദ്യോഗസ്ഥനായും സേവനമനുഷ്ഠിക്കുകയുണ്ടായി. അതിനുശേഷം തിരിച്ച് നാട്ടിൽ വരുകയും നാട്ടിൽ ജമാഅത്തിന്റെ ഇമാമുസ്വലാത്തായും മറ്റ് വകുപ്പു സെക്രട്ടറിയായും ഒരുതവണ പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അസുഖം ബാധിച്ച് കിടപ്പിലാവുന്നതുവരെ കൂടാളി ജമാഅത്തിന്റെ ഇമാമുസ്വലാത്തായിരുന്നു പരേതൻ. നമസ്ക്കാര കാര്യത്തിലും വളരെയധികം കൃത്യനിഷ്ഠയുള്ളയാളായിരുന്നു.

അദ്ദേഹത്തെ സുബഹി നമസ്ക്കാരത്തിന് കണ്ടില്ലെങ്കിൽ വല്ല അസുഖവും ബാധിച്ചുവോയെന്ന് കൂടാളിക്കാർ അന്വേഷിക്കാറുണ്ടായിരുന്നു. പരേതൻ മൂസിയാണ്. തന്റെ ജീവിത കാലത്ത് തന്നെ വസിയ്യത്തിന്റെ എല്ലാ സംഖ്യയും കൊടുത്തിരുന്നു. കൂടാളി പള്ളി നിർമ്മാണം അദ്ദേഹം പ്രസിഡന്റായിരിക്കുന്ന കാലത്താണ് ആരംഭിച്ചത്. പരേതന് മഗ്ഫിറത്തും സ്വർഗത്തിൽ ഉന്നത സ്ഥാനവും ലഭിക്കുമാറാകട്ടെ. ആമീൻ. മക്കൾ: മുഹമ്മദ് ഉസ്മാൻ, മുഹമ്മദ് അലി (ദുബൈ), മുഹമ്മദ് ഹസ്സൻ (കുവൈറ്റ്), മുഹമ്മദ് അസ്‌ലം, വി. റഷീദ.

*വി മുഹമ്മദ് റിയാസ് കൂടാളി*



*ബിയം കോയസാഹിബ്*

## നിയമനം

**കോഴിക്കോട്:** അഞ്ചുമൻ അഹ്മദിയ്യാ തഹ്‌രീക്ക് ജദീദ് കേന്ദ്രകമ്മിറ്റി അംഗമായി ബി. യം. കോയാസാഹിബിന് നിയമനം ലഭിച്ചതായി സുബായി അമീർ എ. പി. കുഞ്ഞാമുസാഹിബ് അറിയിച്ചു. മജ്‌ലിസ് അൻസാറുല്ലാഹ് കേരള, നാസിം അഅ്‌ലയാണ് ബി.യം. കോയാസാഹിബ്.

## തിരുത്ത്

കഴിഞ്ഞ ലക്കത്തിൽ (ഏപ്രിൽ) 'അമീർ സാഹിബുമായുള്ള അഭിമുഖത്തിൽ അദ്ദേഹത്തിന് 'രണ്ട് സഹോദരിമാർ' എന്നെഴുതിയത് ശരിയല്ല. 'മൂന്ന് പേർ' എന്ന് തിരുത്തി വായിക്കണം. അമീർ സാഹിബിന്റെ സഹധർമ്മിണി പുന്നോലിലെ ആദ്യത്തെ അഹ്മദി കെ. പി. ഉസ്മാൻ സാഹിബിന്റെ മകൾ ജമീലാ സാഹിബയാണ്.

## അനുശോചനം അറിയിച്ചു

**കോഴിക്കോട്:** ഖലീഫത്തുൽ മസീഹ് നാലാമൻ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ്(റഹ്)ന്റെ വിയോഗത്തിൽ കേരള സുബായി അമീറും പ്രവർത്തകസമിതിയും അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും ഹുസൂർ തിരുമനസ്സിന്റെ കുടുംബാംഗങ്ങളെയും, അഹ്മദിയ്യാ ജമാഅത്ത് ഭാരത മേലദ്ധ്യക്ഷനും ദിവംഗതനായ ഖലീഫാ തിരുമനസ്സിന്റെ ജ്യേഷ്ഠ സഹോദരവരനുമായ ഹസ്റത്ത് മിർസാ വസിം അഹ്മദ് സാഹിബിനേയും അനുശോചനം അറിയിച്ചു.



*ഏപ്രിൽ 26, 27 ശനി ഞായർ ദിവസങ്ങളിൽ വാണിയമ്പലത്ത് വച്ച് നടന്ന ഖുദ്ദാം, അത്ഫാൽ സംസ്ഥാന സ്പോർട്സ് മീറ്റിന്റെ സമ്മാന വിതരണം കേരള സുബാഹി അമീർ എ പി കുഞ്ഞാമു സാഹിബ് നിർവഹിക്കുന്നു.*